KOTTAYAM PUBLIC LIBRARY

Call No. 340 Acc. No. 4507

Author കുഞ്ഞൻകുട്ടിനായർ. പി. [illegible]

Title [illegible]

1008

PUBLIC LIBRARY

# ഇന്ത്യാഭരണം

No: 4507

ഗ്രന്ഥകർത്താ: —

പി. യം. കൃഷ്ണൻകുട്ടിന്നായർ.

കൊട്ടന്തിരപ്പുള്ളി

പ്രസാധകന്മാർ:

പി. കെ. ബ്രദേർസ്സ്, കോഴിക്കോട്ട്.

NATIONAL BOOK ... KOTTAYAM ... KALABIKAL BAZ...

1951] [വില 1-4-0

First Edition 1951

M340
Kri-1

PUBLISHERS:

**P. K. BROTHERS, CALICUT.**

Registered Publishers Regd No 66.

**1951.**

PRINTED AT
THE PRAKASAKAUMUDI PRINTING WORKS, CALICUT.

No: 4507

# ആമുഖം

ഒന്നര നൂററാണ്ടുകാലത്തെ ബ്രിട്ടീഷുമേൽക്കോയ്മക്കു ശേഷം നമ്മുടെ രാജ്യം 1950 ജനവരി 26—ാംനു-മുതൽ പരിപൂർണ്ണസ്വാതന്ത്ര്യമുള്ള ജനാധിപത്യറിപ്പബ്ലിക്ക് ആയിതീൎന്നിരിക്കയാണല്ലൊ. ഒരു രാജ്യത്തിലെ പൌരന്മാൎക്ക് എല്ലാവൎക്കുംതന്നെ ഭരണകൂടത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കുകൊള്ളാവുന്ന, പങ്കുകൊള്ളുവാൻ ബാദ്ധ്യതയുള്ള ഒരുതരം ഭരണസമ്പ്രദായത്തെയാണു് ജനാധിപത്യഭരണം എന്ന പദംകൊണ്ടു് വിവക്ഷിക്കുന്നതു്. ഭരണം നടക്കുന്നതു് പൊതുജനങ്ങളുടെ സമ്മതത്തോടുകൂടിയാണെന്നും, പൊതുജനങ്ങളിൽ ഓരൊ ആൾക്കും ഭരണകാൎയ്യത്തിൽ ഭാഗഭാക്കാകുവാനുള്ള അധികാരവും അവകാശവും ഉണ്ടെന്നുമാകുന്നു ജനാധിപത്യഭരണ രീതിയുടെ തത്വം. എങ്കിലും ഒരു വമ്പിച്ച രാജ്യത്തിലെ ലക്ഷോപലക്ഷം ജനങ്ങൾക്ക് ഒന്നിച്ചുചേൎന്ന് ഒരു ഭരണകൂടമായിതീരുവാൻ സാദ്ധ്യമല്ലല്ലൊ. അപ്പോൾ ജനങ്ങൾ തങ്ങളുടെ ഇടയിൽ നിന്നു് തങ്ങൾക്ക് ബോദ്ധ്യമുള്ള ഏതാനും പേരെ തിരഞ്ഞെടുത്തു് ഒരു നിശ്ചിതകാലത്തേക്ക് തങ്ങളെ ഭരിക്കുവാനുള്ള അധികാരം അവൎക്ക് നൽകുക എന്ന സമ്പ്രദായമാണു് ജനാധിപത്യരീതിയിൽ അനുഷ്ഠിച്ചുവരുന്നപതിവ്. കോടതിയിൽ നമ്മുടെ കേസ് നടത്തുവാൻ നാം ഒരു വക്കീലിനെ ചുമതലപ്പെടുത്താറുള്ളതുപോലെ നമ്മെ ഭരിക്കുവാൻ ഏതാനും പ്രതിനിധികളെ ചുമതലപ്പെടുത്തുന്നു എന്ന

ത്ഥം. ഇങ്ങിനെ പൊതുജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ ഒരു സംഘമാണ് ഒരു ജനാധിപത്യഭരണകൂടത്തിലെ എല്ലാ അധികാരങ്ങളും കൊണ്ടുനടത്തുക. നാട്ടാരുടെ പ്രതിനിധിയായി ഒരാളെ വരിപ്പാനുള്ള സമ്മതം കൊടുക്കലിന്ന് 'വോട്ടുചെയ്യുക' അഥവാ സമ്മതിദായകം എന്നും, പ്രതിനിധിയെ തിരഞ്ഞെടുത്തയപ്പാനുള്ള, ഒരു പൌരന്റെ അവകാശത്തിന്ന് 'വോട്ടവകാശം' എന്നും പറയും.

അപ്പോൾ ഒരു ജനാധിപത്യഭരണവ്യവസ്ഥയിൽ പൌരന്മാർ ഭരണകൂടത്തിൽ പങ്കുകൊള്ളുന്നതു് താന്താങ്ങളുടെ വോട്ട് മുഖേനയാണെന്ന് വ്യക്തമായല്ലൊ. ഗവമ്മെണ്ടിന്റെ നയവും പരിപാടിയും തീരുമാനിക്കുന്നതു് പൌരന്മാരുടെ വോട്ടാണ്. അതായതു് ഗവമ്മെണ്ടിന്റെ നിറവും, തരവും പ്രതിനിധികളെ തിരഞ്ഞെടുത്തയക്കുന്ന വോട്ടർമാരുടെ അഭിപ്രായത്തിന്നനുസരിച്ചിരിക്കും എന്നത്ഥം. നല്ല പ്രതിനിധികളെ തിരഞ്ഞെടുത്തയപ്പാൻ ശ്രദ്ധിച്ചാൽ നാട്ടിൽ സൽഭരണവും ക്ഷെമയും ഉണ്ടാകും; വല്ലവരേയും അയച്ചാൽ അഴിമതികളും ആപത്തും അനിവ്വാര്യ്യവുമാണ്.

അങ്ങിനെ: രാജ്യത്തിലെ സൽഭരണത്തിന്റെയൊ ദുർഭരണത്തിന്റെയൊ അടിസ്ഥാനമായിനിൽക്കുന്നതു് പൌരന്റെ വൊട്ടാണെങ്കിൽ ആയതു് എത്രയൊ ശക്തിയുള്ള ഒരായുധമാണെന്ന് നമുക്ക് ഊഹിക്കാമല്ലൊ. പൌരന്മാരുടെ വോട്ട് വിവെകപൂവ്വം ഉപയോഗിപ്പാനുള്ള കഴിവിലാണ് ജനാധിപത്യ ഭരണത്തിന്റെ വിജയം സ്ഥിതി ചെയ്യുന്നതു്. നമ്മുടെ നാട്ടിൽ 3710 ലക്ഷം ജനങ്ങളുള്ളതി

ൽ ഏതാണ്ട് 1750 ലക്ഷം പേക്ക് വോട്ടവകാശമുണ്ട്. ഓരൊ വോട്ടറും തൻെറ വോട്ടവകാശം ഏററവും ബോധപൂർവം ഉപയോഗിച്ചാൽ മാത്രമെ ഈ നാട്ടിൽ ക്ഷേമവും ഐശ്വര്യവും പുലരുവാൻ പോകുന്നുള്ളു. താന്താങ്ങളുടെ വോട്ട് ബോധപൂർവം വിനിയോഗിക്കണമെങ്കിൽ ഓരോ വോട്ടർക്കും ഈ നാട്ട് ഭരിക്കപ്പെടുന്നത് എങ്ങിനെയെല്ലാമാണ് എന്നതിനെസ്സംബന്ധിച്ച് ഒരു സാമാന്യജ്ഞാനമെങ്കിലും ഉണ്ടാകേണ്ടത് അത്യാവശ്യമാണല്ലൊ. ഗവമ്മെണ്ട് എന്നാൽ എന്ത്, ഗവമ്മെണ്ടിൻെറ കത്തവ്യങ്ങൾ എന്തെല്ലാം, അത്തരം കത്തവ്യങ്ങൾ ഈ നാട്ടിലെ ഗവമ്മെണ്ട് ഏതെല്ലാം രീതിയിലാണ് നിർവഹിക്കുന്നത് തുടങ്ങിയവയെപ്പററി ഒരു ഏകദേശപരിജ്ഞാനം ഉള്ളവന്നു മാത്രമെ തൻെറ വോട്ട് യുക്തിപൂർവം വിനിയോഗിക്കുവാൻ സാധിക്കയുള്ളു. ഈ നാട്ടിലെ ലക്ഷക്കണക്കിലുള്ള സാധാരണക്കാക്ക് അത്തരത്തിലുള്ള ഒരു പ്രാഥമിക രാഷ്ട്രീയ പരിജ്ഞാനം ഉണ്ടാക്കിക്കൊടുപ്പാനുള്ള ഒരു എളിയ പരിശ്രമമാണ് ഈ പുസ്തകം മുഖെന ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഈ ചെറുപുസ്തകം ഈ നാട്ടിലെ പൊതുജനങ്ങൾക്ക് അല്പമെങ്കിലും പ്രയോജനപ്പെട്ടമെങ്കിൽ ഞാൻ കൃതാത്ഥനായി.

ഗ്രന്ഥകത്താ:

# വിഷയവിവരം


| അദ്ധ്യായം. | | ഭാഗം. |
|---|---|---|
| 1. ഭരണക്രമം (ഗവമ്മെണ്ട്) | .... .... | 1 |
| 2. നമ്മുടെ നാട്ടിന്റെ ഭരണഘടന | .... .... | 5 |
| 3. ഇന്ത്യായൂനിയനും ഘടകങ്ങളും | .... .... | 11 |
| 4. യൂനിയൻ ഗവമ്മെണ്ട് —പ്രസിഡണ്ട് | .... .... | 17 |
| 5. യൂനിയൻ ഗവമ്മെണ്ട് —മന്ത്രിസഭ | .... .... | 22 |
| 6. യൂനിയൻ പാർലിമെണ്ട് | .... .... | 28 |
| 7. പാർലിമെണ്ടിലെ കാര്യനിർവഹണരീതി | .... | 32 |
| 8. സ്റ്റെയിററ ഗവമ്മെണ്ടുകൾ | .... .... | 40 |
| 9. ജില്ലാഭരണം | .... .... .... | 46 |
| 10. ഗവമ്മെണ്ടുദ്യോഗങ്ങൾ (സർവീസുകൾ) | .... | 50 |
| 11. ഇന്ത്യയിലെ നീതിന്യായപരിപാലനം | .... .... | 55 |
| 12. സമാധാനപരിപാലനം (പോലീസും—ജയിലും | .... | 62 |
| 13. തദ്ദേശഭരണം—മുൻസിപ്പാലിററികൾ | .... .... | 66 |
| 14. തദ്ദേശഭരണം—ഡിസ്റ്റ്രിക്ട് ബോർഡ്, പഞ്ചായത്ത് ബോർഡ് | .... | 71 |
| 15. വിദ്യാഭ്യാസം | .... .... .... | 76 |
| 16. പൊതുജനാരോഗ്യം | .... .... .... | 82 |
| 17. പൊതുമരാമത്ത് | .... .... .... | 87 |
| 18. കൃഷിരക്ഷണക്കാര്യം | .... .... .... | 91 |
| 19. വ്യാപാരവ്യവസായവകുപ്പ് | .... .... | 95 |
| 20. തൊഴിൽക്കാര്യം | .... .... .... | 99 |
| 21. ഗതാഗതം | .... .... .... | 102 |
| 22 കമ്മ്യൂണിക്കെഷൻ | .... .... .... | 106 |
| 23. പ്രസിദ്ധീകരണവകുപ്പ് | .... .... | 109 |

24. രാജ്യരക്ഷ .... .... .... 111
25. വിദേശബന്ധം .... .... .... 114
26. യൂനിയൻ ധനകാര്യം .... .... .... 118
27. സ്റ്റേയിററ് ധനകാര്യം.... .... .... 123
28. ഇന്ത്യയിലെ ബെങ്കുകൾ .... .... 128

# ഇന്ത്യാഭരണം

## ഭരണകൂടം (ഗവമ്മെണ്ട്)

## അദ്ധ്യായം 1.

രാഷ്ട്രത്തിൻെറ ഒട്ടാകെയുള്ള അധികാരശക്തിയുടെ നിവ്വഹണയന്ത്രത്തിന്നാണ് ഗവമ്മെണ്ട് എന്ന പറയുന്നത്. ഗവമ്മെണ്ടിൻെറ കത്തവ്യങ്ങളെ പൊതുവിൽ അടിസ്ഥാനകത്തവ്യങ്ങഠം എന്നും സാമാന്യകത്തവ്യങ്ങഠം എന്നും രണ്ടായി തരം തിരിക്കാം.

വിദേശാക്രമണങ്ങളിൽനിന്ന് രാജ്യത്തെ രക്ഷിക്കകയും രാജ്യത്തിൻെറ ഉള്ളിൽ നിയമസമാധാനങ്ങഠം പരിപാലിക്കകയുംആകുന്ന ഏതു് ഗവമ്മെണ്ടിൻെറയും അടിസ്ഥാനകത്തവ്യങ്ങഠം. ഒരു ഗവമ്മെണ്ടിൻെറ നിലനില്പ തന്നെ ഈ രണ്ട് കത്തവ്യങ്ങളുടെ കാൎയ്യക്ഷമമായ നിവ്വഹണത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്. അതുകൊണ്ടത്രെ ഈ കത്തവ്യങ്ങഠംക്ക് അടിസ്ഥാനകത്തവ്യങ്ങഠം എന്ന പറയുന്നതു്.

സാമാന്യകത്തവ്യങ്ങളെ അഞ്ചുവകുപ്പായിതിരിക്കാം:-

(1) പൌരന്മാക്ക് വിദ്യാഭ്യാസസൌകൎയ്യം ചെയ്തു കൊടുക്കൽ.

(2) പൊതുജനാരോഗ്യം, ശുചീകരണം, വൈദ്യസഹായം.

(3) തപാൽ, കമ്പി, റെയിൽവെ, ജലസേചനം, വിദ്യുച്ഛക്തിവിതരണം, നിരത്തുകൾ, പാലങ്ങൾ തുടങ്ങിയവ ഏൎപ്പെടുത്തൽ.

(4) വ്യാപാരവ്യവസായങ്ങളുടെ മേൽനോട്ടം.

(5) വൃദ്ധന്മാർ, ഏഴകൾ, അംഗഹീനന്മാർ, അനാഥർ എന്നിവരുടെ സംരക്ഷണം.

സാമാന്യകൎത്തവ്യങ്ങളെ ഗവൎമ്മെണ്ടു് നേരിട്ടു് ഏറെറടുത്തു് നിൎവ്വഹിക്കേണമെന്നില്ല. പൌരന്മാരുടെ മേൽനോട്ടത്തിന്നു് വിട്ടുകൊടുക്കാം. ഗവൎമ്മെണ്ടു് നേരിട്ടു് ഏറെറടുക്കുവാൻ നിൎബ്ബന്ധമില്ലാത്തതുകൊണ്ടാണു് ഇവയ്ക്കു് ഗവൎമ്മെണ്ടിന്റെ സാമാന്യകൎത്തവ്യങ്ങൾ എന്നു പറയപ്പെടുന്നതു്. എന്നാൽ ഇക്കാലത്തെ ഏതു് പരിഷ്കൃതഗവൎമ്മെണ്ടും മേൽപ്പറഞ്ഞ സാമാന്യകൎത്തവ്യങ്ങളുടെ നിൎവ്വഹണം ഏറെറടുത്തു നടത്തുക പതിവായിട്ടുണ്ടു്.

മേൽപ്പറഞ്ഞ കൎത്തവ്യങ്ങളുടെ കാൎയ്യക്ഷമമായ നടത്തിപ്പിന്നാണു് ഭരണം എന്നു പറയുന്നതു്. ഗവൎമ്മെണ്ടിന്നു് ഭരണം നടത്തുവാൻ നിയമനിൎമ്മാണം, പൊതുഭരണം, നീതിന്യായപരിപാലനം എന്നിങ്ങിനെ മൂന്നു് അവയവങ്ങൾ ഉണ്ടു്. ക്ഷേമകരമായ നിയമങ്ങൾ പുതുതായി ഉണ്ടാക്കുക, പഴയ നിയമങ്ങളിൽ കാലത്തിന്റെ ഗതിയനുസരിച്ചു് മാററങ്ങൾ വരുത്തുക, കാലത്തിന്നു് യോജിക്കാത്ത നിയമങ്ങളെ റദ്ദു്ചെയ്യുക എന്നിവയ്ക്കാണു് നിയമനിൎമ്മാണം എന്നു പറയുന്നതു്. നിലവിലുള്ള നിയമങ്ങളെ ജനങ്ങളെക്കൊണ്ടു് അനുസരിപ്പിക്കുക, നിയമലംഘകന്മാരെ കണ്ടുപിടിച്ചു് ശിക്ഷിപ്പിക്കുക, പൊതുക്ഷേമകരമായ കാൎയ്യങ്ങൾ നടപ്പിൽ

വരുത്തുക, വിദേശാക്രമങ്ങളിൽനിന്നു രാജ്യത്തെ രക്ഷിക്കുക മുതലായവയെല്ലാംകൂടി പൊതുഭരണം എന്നുപറയും. നിയമങ്ങൾ ഓരോ പ്രത്യേകസംഗതിയിലും പൌരനെ എങ്ങിനെ ബാധിക്കുന്നു എന്നു ആലോചനചെയ്തു തീൎപ്പുകല്പിക്കുന്നതിന്നു നീതിന്യായപരിപാലനം എന്നും പറയുന്നു.

പൂൎവ്വകാലങ്ങളിൽ ലോകത്തിലെല്ലായിടത്തും ഇപ്പറഞ്ഞ മൂന്നുതരം ബാദ്ധ്യതകളും 'രാജാവ്' എന്ന ഒരേവ്യക്തിയാണ് നിൎവ്വഹിച്ചിരുന്നതു്. നിയമം നിൎമ്മിക്കുകയും, നടപ്പിൽ വരുത്തുകയും, നിയമത്തിന്റെ വ്യാപ്തിയെക്കുറിച്ചു അവസാനവിധി കല്പിക്കുകയും ചെയ്വാനുള്ള അധികാരം ഒരേ വ്യക്തിയ്ക്കാകുമ്പോൾ ജനങ്ങൾക്ക് നീതിലഭിപ്പാൻ പ്രയാസമായിവരുമല്ലൊ. അപ്പോൾ അടുത്തകാലത്തായി പരിഷ്കൃതരാജ്യങ്ങളിലെല്ലാം നിയമനിൎമ്മാണത്തിന്നു ജനപ്രതിനിധികളടങ്ങിയ നിയമസഭകളും, ഭരണം കൊണ്ടുനടത്തുവാൻ നിയമസഭകളിൽനിന്നു തിരഞ്ഞെടുക്കുന്ന മന്ത്രിമാരും, നീതിന്യായപരിപാലനത്തിന്നു സൎവ്വസ്വാതന്ത്ര്യമായ കോടതികളും ഇങ്ങിനെ മൂന്നു വ്യത്യസ്തസ്ഥാപനങ്ങൾ ഉണ്ടായിത്തീൎന്നിട്ടുണ്ടു്.

ജനാധിപത്യഭരണം നിലവിലുള്ള രാജ്യങ്ങളിലെല്ലാം തന്നെ പൌരന്മാർ തിരിഞ്ഞെടുക്കുന്ന ജനപ്രതിനിധികളടങ്ങിയ ഒരു നിയമസഭയ്ക്കാണ് ഭരണം കൊണ്ടുനടത്തുവാനുള്ള പരമാധികാരം ഉള്ളതു്. ഇത്തരം നിയമസഭകൾക്ക പൊതുവിൽ 'പാർലിമെണ്ടു്' എന്നാണ് പേർ. ഭരണസംബന്ധമായ ഏതുകാൎയ്യവും പാർലിമെണ്ടിലെ ഭൂരിപക്ഷാഭ

പ്രായം അനുസരിച്ച് തീരുമാനിക്കപ്പെടുന്നു. പാർലിമെണ്ടുകളുടെ അധികാരത്തെ 'നിയമനിർമ്മാണാധികാരം', 'ഭരണപരം' 'ധനപരം' എന്നിങ്ങിനെ മൂന്ന് വകുപ്പായി ഭാഗിക്കാം.

**നിയമനിർമ്മാണപരം:**—നിയമസഭയിലെ ഭൂരിപക്ഷം പാസ്സാക്കാത്ത യാതൊന്നുംതന്നെ കോടതികളിൽ നിയമമായി അംഗീകരിയ്ക്കപ്പെടുകയില്ല. രാജ്യത്തിൽ നടപ്പാക്കേണ്ടുന്ന നിയമങ്ങൾക്ക് പൌരന്മാരുടെ സമ്മതം വേണമെന്നതാണ് ഇതിൻെറ തത്വം. രാജ്യരക്ഷ, അഭ്യന്തരമായ സമാധാനപരിപാലനം, പൌരാവലിയുടെ ക്ഷേമം എന്നിവയെസ്സംബന്ധിച്ച ഏതുവിധം നിയമങ്ങളും ഉണ്ടാക്കുവാനും, നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുവാനും ഉള്ള പരമാധികാരം പാർലിമെണ്ടിന്നാണ്.

**ഭരണപരം:**—ഭരണം കൊണ്ടുനടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടം വഹിപ്പാനും, ഭരണത്തിൻെറ നയപരിപാടികളെ രൂപീകരിപ്പാനും ആയി പാർലിമെണ്ടിലെ അംഗങ്ങളുടെ ഇടയിൽനിന്ന് ഏതാനുംപേർ മന്ത്രിമാരായി നിയമിക്കപ്പെടുന്നു. മന്ത്രിമാർ തങ്ങളുടെയും തങ്ങളുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെയും ചെയ്തികൾക്ക് പാർലിമെണ്ടിനോട് ഉത്തരവാദപ്പെട്ടിരിക്കും. അങ്ങിനെ മന്ത്രിമാർ മുഖേന പൊതുഭരണത്തിൻെറ നിയന്ത്രണവും പാർലിമെണ്ടിൻെറ അധീനത്തിൽ ഇരിക്കുന്നു.

**ധനപരം:**—പൊതുജനങ്ങളിൽനിന്ന് ഏതെല്ലാം നികുതികൾ പിരിച്ചെടുക്കണം, എങ്ങിനെയെല്ലാം പിരിച്ചെടുക്കണം, പൊതുനന്മയെ ലാക്കാക്കി ആ പണം എങ്ങിനെ

യെല്ലാം ചെലവുചെയ്യണം എന്നെല്ലാം തീർച്ചപ്പെടുത്തുവാനുള്ള ധനപരമായ അധികാരവും പാർലിമെണ്ടിന്നാണ്. പാർലിമെണ്ടിൻെറ ഏററവും കാതലായ അധികാരമാണിതു്. പൊതുജനങ്ങളുടെ പണം ചിലവുചെയ്യാനുള്ള അധികാരം പൊതുജനപ്രതിനിധികൾക്ക് മാത്രമാണ് എന്നതാണ് ഇതിൻെറ തത്വം.

---

# അദ്ധ്യായം 2.

## നമ്മുടെ നാട്ടിൻെറ ഭരണഘടന.

ഒരു രാഷ്ട്രത്തിൻെറ ഭരണം ഏതെല്ലാം തത്വങ്ങൾക്ക് അനുസാരമായാണ് നടത്തപ്പെടേണ്ടത് എന്നും, ഭരണാധികാരം ആരിലെല്ലാം നിക്ഷിപ്തമായിരിക്കുന്നു എന്നും, ആ അധികാരത്തെ വിനിയോഗിക്കേണ്ടത് എങ്ങിനെയെല്ലാമാണെന്നും വിവരിക്കുന്ന വ്യവസ്ഥകളുടെ സംഗ്രഹത്തിന്നാണ് ഭരണഘടന എന്നു പറയുന്നതു്. നാട്ടിൽ നടപ്പാക്കേണ്ടുന്ന എല്ലാ നിയമങ്ങളുടെയും അടിസ്ഥാനം ഭരണഘടനയായിരിക്കും. ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ യാതൊരു നിയമവും നിലനില്ക്കുകയില്ല.

ഇന്ത്യയുടെ ഭരണഘടന 365 വകുപ്പുകളും 8 പട്ടികകളും അടങ്ങിയ ഒരു വമ്പിച്ച രേഖയാണ്. ഗവമ്മെണ്ടിൻെറ സ്വഭാവം, പൌരത്വം, പൌരന്മാരുടെ മൌലികാവകാശങ്ങൾ, സംസ്ഥാനഗവമ്മെണ്ടുകൾക്കുള്ള മാർഗ്ഗനിർദ്ദേശകതത്വങ്ങൾ, ഉദ്യോഗങ്ങൾ, നീതിന്യായപരിപാലനം, രാഷ്ട്രഭാഷ തുടങ്ങിയ അടിസ്ഥാനകാര്യങ്ങളെസ്സംബ

ന്ധിച്ച ശാശ്വതവും വിശദവുമായ വ്യവസ്ഥകൾ അതിൽ അടങ്ങിയിരിക്കുന്നു. ഇന്ത്യയെ അധീശാവകാശമുള്ള ഒരു ജനാധിപത്യറിപ്പബ്ലിക്കാക്കുക, സർവ്വജനങ്ങൾക്കും സാമൂഹവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതി ലഭിക്കുമാറാക്കുക, പൌരന്മാൎക്ക് അഭിപ്രായം, വിശ്വാസം, മതം, ആരാധന എന്നിവയിൽ പരിപൂൎണ്ണസ്വാതന്ത്ര്യം നൽകുക, പദവിയിലും സന്ദൎഭങ്ങളിലും തുല്യത സ്ഥാപിക്കുക, സൎവ്വരിലും സൌഹാൎദ്ദവും സന്മനസ്സും വളൎത്തുക, വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും ഭദ്രമാക്കുക എന്നിവയത്രെ നമ്മുടെ ഭരണഘടനയുടെ മഹത്തായ ലക്ഷ്യങ്ങൾ.

ഭരണഘടനപ്രകാരം ഇന്ത്യാഗവൺമെണ്ടിന്റെ സ്വഭാവം പരമാധികാരമുള്ള ഒരു ജനാധിപത്യറിപ്പബ്ലിക്കായിരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ആ പരമാധികാരത്തിന്റെ ഉറവിടം ഇന്ത്യയിലെ ജനകോടികളാണെന്നും ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് ഇന്ത്യയിലെ ഭരണം ജനങ്ങൾക്കുവേണ്ടി, ജനങ്ങളാൽ ഭരിക്കപ്പെടുന്ന, ജനങ്ങളുടെ ഗവൺമെണ്ടായിരിക്കും കൊണ്ടുനടത്തുക എന്നൎത്ഥം. രാഷ്ട്രത്തിന്റെ ഭരണത്തലവൻ പാരമ്പൎയ്യവഴിക്ക് സ്ഥാനാരോഹണം ചെയ്യുന്ന ഒരു രാജാവൊ, ചക്രവൎത്തിയൊ ആയിരിക്കുകയില്ല; പ്രത്യുത ജനങ്ങൾ അഞ്ചു കൊല്ലക്കാലത്തേക്ക് തിരഞ്ഞെടുത്ത് അവരോധിക്കുന്ന ഒരു സാധാരണ പൌരനായിരിക്കും. ഇദ്ദേഹത്തിന്റെ സ്ഥാനപ്പേർ പ്രസിഡണ്ട് എന്നുമായിരിക്കും പ്രസിഡെണ്ട് ഭരണത്തിന്റെ പരമാധികാരം വഹിക്കുന്നുണ്ടെങ്കിൽക്കൂടി അദ്ദേഹത്തിന്ന് സ്വേച്ഛാനുസൃതം എന്തും ചെയ്തുകൂടാ. മന്ത്രിമാരുടെ ഉപദേശം അനുസരിച്ചുമാത്രമെ അദ്ദേഹത്തിന്നു തന്റെ

അധികാരങ്ങൾ പ്രയോഗിച്ചുകൂടു. മന്ത്രിമാർ പർലിമെണ്ടിലെ അംഗങ്ങളും, പാർലിമെണ്ടിനോട് ഉത്തരവാദിത്വപ്പെട്ടവരും ആയിരിക്കും. പാർലിമെണ്ടിലെ അംഗങ്ങൾ പൊതുജനങ്ങൾ തിരഞ്ഞെടുത്തവരായിരിക്കുമല്ലോ. അപ്പോൾ പ്രസിഡെണ്ടിന്റെ ഏതു് നടപടിക്കും പരമമായ അംഗീകാരം പൊതുജനങ്ങളിൽനിന്നായിരിക്കുമെന്നു് വന്നുകൂടുന്നു. ഇതാണ് ജനാധിപത്യറിപ്പബ്ലിക്ക് എന്നതിന്റെ സാരം.

മൌലികാവകാശങ്ങൾ:—വ്യക്തികളുടെ സ്വാതന്ത്ര്യവും, സംതൃപ്തിയും, സന്തുഷ്ടിയും ആണല്ലോ സമുദായത്തിന്റെ ഒട്ടാകെയുള്ള ക്ഷേമത്തിന്റെ അടിസ്ഥാനം. വ്യക്തികളുടെ സ്വാതന്ത്ര്യമായ വികസനത്തിനും വളർച്ചക്കും ഗവമ്മെണ്ടിന്റെ കൈകടത്തലിന്നു് അതീതമായ ചില അവകാശങ്ങൾ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമത്രെ. അത്തരം അവകാശങ്ങൾക്ക് മൌലികാവകാശങ്ങൾ എന്നു പറയപ്പെടുന്നു. മൌലികാവകാശങ്ങളെ ലംഘിക്കുന്ന യാതൊന്നും തന്നെ ഗവമ്മെണ്ടിന്നു് ചെയ്തുകൂട. നമ്മുടെ ഭരണഘടന നമുക്ക് താഴെപറയുന്ന മൌലികാവകാശങ്ങൾ പ്രദാനം ചെയ്തിരിക്കുന്നു.

(1) പൌരന്മാർ തമ്മിൽ വ്യക്തിപരമായും സാമൂഹ്യമായും സമത്വം.

(2) അയിത്തം ആചരിക്കുന്നതു് ശിക്ഷാർഹം.

(3) സന്ദർഭങ്ങളിൽ സമത്വം.

(4) വ്യക്തിസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം സംഘം ചേരുവാനുള്ളസ്വാതന്ത്ര്യം, ഇഷ്ടമുള്ള ജോലിയെടുത്തു് ഉപജീവിപ്പാനുള്ള സ്വാതന്ത്ര്യം.

(5) നിയമം അനുസരിച്ചുള്ള ഭരണം.

(6) ജീവനും സ്വത്തിനും രക്ഷ.

(7) മതസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം, മതപ്രചരണസ്വാതന്ത്ര്യം.

(8) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സ്വാതന്ത്ര്യം.

(9) സ്വത്തുസമ്പാദിപ്പാനുള്ള സ്വാതന്ത്ര്യം.

(10) നിയമവിധേയമായി അവശതകൾ പരിഹരിച്ചുകിട്ടുവാനുള്ള അവകാശം.

മാർഗ്ഗനിർദ്ദേശക തത്വങ്ങൾ:—പൊതുക്ഷേമത്തെ മുൻനിർത്തി താഴെപറയുന്ന കർത്തവ്യങ്ങളും നിർവ്വഹിക്കുവാൻ ഗവർമ്മെണ്ടിന്നു് ബാദ്ധ്യതയുണ്ടെന്നു് ഭരണഘടന നിർദ്ദേശിക്കുന്നു.

(1) ഓരൊ പൌരനും ജീവിക്കുവാനാവശ്യമുള്ളത്ര വരുമാനം ഉണ്ടാക്കിക്കൊടുക്കുക.

(2) സമ്പത്തിൻെറ നീതിപൂർവ്വമായ വിതരണം.

(3) തുല്യതയുള്ള ജോലികൾക്ക് തുല്യമായ തോതിൽ പ്രതിഫലം കൊടുപ്പിക്കുക.

(4) തൊഴിലാളികൾക്ക് രക്ഷനല്കുക.

(5) എല്ലാവർക്കും പ്രവൃത്തി.

(6) കുട്ടികൾക്ക് പതിനാല് വയസ്സുവരെ നിർബ്ബന്ധവും സൌജന്യവുമായ വിദ്യാഭ്യാസം.

(7) തൊഴിലില്ലായ്മ, വാർദ്ധക്യം, രോഗം, അവശത മുതലായവ സംഭവിക്കുന്നവർക്ക് ഗവർമ്മെണ്ടു് സഹായം.

(8) അടിസ്ഥാനക്കൂലി നിജപ്പെടുത്തുക.

(9) മാന്യമായ ജീവിതത്തോതു്, ഒഴിവു്, സാംസ്കാരികമായ വികസനം എന്നിവ എല്ലാവക്കും ലഭ്യമാകുവാനുള്ള പരിതസ്ഥിതികൾ സൃഷ്ടിക്കുക.

(10) പൊതുജനാരോഗ്യത്തിൻെറ തോതു് ഉയർത്തൽ.

(11) ഗ്രാമപ്പഞ്ചായത്തുകളുടെ രൂപീകരണം.

(12) എല്ലാ പൌരന്മാക്കും ഒരേരീതിയിലുള്ള സിവിൽ നിയമസംഹിത.

(13) മദ്യനിരോധം നടപ്പിൽ വരുത്തുക.

(14) കൃഷിയും, കന്നുകാലിവളത്തലും വ്യാവസായികാടിസ്ഥാനത്തിന്മേൽ സംഘടിപ്പിക്കുക.

(15) ആരോഗ്യമുള്ള കന്നുകാലികളെയും കറവുപശുക്കളെയും വധിക്കുന്നതു് നിരോധിക്കുക.

(16) നീതിന്യായത്തെ പൊതുഭരണത്തിൽനിന്നു് വേർതിരിക്കുക.

<u>വോട്ടവകാശം</u>:—ഗവമ്മെണ്ടു് അങ്ങേഅററം ജനകീയമാക്കിത്തീക്കുവാൻ ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നു. 21 വയസ്സു് പൂത്തിയായ, സ്വസ്ഥചിത്തനായ ഏതുപൌരനും വോട്ടധികാരം നൽകിയിട്ടുണ്ടു്. നിയമസഭകളിലേക്കു് അംഗങ്ങളെ തിരഞ്ഞെടുപ്പാൻ മാത്രമല്ല, തിരഞ്ഞെടുപ്പിന്നു് സ്ഥാനാത്ഥിയായി നില്ക്കുവാനും, മന്ത്രിസ്ഥാനങ്ങളിലൊ, ഗവമ്മെണ്ടുദ്യോഗങ്ങളിലൊ നിയമിക്കപ്പെടുവാനും ഓരൊ പൌരനും അവകാശമുണ്ടു്. ജനനം, ജാതി, മതം, നിറം, ധനം, സ്ത്രീപുരുഷഭേദം ഇവയൊന്നുംതന്നെ ഈ അവകാശത്തെ ബാധിക്കുകയില്ല.

മതേതരരാഷ്ട്രം:—ഇന്ത്യ ഒരു മതേതരരാഷ്ട്രമായിരിക്കുമെന്ന് ഭരണഘടന അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ഹിന്ദുവായാലും, മുസൽമാനായാലും, മററേതുമതക്കാരനായാലും ഇന്ത്യൻപൌരൻ എന്ന നിലക്ക് തുല്യമായ പൌരാവകാശങ്ങൾ എല്ലാവർക്കും അനുഭവിക്കാം. ഗവർമ്മെണ്ട് യാതൊരു മതത്തെയും പ്രത്യേകം പ്രോത്സാഹിപ്പിക്കുകയൊ തടസ്ഥപ്പെടുത്തുകയൊ ചെയ്യുകയില്ല. മതത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വോട്ടവകാശവും തീരെ നിൎത്തൽ ചെയ്തിരിക്കുന്നു. എന്നാൽ പട്ടികജാതിക്കാൎക്കും, ഹരിജനങ്ങൾക്കുംമാത്രം വരുന്ന പത്തുകൊല്ലക്കാലത്തേക്ക് നിയമസഭകളിൽ ഏതാനും സ്ഥാനങ്ങൾ നീക്കിവെക്കുകയും ചില പ്രത്യേകരക്ഷാവ്യവസ്ഥകൾ ഏൎപ്പെടുത്തുകയുംചെയ്തിട്ടുണ്ട്.

രാഷ്ട്രഭാഷ:—ഇന്ത്യയിലെ പൊതുഭാഷ ദേവനാഗരിലിപിയിലുള്ള ഹിന്തിയായിരിക്കുമെന്നും, അക്കങ്ങൾ നാം ഇപ്പോൾ ഉപയോഗിച്ചുവരുന്ന സാധാരണഅക്കങ്ങൾതന്നെയായിരിക്കുമെന്നും ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ ആസാമീസ്, ബങ്കാളി, ഗുജറാത്തി, മറാട്ടി, ഒറിയ, പഞ്ചാബി, ഉർദ്ദു, കാഷ്മീരി, മലയാളം, തമിഴ്, തെലുങ്ക്, കൎണ്ണാടകം എന്നീ പന്ത്രണ്ട് പ്രാദേശികഭാഷകളെയും, സംസ്കൃതത്തെയും പ്രധാനഭാഷകളായി അംഗീകരിക്കയും ചെയ്തിരിക്കുന്നു. ഹിന്തിയുടെ പ്രചാരം സാൎവ്വത്രികമാകുന്നതുവരെ ഭരണപരമായ ആവശ്യങ്ങൾക്ക് ഇംഗ്ലീഷിൻെറ ഉപയോഗം തുടൎന്നുകൊണ്ടുപോകാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

# അദ്ധ്യായം 3.

## ഇന്ത്യായൂനിയനും ഘടകങ്ങളും.

ഭരണഘടനയനുസരിച്ച് ഇന്ത്യയെ വലുതും ചെറുതുമായ 28 സ്റ്റേയിററുകൾ (സംസ്ഥാനങ്ങൾ)ആയി ഭാഗിച്ചിരിക്കുന്നു. ഇന്ത്യായൂനിയൻ അല്ലെങ്കിൽ ഭാരത് എന്ന പദത്തിൻെറ വിവക്ഷ ഈ 28 സംസ്ഥാനങ്ങളുടെ ഒരു യൂനിയൻ (സംഘം) എന്നത്രെ. സ്റ്റേയിററുകളെ 'പാർട്ട് എ' സ്റ്റേയിററുകൾ, 'പാർട്ട് ബി'സ്റ്റേയിററുകൾ, 'പാർട്ട് സി' സ്റ്റേയിററുകൾ, 'പാർട്ട് ഡി' സ്റ്റേയിററ് എന്നിങ്ങിനെ നാലുവകുപ്പായി തിരിച്ചിരിക്കുന്നു.

പാർട്ട് 'എ' സ്റ്റേയിററുകൾ ഒമ്പതെണ്ണം.

(1) മദ്രാസ്. (2) മദ്ധ്യപ്രദേശം (3) ബോംബെ (4) ഉത്തരപ്രദേശം (5) ബീഹാർ (6) ഒറീസ്സ (7) ആസാം (8) പഞ്ചാബ് (9) പശ്ചിമ ബങ്കാൾ

പാർട്ട് 'ബി' സ്റ്റേയിററുകൾ എട്ടെണ്ണം.

(1) രാജസ്ഥാൻ (2) കാഷ്മീർ (3) ഹൈദ്രബാദ് (4) മദ്ധ്യഭാരത് (5) മൈസൂർ (6) സൌരാഷ്ട്രം (7) പെപ്സു് (8) തിരുവിതാങ്കൂർ-കൊച്ചി

പാർട്ട് 'സി' സ്റ്റേയിററുകൾ പത്തെണ്ണം.

(1) വിന്ധ്യാപ്രദേശം (2) ഹിമാചൽപ്രദേശം (3) മണിപ്പൂർ (4) കച്ച് (5) ഭോപാൽ (6) ത്രിപുര (7) അജമീർ (8) കുടക് (9) ഡെൽഹി (10) ബിലാസ്പൂർ.

പാർട്ട് 'ഡി' സ്റ്റേയിററ് ഒരെണ്ണം.

(1) ആന്തമാൻനിക്കോബർ ദ്വീപുകൾ.

ഭരണഘടനയിൽ, 'യൂനിയൻ ഗവമ്മെണ്ട്' എന്നും 'സ്റ്റേയിററ് ഗവൎമ്മെണ്ട്' എന്നും രണ്ടുതരം ഭരണകൂടങ്ങൾക്ക് വ്യവസ്ഥയുണ്ട്. ഇന്ത്യയ്ക്കൊട്ടാകെ പ്രാധാന്യമുള്ള വിഷയങ്ങളുടെ ഭരണവും, സ്റ്റേയിററ് ഗവമ്മെണ്ടുകളുടെ മേൽനോട്ടവുമാകുന്നു യൂനിയൻ ഗവമ്മെണ്ടിൻെറ കത്തവ്യം. ഇന്ത്യയിലെ പൌരന്മാർ തിരഞ്ഞെടുക്കുന്ന പാർലിമെണ്ടും യൂനിയൻ പ്രസിഡെണ്ടും അടങ്ങിയതാകുന്നു യൂനിയൻ ഗവമ്മെണ്ട്. സവ്വേന്ത്യാപ്രാധാന്യമുള്ള താഴെ പറയുന്ന വകുപ്പുകൾ യൂനിയൻ ഗവമ്മെണ്ട് നേരിട്ട് ഭരിക്കുന്നു:—

രാജ്യരക്ഷ, കര-കടൽ-ആകാശസൈന്യങ്ങൾ, ആയുധങ്ങളും വെടിക്കോപ്പും, യുദ്ധവും സന്ധിയും, ആററംശക്തി, വിദേശബന്ധം, വിദേശങ്ങളിലേക്കുള്ള തന്ത്രപ്രതിനിധികളും വ്യാപാരപ്രതിനിധികളും, അന്തർരാഷ്ട്രീയസന്ധികളും കരാറുകളും, ഐക്യരാഷ്ട്രസഭ, സി. ഐ. ഡി, റെയിൽവെകൾ, രാജപാതകൾ, കപ്പൽവാണിഭം, ദീപസ്തംഭം, വൻതുറമുഖങ്ങൾ, വിമാനമാൎഗ്ഗങ്ങൾ, പൌരത്വം, തപാൽ, കമ്പി, കമ്പിയില്ലാക്കമ്പി, റേഡിയൊ, നാണയം, നാണ്യം, വിദേശവിനിമയം, റിസർവ് ബേങ്ക്, വിദേശവാണിജ്യം, ചുങ്കം, സ്റ്റേയിററുകൾ തമ്മിലുള്ള വ്യാപാരം, ബേങ്കിങ്ങ്, ഇൻഷൂറൻസ്, കണ്ടുപിടിത്തങ്ങൾ, അളവുകളും തൂക്കങ്ങളും, എണ്ണഖനികൾ, ലോഹഖനികൾ, ഉപ്പ്, അഫിൻ, സിനിമ, പുരാ

ത്തനസ്മാരകങ്ങൾ, സർവ്വേ, കാലാവസ്ഥനിരീക്ഷണം, കാനേഷുമാരി, അഖിലെന്ത്യാ ഉദ്യോഗസ്ഥന്മാർ, യൂനിയൻ പബ്ലിക്ക് സർവീസ് കമ്മീഷൻ, സ്ഥിതിവിവരക്കണക്ക്. മേൽപറഞ്ഞ വിഷയങ്ങളുടെ പട്ടികക്ക് യൂനിയൻലീസ്റ്റ് എന്നുപേർ. ഈ വിഷയങ്ങളുടെ ഭരണത്തിന് പുറമെ പാർട്ട് 'സി' സ്റ്റെയിററുകളുടെയും അന്തമാൻനിക്കോബർ ദ്വീപുകളുടെയും ഭരണവും യൂനിയൻ ഗവര്‍മ്മെണ്ടിൻെറ നേരിട്ടുകീഴിലാകുന്നു.

പാർട്ട് 'എ', പാർട്ട് 'ബി' എന്നീ വകുപ്പുകളിൽപ്പെട്ട പതിനെഴ് സ്റ്റെയിററുകൾക്കും ഓരോ സ്റ്റെയിററ് ഗവര്‍മ്മെണ്ട് ഉണ്ട്. പാർട്ട് 'എ' സ്റ്റെയിററുകളിൽ ഓരോന്നിൻെറയും ഭരണത്തലവൻ പ്രസിഡെണ്ട് നിശ്ചയിക്കുന്ന ഓരോ ഗവര്‍ണ്ണരും, പാർട്ട് 'ബി' സ്റ്റെയിററുകളിൽ പ്രസിഡെണ്ട് അംഗീകരിക്കുന്ന ഓരോ 'രാജപ്രമുഖനും' ആകുന്നു. ഗവര്‍ണ്ണരും, അഥവാ രാജപ്രമുഖനും, സ്റ്റെയിററിലെ ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഓരോ നിയമസഭയും അടങ്ങിയതാകുന്നു 'സ്റ്റെയിററ് ഗവര്‍മ്മെണ്ട്.' സ്റ്റെയിററിലെ നിയമസഭയ്ക്കു് ലജിസ്ലേററീവ് അസ്സംബ്ലി എന്നാണ് പേർ പ്രാദേശികപ്രാധാന്യം മാത്രമുള്ള ഏതാണ്ട് 66 വിഷയങ്ങളുടെ പരിപൂര്‍ണ്ണമായ ഭരണാധികാരം സ്റ്റെയിററു ഗവര്‍മ്മെണ്ടുകൾക്ക് നൽകപ്പെട്ടിരിക്കുന്നു. ഈ വിഷയങ്ങളിൽ പ്രധാനമായവ.

പൊലീസ്, നിയമസമാധാനപരിപാലനം, ഹൈക്കോടതി ഒഴികെ മററുകോടതികൾ, ജയിലുകൾ, ലോക്കൽ ബോർഡുകളും മുനിസിപ്പാലിററികളും, പൊതുജനാരോഗ്യവും ശുചീകരണവും, വിദ്യാഭ്യാസം, നിരത്തുകളും,

സ്റ്റെയിററിന്നുള്ളിലെ വ്യാപാരം, കൃഷി, ജലസേചനം, ശുദ്ധജലവിതരണം, കൃഷിനിലങ്ങൾ, വനങ്ങൾ, മത്സ്യ വ്യവസായം, ചന്തകൾ, വിനോദം, രജിസ്റ്റ്രേഷൻ, പരസ്പരസഹായം, ആസ്പത്രികൾ, മൃഗാസ്പത്രികൾ, ഹരിജൻ ക്ഷേമം എന്നിവയാകുന്നു. ഈ വിഷയങ്ങളുടെ പട്ടികക്ക് 'സ്റ്റെയിററ്ലിസ്റ്റ്' എന്നു പേർ.

യൂനിയൻ ഗവമ്മെണ്ടിന്നും സ്റ്റെയിററ് ഗവമ്മെണ്ടുകൾക്കും നിയമനിർമ്മാണം ചെയ്യാൻ ഒരുപോലെ അധികാരമുള്ള മൂന്നാമതൊരുക്കൂട്ടം വിഷയങ്ങളെയും ഭരണഘടന നിർദ്ദേശിച്ചിരിക്കുന്നു. ഈ കൂട്ടത്തിൽ ഏതാണ്ട് 47 വിഷയങ്ങൾ ഉണ്ട്. ഈ വിഷയങ്ങൾ അടങ്ങിയ മൂന്നാമത്തെ പട്ടികക്ക് 'കൺകറെൻറ്ലിസ്റ്റ്' (പൊതുലിസ്റ്റ്) എന്നു പേർ. ഇതിലെ പ്രധാന വിഷയങ്ങൾ:—

ക്രിമിനൽ നിയമം, ക്രിമിനൽ നടപടി, വിവാഹവും വിവാഹമോചനവും, സാമ്പത്തികാസൂത്രണം, വാണിജ്യപരവും, വ്യാവസായികവുമായ കുത്തക, തൊഴിലാളിയൂനിയൻ, തൊഴിലാളിക്ഷേമം, അഭയാത്ഥികളെ കുടിയിരുത്തൽ, ജനനമരണക്കണക്ക്, ചെറു തുറമുഖങ്ങൾ, ധമ്മസ്ഥാപനങ്ങൾ, യന്ത്രശാലകൾ, വിദ്യുച്ഛക്തി, വത്തമാനക്കടലാസ്സുകൾ, പുസ്തകങ്ങൾ, അച്ചുക്കൂടങ്ങൾ എന്നിവയാകുന്നു. ഈ മൂന്നുതരം ലിസ്റ്റിലും പെടാത്ത വല്ല വകുപ്പുകളും ഭാവിയിൽ ഉണ്ടാവാനിടവന്നാൽ ആയവയുടെ പരിപൂർണ്ണ ഭരണാധികാരം യൂനിയൻ ഗവമ്മെണ്ടിന്ന് ആയിരിക്കയും ചെയ്യും.

യൂനിയനിലെയും സ്റ്റെയിററുകളിലെയും ഭരണത്തിന്ന് ഐകരൂപ്യം വരുത്തുവാൻവേണ്ടി ഒരേ ഒരു സുപ്രീംകോടതിയുടെ കീഴിൽ ഏകീകൃതമായ ഒരേയൊരു നീതിന്യായ സമ്പ്രദായവും, സിവിൽ നിയമങ്ങളിലും ക്രിമിനൽ നിയമങ്ങളിലും ഐകരൂപ്യവും, യൂനിയന്നും സ്റ്റെയിററുകൾക്കും പൊതുവായി അഖിലേന്ത്യാ ഉദ്യോഗസ്ഥന്മാരുടെ നിയമനവും ഭരണഘടനയിൽ പ്രത്യേകം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

യൂനിയൻ ഗവമ്മെണ്ടും സ്റ്റെയിററ് ഗവമ്മെണ്ടും തമ്മിലുള്ള ബന്ധത്തെ നിയമനിമ്മാണപരമായും, ഭരണപരമായും, ധനപരമായും നമുക്ക് വീക്ഷിക്കാം:—

നിയമനിമ്മാണപരം:—സാധാരണകാലങ്ങളിൽ പാർട്ട് 'സി', 'ഡി' എന്നീ വിഭാഗങ്ങളിൽപെട്ട സ്റ്റെയിററുകളെസ്സംബന്ധിച്ചിടത്തോളം മാത്രമെ സ്റ്റെയിററുലിസ്റ്റിലുള്ള വിഷയങ്ങളിൽ യൂനിയൻ ഗവമ്മെണ്ടിന്ന് നിയമനിമ്മാണം ചെയ്യാൻ പാടുള്ളു. പാർട്ട് 'എ', 'ബി' സ്റ്റെയിററുകൾക്ക് സ്റ്റെയിററ്ലിസ്റ്റിലെ വിഷയങ്ങളിൽ പരിപൂൎണ്ണമായ നിയമനിമ്മാണാധികാരമുണ്ട്. എന്നാൽ യൂനിയൻ പാർലിമെണ്ടിലെ ഉപരിസഭയായ "കൌൺസിൽ ഓഫ് സ്റ്റെയിററ്സ്" ആവശ്യപ്പെടുന്നപക്ഷമൊ, വിദേശങ്ങളുമായ സന്ധിനിബന്ധനകളെ നടപ്പിൽ വരുത്തേണ്ടി വരുമ്പൊഴൊ സ്റ്റെയിററുവിഷയങ്ങളിൽ ഏതിനെസ്സംബന്ധിച്ചും നിയമനിമ്മാണംചെയ്യാൻ പാർലിമെണ്ടിന്ന് അധികാരമുണ്ട്. കൂടാതെ പൊതുലിസ്റ്റിൽപെട്ട വിഷയങ്ങളിൽ യൂനിയൻ ഗവമ്മെണ്ടും സ്റ്റെയിററ് ഗവമ്മെണ്ടും നിയമനി

ൎമ്മാണം ചെയ്യുന്നപക്ഷം യൂനിയൻ ഗവമ്മെണ്ടിൻെറ നിയ മയിൎമ്മാണത്തിന്നാണ് പ്രാബല്യം.

ഭരണപരം:—സ്റ്റേയിററുകളിലെ ഭരണത്തലവന്മാരായ ഗവൎണ്ണർമാരെയും, രാജപ്രമുഖന്മാരെയും, സ്റ്റേയിററുകളിലെ ഹൈക്കോട്ട് ജസ്റ്റിമാരെയും മററുഡിപ്പാട്ടുമെണ്ടുകളിലെ ഹൈക്കോട്ട് ജസ്റ്റിമാരെയും, മററുഡിപ്പാട്ടുമെണ്ടുകളിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരെയും നിശ്ചയിപ്പാനുള്ള അധികാരം യൂനിയൻ പ്രസിഡേണ്ടിന്നാകുന്നു. യൂനിയൻെറ നിയമങ്ങൾക്ക് പൊരുത്തം ഉണ്ടാകത്തക്ക വിധത്തിൽ മാത്രമെ സ്റ്റേയിററുകളിലെ ഭരണയന്ത്രങ്ങൾക്ക് പ്രവൃത്തിച്ചുകൂടു. രണ്ടു് സ്റ്റേയിററുകൾതമ്മിൽ വല്ല തക്കവും ഉത്ഭവിക്കുമ്പോൾ അന്വേഷണംനടത്തി തീൎപ്പുകല്പിക്കുവാനും, സ്റ്റേയിററുകൾതമ്മിൽ പരസ്പരബന്ധം ഉളവാക്കുവാനും, സ്റ്റേയിററുകളും യൂനിയനുംതമ്മിൽ പൊതുതാല്പൎയ്യങ്ങൾ പുലത്തുവാനുമായി ഒരു 'ഇൻടർ സ്റ്റേയിററ് കൌൺസിൽ' രൂപീകരിക്കുവാൻ പ്രസിഡണ്ടിന്നു് അധികാരമുണ്ടു്.

ധനപരം:—യൂനിയൻ ഗവമ്മെണ്ടിൻെറ വരവിൽനിന്നു് സ്റ്റേയിററുകൾക്ക് ഓരോ വിഹിതം ഭാഗിച്ചുകൊടുപ്പാൻ യൂനിയന്നു് അധികാരമുണ്ടു്.

അടിയന്തിരാധികാരങ്ങൾ:—യുദ്ധം, ക്ഷാമം, മുതലായ അടിയന്തിരഘട്ടങ്ങളിൽ സ്റ്റേയിററുലിസ്റ്റിലെ ഏതു വിഷയത്തെസ്സംബന്ധിച്ചും സ്റ്റേയിററുകൾക്ക് നിദ്ദേശംകൊടുപ്പാൻയൂനിയന്നു് അധികാരമുണ്ടു്. ഏതെങ്കിലും സ്റ്റേയിററിൻെറ ഭരണക്രമം തകരുന്നപക്ഷം ആയതിൻെറ മുഴുവൻ ഭരണവും ഏറെറടുപ്പാൻ യൂനിയൻ ഗവമ്മെണ്ടിനെ അധികാരപ്പെടുത്തിക്കൊണ്ടു് പ്രസിഡെണ്ടിന്നു് ഒരു വിളംബരം പുറപ്പെടുവിക്കാവുന്നതുമാകുന്നു.

# അദ്ധ്യായം 4.

## യൂനിയൻ ഗവമ്മെണ്ട്—പ്രസിഡെണ്ട്.

ഭരണഘടനയ്ക്കും നിയമങ്ങൾക്കും അനുസരിച്ച് ഇന്ത്യായൂനിയൻെറ ഭരണം നിർവ്വഹിപ്പാനുള്ള സർവ്വവിധ അധികാരങ്ങളും, ഇന്ത്യയിലെ കര-കടൽ-ആകാശസേനകളുടെ പരമ നായകത്വവും പ്രസിഡെണ്ട് എന്ന രാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നു. യൂനിയൻ ഗവമ്മെണ്ടിൻെറ എല്ലാ കല്പനകളും പുറപ്പെടുന്നതു് പ്രസിഡെണ്ടിൻെറ പേരിൽ ആയിരിക്കും.

**തിരഞ്ഞെടുപ്പ്:**—യൂനിയൻ പാർലിമെണ്ടിലേയും, സ്റ്റെയിററ് നിയമസഭകളിലേയും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ഭൂരിപക്ഷവോട്ട് അനുസരിച്ചാണ് പ്രസിഡെണ്ടിനെ തിരഞ്ഞെടുക്കുന്നതു്.

**യോഗ്യത:**—പ്രസിഡെണ്ട് പദത്തിലേക്ക് സ്ഥാനാൎത്ഥിയായി നില്ക്കുന്ന ആൾ മുപ്പത്തഞ്ച് വയസ്സ് തികഞ്ഞ ഒരു ഇന്ത്യൻ പൌരനും, പാർലിമെണ്ട് മെമ്പറായി തിരഞ്ഞെടുക്കപ്പെടുവാൻ അൎഹതയുള്ള ആളുമായിരിക്കണം. ഗവമ്മെണ്ടുദ്യോഗസ്ഥന്മാൎക്ക് സ്ഥാനാൎത്ഥിയായി നില്പാൻ പാടില്ല.

**കാലാവധി:**—ഒരു പ്രസിഡെണ്ടിൻെറ സാധാരണ കാലാവധി 5 കൊല്ലമാകുന്നു. കാലാവധി കഴിഞ്ഞാൽ വീണ്ടും തിരഞ്ഞെടുപ്പിന്നു് നില്ക്കാം. പ്രസിഡെണ്ടിന്നു് ഗവമ്മെണ്ടുവകയായ താമസസ്ഥലവും, മാസംതോറും ചെലവു കഴിച്ച് പതിനായിരം ഉറുപ്പിക ശമ്പളവും ലഭിക്കും. പ്രസി

ഡെണ്ടിൻെറ മാസപ്പടിയിൽ കുറവുവരുത്തുവാൻ പാർലിമെണ്ടിന്നു് അധികാരമില്ല.

**വിശേഷാൽപദവി:**—തൻെറ അധികാരനിർവ്വഹണത്തെസ്സംബന്ധിച്ച് യാതൊരു കോടതിയിലും ഹാജരായി ഉത്തരം പറയേണ്ടുന്ന ബാദ്ധ്യത പ്രസിഡെണ്ടിന്നില്ല. പ്രസിഡെണ്ടിൻെറപേരിൽ സിവിലൊ ക്രിമിനലൊ ആയ യാതൊരു നടപടിയും നിലനില്ക്കുകയില്ല.

**പ്രതിജ്ഞ:**—സ്ഥാനം സ്വീകരിക്കുമ്പോഠം താൻ ഇന്ത്യയുടെ ഭരണഘടനയെയും, നിയമങ്ങളെയും പരിരക്ഷിച്ചുകൊള്ളുന്നതായിരിക്കും എന്നു് സുപ്രീംകോടതിയിലെ പ്രധാന ജഡ്ജിമുമ്പാകെ പ്രസിഡണ്ടു് ഒരു സത്യപ്രതിജ്ഞ ചെയ്യണം.

**സ്ഥാനമൊഴിപ്പിക്കൽ:**—ഭരണഘടനയ്ക്കോ, നാട്ടിൻെറ ക്ഷേമത്തിന്നൊ, ഭദ്രതയ്ക്കോ വിരുദ്ധമായി പ്രസിഡെണ്ടു് പ്രവൃത്തിക്കുന്നുണ്ടെന്നു് തെളിയുന്നപക്ഷം സഭമുമ്പാകെ വരുത്തി വിചാരണചെയ്തു് പ്രസിഡെണ്ടിനെ സ്ഥാനത്തുനിന്നു നീക്കുവാൻ ഇന്ത്യാപാർലിമെണ്ടിന്നു് അധികാരമുണ്ടെന്നും ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്.

## പ്രസിഡെണ്ടിൻെറ അധികാരങ്ങഠം.

**നിയമനിർമ്മാണപരം:**—പാർലിമെണ്ടു് വിളിച്ചുകൂട്ടുകയൊ, നിർത്തിവെക്കുകയൊ, പിരിച്ചുവിടുകയൊ ചെയ്യാനും പാർലിമെണ്ടു് സമ്മേളിക്കാത്ത അവസരങ്ങളിൽ 'ഓർഡിനാൻസ്' എന്ന പ്രത്യേക കല്പനകഠം പുറപ്പെടുവിക്കുവാനും പ്രസിഡെണ്ടിന്നു് അധികാരമുണ്ടു്. പ്രസിഡെണ്ടി

PUBLIC ... YAM.

ൻെറ ഓർഡിനാൻസിന്ന് പാർലിമെണ്ട് പാസ്സാക്കിയ ഒരു നിയമത്തിൻെറ പ്രാബല്യം ഉണ്ടായിരിക്കും. കൂടാതെ പാർലിമെണ്ടിൽ പ്രസംഗിക്കുവാനും, പാർലിമെണ്ടിൽ ആലോചനയിലിരിക്കുന്ന ഒരു ബില്ലിനെസ്സംബന്ധിച്ച് തൻെറ അഭിപ്രായംഒരു സന്ദേശരൂപത്തിൽ സഭയെ അറിയിപ്പാനും, പാർലിമെണ്ട് പാസ്സാക്കിയ ഏതു ബില്ലിന്നും തൻെറ അനുമതി നിഷേധിക്കുകയോ, നൽകുകയോ, തൻെറ സന്ദേശത്തോടുകൂടി ബില്ല് പുനരാലോചനചെയ്യാൻ പാർലിമെണ്ടിലേക്ക് തന്നെ മടക്കി അയക്കുകയോ ചെയ്യാനും പ്രസിഡെണ്ടിന്ന് അധികാരമുണ്ട്.

**ഭരണപരം:—** ക്രിമിനൽ ശിക്ഷകളിൽ മാപ്പുകൊടുക്കുവാനൊ ശിക്ഷ ചുരുക്കുവാനൊ ഉള്ള ദയാധികാരവും ഇന്ത്യയിലെ സൈന്യസന്നാഹങ്ങളുടെ പരമനായകനെന്നനിലയിൽ ഉയന്ന സൈന്യനായകന്മാരെ നിശ്ചയിക്കുവാനും, പിരിക്കുവാനും സൈന്യങ്ങൾക്ക് നീങ്ങുവാൻ കല്പനകൊടുപ്പാനുംഉള്ള അധികാരവും പ്രസിഡെണ്ടിന്നുണ്ട്. ഇന്ത്യാ പ്രധാനമന്ത്രിയെയും മററു യൂനിയൻ മന്ത്രിമാരെയും നിശ്ചയിക്കുവാനും, മന്ത്രിസഭയുടെ ഏതു തീരുമാനവും പ്രധാനമന്ത്രി മുഖാന്തിരം അറിവാനും അദ്ദേഹത്തിന്നധികാരമുണ്ട്. കൂടാതെ സംസ്ഥാനഗവർണ്ണർമാർ, അമ്പാസിഡർമാർ, സുപ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും ജസ്റ്റിമാർ, ഓഡിററർ ജനറൽ, അറെറാർണി ജനറൽ തുടങ്ങിയ എല്ലാ വലിയ ഉദ്യോഗസ്ഥന്മാരെയും, പബ്ലിക്ക് സർവീസ് കമ്മീഷൻ, തിരഞ്ഞെടുപ്പ് കമ്മീഷൻ, സാമ്പത്തികകമ്മീഷൻ,

ഇൻടർസ്റ്റേയിററ് കൌൺസിൽ തുടങ്ങിയ പ്രധാനപ്പെട്ട സമിതികളെയും നിശ്ചയിപ്പാനുള്ള അധികാരം പ്രസിഡെണ്ടിന്നാണ്.

**ധനപരം:**–യൂനിയൻ ഗവമ്മെണ്ടിൻെറ ഓരോ കൊല്ലത്തെയും ബഡ്ജററ് തയ്യാറാക്കിക്കുവാനുള്ള അധികാരവും പ്രസിഡെണ്ടിന്നുണ്ട്. പ്രസിഡെണ്ടിൻെറ ശിപാശിപ്രകാരം മാത്രമെ പാർലിമെണ്ടിൽ ധനാഭ്യത്ഥനകഠം അവതരിപ്പിച്ചുകൂടു. ഭരണഘടനപ്രകാരം സ്ഥിരം ചിലവുകഠംക്കായി നീക്കിവെച്ചിട്ടുള്ള സംഖ്യകളെസ്സംബന്ധിച്ച ഒപ്പധികാരവും പ്രസിഡെണ്ടിന്നാണ്.

**അടിയന്തിരാധികാരങ്ങഠം:**–(1) യുദ്ധം, വിദേശാക്രമണം, അഭ്യന്തരമായ കലാപം തുടങ്ങിയ ആപൽസന്ധികളിൽ, അഥവാ അത്തരം ആപത്തുകഠം ആസന്നമാണെന്ന് ഏതാണ്ട് തീച്ചപ്പെട്ടാൽ പ്രസിഡെണ്ടിന്ന് ഒരു 'അടിയന്തരഘട്ടം' പ്രഖ്യാപിക്കാവുന്നതാണ്. എന്നാൽ ഈ പ്രഖ്യാപനം പാർലിമെണ്ട് അംഗീകരിക്കാത്തപക്ഷം രണ്ട് മാസക്കാലത്തിലധികം ബലത്തിൽ ഇരിക്കുകയില്ല. 'അടിയന്തിരഘട്ടം' പ്രഖ്യാപിക്കപ്പെട്ടാൽ സ്റ്റേയിററുകളുടെ നിയമനിമ്മാണാധികാരം മുഴുവനും യൂനിയൻ ഗവമ്മേണ്ടിന്ന് ഏറെറടുക്കാം; ഭരണഘടനയിലെ മൌലികാവകാശങ്ങഠംപോലും പ്രസിഡെണ്ടിന്ന് താൽക്കാലികമായി പിൻവലിക്കാം; നാട്ടിലെ നികുതിവരുമാനം ചിലവുചെയ്യേണ്ടുന്നരീതി തീച്ചപ്പെടുത്തുവാനും പ്രസിഡെണ്ടിന്ന് അധികാരമുണ്ട്.

(2) ഏതെങ്കിലും സ്റ്റേയിററിലെ ഭരണം ഭരണഘടനക്ക് വിധേയമായി നിവ്വഹിക്കപ്പെടുന്നില്ലെന്ന് പ്രസിഡെണ്ടിന്നു ബോദ്ധ്യപ്പെട്ടാൽ, ആ കാൎയ്യം കാണിച്ച് അദ്ദേഹത്തിന്നു ഒരു വിളംബരം പുറപ്പെടുവിക്കാം. എന്നിട്ട് സ്റ്റേയിററിൻെറ ഭരണം താൻതന്നെ നേരിട്ട് ഏറെറടുക്കുകയും സ്റ്റേയിററിലെ നിയമസഭയുടെ കൎത്തവ്യങ്ങൾ നിൎവ്വഹിപ്പാൻ യൂനിയൻ പാർലിമെണ്ടിനെ അധികാരപ്പെടുത്തുകയും ചെയ്യാം.

(3) രാജ്യത്തിൻെറ ഒട്ടാകെയൊ, ഏതെങ്കിലും ഭാഗത്തിൻെറയൊ സാമ്പത്തികനില തകൎന്നുപോയെക്കുമെന്നുള്ള ഘട്ടം വരുമ്പോൾ പ്രസിഡെണ്ടിന്നു ഒരു 'സാമ്പത്തികാടിയന്തിരഘട്ടം' പ്രഖ്യാപിക്കാവുന്നതാണ്. അങ്ങിനെ വരുമ്പോൾ യൂനിയനിലെയും, സ്റ്റേയിററുകളിലെയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങളിൽ കുറവുവരുത്തുവാനും, മററു വിധത്തിൽ ചെലവു ചുരുക്കുവാനുള്ള നിൎദ്ദേശങ്ങൾ കൊടുപ്പാനും ധനപരമായ എല്ലാ ബില്ലുകളും തൻെറ അനുമതിക്ക് സമൎപ്പിക്കണമെന്ന് ആവശ്യപ്പെടുവാനും അദ്ദേഹത്തിന്ന് അധികാരമുണ്ട്.

## വൈസ്പ്രസിഡെണ്ട്.

ഇന്ത്യായൂനിയന്ന് ഒരു വൈസ്പ്രസിഡെണ്ടും ഉണ്ടായിരിക്കുമെന്നും, അദ്ദേഹം പാർലിമെണ്ടിലെ ഉപരിസഭയായ കൌൺസിൽ-ഓഫ്-സ്റ്റേയിററ്സിൻെറ സ്ഥിരാദ്ധ്യക്ഷനായിരിക്കുമെന്നും ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. രോഗം, രാജി, മരണം, സ്ഥാനമൊഴിപ്പിക്കൽ മു

തലായ വല്ല സംഗതിവശാലും യൂനിയൻ പ്രസിഡെണ്ടു് സ്ഥാനം ഒഴിവായിവരുമ്പോൾ ആ സ്ഥാനത്ത് താൽക്കാലികമായി ബദൽനോക്കുവാനുള്ള അധികാരം വൈസ്പ്രസിഡെണ്ടിന്നാകുന്നു. 35 വയസ്സ് പ്രായപൂർത്തിയായും, കൌൺസിൽ-ഓഫ്-സ്റ്റെയിററ്സിൽ അംഗമാകാനുള്ള അർഹതയും ഉള്ള ഒരാളെയാണ് വൈസ്പ്രസിഡെണ്ടു് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുക. പാർലിമെണ്ടിലെ ഇരു സഭകളുടേയും ഒരു സംയുക്തയോഗത്തിൽവെച്ചു മെമ്പർമാരുടെ ഭൂരിപക്ഷവോട്ട് അനുസരിച്ച് വൈസ്പ്രസിഡെണ്ടിനെ തിരഞ്ഞെടുക്കുന്നു. പാർലിമെണ്ടിൻെറ ഭൂരിപക്ഷാഭിപ്രായപ്രകാരം അദ്ദേഹത്തെ സ്ഥാനത്തുനിന്നു് നീക്കുകയും ചെയ്യാം.

# അദ്ധ്യായം 5.

## യൂനിയൻ ഗവമ്മെണ്ടു്—മന്ത്രിസഭ.

പ്രസിഡെണ്ടിനെ അദ്ദേഹത്തിൻെറ കത്തവ്യനിർവ്വഹണത്തിൽ സഹായിപ്പാനും ഉപദേശിപ്പാനുമായി പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ ഉണ്ടായിരിക്കണമെന്ന് ഭരണഘടനയിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. പ്രധാനമന്ത്രിയെ നിയമിക്കുവാനുള്ള അധികാരം പ്രസിഡെണ്ടിന്നാണ്. അദ്ദേഹത്തിൻെറ സ്ഥാനപ്പേർ 'ഇന്ത്യാ പ്രധാനമന്ത്രി' എന്നായിരിക്കും. പാർലിമെണ്ടിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ നേതാവിനെയാണ് സാധാരണയായി പ്രധാനമന്ത്രിയുടെ സ്ഥാനത്തേക്ക് നിയമിക്കുന്നതു്. മററു മന്ത്രിമാരെ പ്രധാനമന്ത്രിയുടെ ശിപാശിയനുസരിച്ച് പ്രസിഡെണ്ടു് നി

യമിച്ചുകൊടുക്കുന്നു. പാർലിമെണ്ട് മെമ്പർമാർമാത്രമെ മന്ത്രിമാരാകുവാൻ പാടുള്ളു. മന്ത്രിസഭയുടെ തീരുമാനങ്ങളെല്ലാംഅപ്പപ്പോൾ പ്രധാനമന്ത്രി പ്രസിഡെണ്ടിനെ അറിയിച്ചുകൊണ്ടിരിക്കണം. മന്ത്രിസഭയെ പ്രസിഡെണ്ടുമായി ബന്ധിക്കുന്ന കണ്ണിയാണ് പ്രധാനമന്ത്രി. പ്രസിഡെണ്ടിന്ന് ഇഷ്ടമുള്ളപ്പോൾ മന്ത്രിസഭ പിരിച്ചുവിടാം.

സ്ഥാനം സ്വീകരിക്കുമ്പോൾ പ്രധാനമന്ത്രി പ്രസിഡെണ്ട് മുമ്പാകെയും, മററുമന്ത്രിമാർ പ്രധാനമന്ത്രിയുടെ മുമ്പാകെയും ഔദ്യോഗികമായ രഹസ്യങ്ങളെസ്സംബന്ധിച്ച് സത്യപ്രതിജ്ഞ ചെയ്യേണ്ടതുണ്ട്. മന്ത്രിമാരെ സംബോധന ചെയ്യുമ്പോൾ 'ബഹുമാനപ്പെട്ട' എന്ന പദം പേരിൻെറ മുമ്പിൽ ചേർക്കുന്നതു് പതിവാണ്.

പ്രസിഡെണ്ടാണ് മന്ത്രിസഭയെ നിയമിക്കുന്നതു് എങ്കിൽക്കൂടി മന്ത്രിസഭക്ക് പാർലിമെണ്ടിനോടും കൂട്ടുത്തരവാദിത്വമുണ്ട്. ഓരോ മന്ത്രിയുടേയും ചെയ്തികൾക്ക് മന്ത്രിസഭ ഒട്ടാകെ ഉത്തരവാദിയാണ്. പാർലിമെണ്ടിന്ന് ഏതെങ്കിലും മന്ത്രിയുടെയൊ മന്ത്രിമാരുടെയൊ പേരിൽ അവിശ്വാസം തോന്നിയാൽ മന്ത്രിസഭ കൂട്ടായി രാജിവെച്ചുകൊള്ളണം.

ഇന്ത്യയുടെ ഭരണ നിർവ്വഹണത്തിൻെറ ബാദ്ധ്യത മുഴുവനും ഈ മന്ത്രിസഭയ്ക്കാണ്. മന്ത്രിസഭായോഗങ്ങളിൽ അദ്ധ്യക്ഷത വഹിപ്പാനും, മററുമന്ത്രിമാർക്ക് വകുപ്പുകൾ വിഭജിച്ചു കൊടുക്കുവാനുമുള്ള അധികാരം പ്രധാനമന്ത്രിക്കാകുന്നു. ഓരൊ മന്ത്രിയുടെയുംകീഴിൽ ഒന്നൊ അധികമൊ ഡിപ്പാർട്ടുമെണ്ടുകൾ ഉണ്ടായിരിക്കും. മന്ത്രിസഭ സാധാരണതായി ആഴ്ചയിലൊരിക്കൽ യോഗംചേർന്ന് പ്രധാനകാര്യ

ങ്ങളെപ്പററി ആലോചിച്ച് തീരുമാനമെടുക്കുന്നു. ഭൂരിപക്ഷം അനുസരിച്ചാണ് കാര്യങ്ങൾ തീരുമാനിക്കുക. പ്രവൃത്തി അധികമുള്ള വകുപ്പുകളിൽ മന്ത്രിയെ സഹായിപ്പാൻ ഡിപ്പ്യൂട്ടി മന്ത്രിമാരെയും നിയമിക്കും.

യൂനിയൻ ഗവൺമെണ്ടിൻെറ വകുപ്പ് വിഭജനം:—

1. **വിദേശകാര്യമന്ത്രാലയം:**—അന്യരാജ്യങ്ങളുമായുള്ള ബന്ധം, വിദേശങ്ങളിലെ ഇന്ത്യക്കാർ, ഐക്യരാഷ്ട്രസഭ, പുറരാജ്യങ്ങളിലെ ഇന്ത്യൻ അമ്പാസിഡർമാർ, ഇന്ത്യയിലെ വിദേശ അമ്പാസിഡർമാർ.
2. **അഭ്യന്തരകാര്യമന്ത്രാലയം:**—സർവ്വേന്ത്യാ സർവീസുകൾ, നിയമസമാധാനപാലനം, 'സി', 'ഡി' വകുപ്പ് സ്റ്റെയിററുകളുടെ ഭരണം.
3. **ധനകാര്യമന്ത്രാലയം:**—നികുതിയും ചുങ്കങ്ങളും ചുമത്തൽ, പിരിവ്, ബഡ്ജററ് നിർമ്മാണം, റിസർവ് ബേങ്ക്, നാണ്യം, നാണയം, വിദേശവിനിമയം, വരവുചിലവുകണക്ക്.
4. **രാജ്യരക്ഷാ മന്ത്രാലയം:**-രാജ്യരക്ഷ, കര-കടൽ-ആകാശസേനകൾ, വെടിക്കോപ്പുനിർമ്മാണം
5. **നിയമമന്ത്രാലയം:**—പാർലിമെണ്ടിൽ അവതരിപ്പിക്കുവാനുള്ള ബില്ലുകൾ തയ്യാറാക്കുക, നിയമനിർമ്മാണപരമായ മററുകാര്യങ്ങളുടെ മേൽനോട്ടം.
6. **വ്യാപാരകാര്യമന്ത്രാലയം:**— വിദേശവ്യാപാരം, കയററുമതി ഇറക്കുമതി, സംസ്ഥാനങ്ങൾതമ്മിലുള്ള വ്യാപാരം, വ്യവസായസംരക്ഷണം, സ്ഥിതിവിവരക്കണക്കുകൾ.

No. 4502

7. വ്യവസായമന്ത്രാലയം:—വ്യവസായാഭിവൃദ്ധി, വ്യാവസായിക ഗവേഷണം, സിവിൽ സപ്ലൈസ്.
8. കൃഷി ഭക്ഷണകാൎയ്യമന്ത്രാലയം:—സംസ്ഥാനകൃഷിവകുപ്പുകളുടെ മേൽനോട്ടം, കൃഷിഗവേഷണം, ഭക്ഷ്യോൽപാദനം, കൃഷിപരീക്ഷണം, കന്നുകാലിഗവേഷണം, ഭക്ഷ്യധാന്യനിയന്ത്രണം, ധാന്യസംഭരണം, വിതരണം.
9. ആരോഗ്യമന്ത്രാലയം:—പൊതുജനാരോഗ്യം, വൈദ്യസഹായ സൎവ്വീസുകൾ.
10. ഗതാഗതമന്ത്രാലയം:—റോഡ്, റെയിൽവെ, ജലമാൎഗ്ഗങ്ങൾ, കപ്പൽമാൎഗ്ഗങ്ങൾ, തുറമുഖങ്ങൾ, ദീപസ്തംഭങ്ങൾ.
11. കമ്മ്യൂണിക്കേഷൻ മന്ത്രാലയം:—തപാൽ, കമ്പി, കമ്പിയില്ലാക്കമ്പി, ടെലിഫോൺ, വിമാന സർവീസ്.
12. തൊഴിൽകാൎയ്യമന്ത്രാലയം:—തൊഴിലാളിക്ഷേമം.
13. ഖനി-പൊതുമരാമത്ത്-വിദ്യുച്ഛക്തിമന്ത്രാലയം:—ഖനികൾ, പൊതുമരാമത്ത്, വിദ്യുച്ഛക്തി ഉല്പാദനം, ജലസേചനപദ്ധതികൾ.
14. വിദ്യാഭ്യാസമന്ത്രാലയം:— വിദ്യാഭ്യാസത്തിന്റെ പൊതുനയം, സർവ്വകലാശാലകൾ, വയോജന വിദ്യാഭ്യാസം, ലൈബ്രറികൾ, മ്യൂസിയങ്ങൾ, പുരാതനവസ്തുക്കൾ, സ്മാരകങ്ങൾ, കലാപോഷണം.
15. വാൎത്താവിതരണമന്ത്രാലയം:—റേഡിയോ, അച്ചുക്കൂടം, വൎത്തമാനപത്രങ്ങൾ, സിനിമ, ഗവൺമെണ്ട് പ്രസിദ്ധീകരണങ്ങൾ, പ്രചാരവേല.

16\. അഭയാത്ഥിമന്ത്രാലയം:—അഭയാത്ഥികളെ കുടിയിരുത്തൽ, അഭയാത്ഥി സ്വത്തുക്കൾ, അഭയാത്ഥികളുടെ ക്ഷേമം.

ഗവമ്മെണ്ടു സിക്രട്ടെരിമാരും സിക്രട്ടറെയിററുകളും:-

മന്ത്രിയുടെ കീഴിൽ ഓരോ വകുപ്പിൻെറയും തലവനായി ഓരോ സ്ഥിരംഗവമ്മെണ്ടു് സിക്രട്ടെരിയുണ്ടു്. സിക്രട്ടെരിയുടെ കാര്യാലയത്തിന്നു് സിക്രട്ടറെയിററ് എന്നു പേർ. ഓരോ വകുപ്പിന്നും ഓരോ സിക്രട്ടറെയിററ് ഉണ്ടു്. പ്രവൃത്തിയുടെ ഏററക്കുറവ് അനുസരിച്ച് സിക്രട്ടെരിയെ സഹായിപ്പാൻ ജോയൻറ് സിക്രട്ടെരിമാരും, ഡെപ്യൂട്ടി സിക്രട്ടെരിമാരും ആപ്പീസ് ജോലി നിർവ്വഹിക്കുവാൻ ആവശ്യംപോലെ സൂപ്രഡെണ്ടുമാരും, ക്ലാക്കുമാരും ഉണ്ടായിരിക്കും. യൂനിയൻ ഗവമ്മെണ്ടിൻെറ വിസ്തരിച്ചുള്ള പ്രവത്തനം മുഴുവനും കൊണ്ടുനടത്തുന്നത് ഈ സിക്രട്ടറെയിററുകളാണ്. ഭരണനയം രൂപീകരിക്കുന്നതാണ് മന്ത്രിസഭയുടെ കത്തവ്യമെങ്കിൽ അനനത് നടപ്പിൽ വരുത്തേണ്ടുന്ന ബാധ്യത സിക്രട്ടറെയിററിലെ ഉദ്യോഗസ്ഥന്മാക്കാണ്.

ഒരു ഗവമ്മെണ്ടു് സിക്രട്ടെരിയുടെ സ്ഥാനം ഏററവും ഉത്തരവാദിത്വമുള്ളതത്രെ. തൻെറ ഡിപ്പാർട്ടുമെണ്ടിനെസ്സംബന്ധിച്ചേടത്തോളമുള്ള മന്ത്രിസഭയുടെ തീരുമാനം നടപ്പിൽ വരുത്തേണ്ടുന്ന പരിപൂണ്ണ ചുമതലയും, തൻെറ ഡിപ്പാർട്ടുമെണ്ടിലെ എല്ലാ ഉദ്യോഗസ്ഥന്മാരുടെയും മേൽനോട്ടവും ഇദ്ദേഹത്തിന്നാണ്. തൻെറ വകുപ്പിൻെറ പ്രവത്തനം സംബന്ധിച്ച് മന്ത്രിസഭയിൽ എളുപ്പത്തിൽ തീരുമാനങ്ങൾ എടുക്കത്തക്കവിധം കാര്യങ്ങളെ ക്രോഡീകരിച്ച്

കുറിപ്പുകൾ എഴുതി, അതൊന്നിച്ച് തൻെറ സ്വന്തഅഭിപ്രായവുംചേർത്ത് മന്ത്രിക്ക് സമർപ്പിക്കേണ്ടതും ഇദ്ദേഹത്തിൻെറ ബാദ്ധ്യതയാണ്. മന്ത്രിസഭയേയും ഡിപ്പാർട്ടുമെണ്ടിനെയും ബന്ധിക്കുന്ന ഒരു കണ്ണിയാണ് ഗവമ്മെണ്ടു് സിക്രട്ടെരി. ഇന്ത്യൻ സിവിൽസർവീസിൽ വളരെക്കാലം പ്രാപ്തിയോടെ ഉദ്യോഗംഭരിച്ച് കയററംകിട്ടിയ മുതിന്ന ഭരണവിദഗ്ദ്ധന്മാരെ മാത്രമെ സിക്രട്ടെരിമാരായി നിയമിക്കുകയുള്ളു.

പാർലിമെണ്ടറി സിക്രട്ടെരിമാർ:-മന്ത്രിമാൎക്ക് ഡിപ്പാർട്ടുമെണ്ടുകാൎയ്യങ്ങൾമാത്രം നോക്കിയാൽ പോരല്ലൊ; അവൎക്ക് പാർലിമെണ്ടിലും ധാരാളം പ്രവൃത്തിയുണ്ടു്. ഗവമ്മെണ്ടുബില്ലുകൾ സഭയിൽ അവതരിപ്പിക്കേണ്ടതും, നയിക്കേണ്ടതും, ഡിപ്പാർട്ടുമെണ്ടു ഭരണത്തെസ്സംബന്ധിച്ച് പാർലിമെണ്ടിൻെറ ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതും അവരുടെ ചുമതലയാണ്. പാർലിമെണ്ടുകാൎയ്യങ്ങളിൽ മന്ത്രിമാരെ സഹായിപ്പാൻ മെമ്പർമാരിൽനിന്നു് ചിലരെ പാർലിമെണ്ടറി സിക്രട്ടെരിമാരായി നിശ്ചയിക്കാറുണ്ടു്. ഇവൎക്ക് ഗവമ്മെണ്ടു്സിക്രട്ടെരിമാൎക്കുള്ളപോലെ ഉദ്യോഗസ്ഥിരതയില്ല. പാർലിമെണ്ടു് പിരിച്ചുവിടുമ്പോൾ ഇവരുടെ ഉദ്യോഗവും അവസാനിക്കുന്നു. ഭരണവിഷയത്തിൽ ഗവമ്മെണ്ടു്സിക്രട്ടെരിമാരെന്നപോലെ നിയമനിൎമ്മാണവിഷയത്തിൽ ഇവർ മന്ത്രിയെ സഹായിക്കുന്നു. മന്ത്രി പാർലിമെണ്ടിൽ ഹാജരില്ലാതിരിക്കുമ്പോൾ പാർലിമെണ്ടറി സിക്രട്ടെരിക്ക് മന്ത്രിയുടെ പ്രാതിനിദ്ധ്യം വഹിക്കാം.

# അദ്ധ്യായം 6.

## യൂനിയൻ പാർലിമെണ്ട്.

ഭരണഘടനയിൽ യൂനിയൻ നിയമസഭയ്ക്ക് പാർലിമെണ്ട് എന്നാണു് പേർ കൊടുത്തിട്ടുള്ളതു്. യൂനിയൻ പ്രസിഡെണ്ടും, 'കൌൺസിൽ-ഓഫ്-സ്റ്റേയിററ്സ്' (അല്ലെങ്കിൽ രാജസഭ) എന്ന ഒരു ഉപരിസഭയും, 'ഹൌസ്-ഓഫ്-ദി-പീപ്പ്ൾസ്' (അല്ലെങ്കിൽ ലോകസഭ) എന്ന ഒരു കീഴ്സഭയും ഇങ്ങിനെ മൂന്നു് ഘടകങ്ങൾ അടങ്ങിയതാകുന്നു പാർലിമെണ്ട്. യൂനിയൻ പ്രസിഡെണ്ട് പാർലിമെണ്ടിൻെറ ഒരു ആവശ്യഘടകമാകുന്നു. കീഴ്സഭയിലും ഉപരിസഭയിലും പാസ്സായ ഏതു ബില്ലും പ്രസിഡെണ്ടിൻെറയും സമ്മതി ലഭിച്ചാൽ മാത്രമെ നിയമമായി തീരുകയുള്ളൂ.

കൌൺസിൽ-ഓഫ്-സ്റ്റേയിററ്സ് (രാജസഭ):—

യൂനിയൻെറ ഘടകങ്ങളായ ഇരുപത്തെട്ടു സ്റ്റേയിററുകളുടേയും പ്രതിനിധികളടങ്ങിയ സഭയാണ് കൌൺസിൽ-ഓഫ്-സ്റ്റേയിററ്സ്. ഓരോ സ്റ്റേയിററിൽനിന്നും ഏതാണ്ട് 15 ലക്ഷം ജനങ്ങൾക്ക് ഒരു പ്രതിനിധി എന്നതോതിലാണ് ഇതിലേക്ക് തിരഞ്ഞെടുപ്പ്. സ്റ്റേയിററ് നിയമസഭകളിലെ മെമ്പർമാരാണ് ഈ സഭയിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു്. അംഗങ്ങളുടെ കാലാവധി 6 കൊല്ലമാകുന്നു.

ഈ സഭ ഒരു സ്ഥിരം സഭയാകുന്നു. ഈരണ്ടു കൊല്ലം കൂടുമ്പോൾ മൂന്നിൽ ഒരുഭാഗം മെമ്പർമാർ ഒഴിയുകയും ആ ഒഴിവ് നികത്തുവാൻമാത്രം തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യും.

ഈ സഭയിൽ 250 മെമ്പർമാരാണ് ഉണ്ടായിരിക്കുക. ഇതിൽ 238 പേർ സ്റ്റേയിററുകളുടെ പ്രതിനിധികളും 12 പേർ സാഹിത്യകാരന്മാർ, കലാകാരന്മാർ, ശാസ്ത്രജ്ഞന്മാർ, പൊതുസേവകന്മാർ മുതലായവരുടെ ഇടയിൽനിന്ന് പ്രസിഡെണ്ട് തിരഞ്ഞെടുത്ത് നിശ്ചയിക്കുന്നവരും ആയിരിക്കും.

ഇന്ത്യാ വൈസ്പ്രസിഡെണ്ടാണ് ഈ സഭയുടെ സ്ഥിരാദ്ധ്യക്ഷൻ. അദ്ധ്യക്ഷന്ന് ചെയർമാൻ എന്നാണ് സ്ഥാനപ്പേർ. ചെയർമാൻസ്ഥാനം യദൃച്ഛയായി ഒഴിവാവുന്നപക്ഷം ആ സ്ഥാനത്ത് ബദൽനോക്കുവാൻ ഒരു ഡിപ്പ്യൂട്ടി ചെയർമാനെ മെമ്പർമാർ അവരുടെ ഇടയിൽനിന്ന് തിരഞ്ഞെടുക്കുന്നു. ചെയർമാൻെറയും ഡിപ്പ്യൂട്ടിചെയർമാൻെറയും ശമ്പളത്തുക തീർച്ചപ്പെടുത്തുവാനുള്ള അധികാരം പാർലിമെണ്ടിനാണ്.

**ഹൌസ്-ഓഫ്-ദിപീപ്പ്ൾ (ലോകസഭ):**—രാജ്യസഭ ഓരൊ സ്റ്റേയിററിൻെറയും പൊതുതാല്പര്യങ്ങളെ മാത്രമെ പ്രതിനിധീകരിക്കുന്നുള്ളു. സ്റ്റേയിററിലെ ജനങ്ങളെ അത് പ്രതിനിധീകരിക്കുന്നില്ല. എല്ലാ സ്റ്റേയിററുകളിലെയും ജനങ്ങളെ പ്രതിനിധീകരിയ്ക്കുന്ന സഭയ്ക്കാണ് ഹൌസ്-ഓഫ്-ദി-പീപ്പ്ൾ (ലോകസഭ) എന്നു പറയുന്നത്. ഇതിൽ പൌരന്മാർ നേരിട്ട് തിരഞ്ഞെടുക്കുന്ന 500 മെമ്പർമാർ ഉണ്ടാകും. ഏതാണ്ട് 7½ലക്ഷം ജനങ്ങൾക്ക് ഒരു പ്രതിനിധി എന്ന വിധത്തിലാണ് തിരഞ്ഞെടുപ്പ്. ഇന്ത്യയൊട്ടാകെ 5 ലക്ഷത്തിൽ കുറയാതെയും, 7½ ലക്ഷത്തിൽ കവിയാതെയും ജനങ്ങളുള്ള പ്രാദേശിക മണ്ഡലങ്ങളായി

തിരിക്കുന്നു. ഇത്തരം ഒരു പ്രദേശത്തിന്നു് നിയോജകമണ്ഡലം എന്നുപേർ. ഓരൊ നിയോജകമണ്ഡലത്തിൽനിന്നും പ്രായപൂർത്തി വോട്ടനുസരിച്ച് ഓരോ മെമ്പറെ തിരഞ്ഞെടുക്കുന്നു ഹരിജനങ്ങൾക്കും, പട്ടികജാതിക്കാൎക്കും, ഏതാനും സ്ഥാനങ്ങൾ പ്രത്യേകമായിനീക്കിവെച്ചിട്ടുണ്ടു്.

**കാലാവധി:**—ലോകസഭയുടെ കാലാവധി 5 കൊല്ലമാകുന്നു. എന്നാൽ അതിലിടക്കുതന്നെ പ്രസിഡെണ്ടിന്നു് സഭ പിരിച്ചുവിട്ടു് പുതിയ തിരഞ്ഞെടുപ്പു് നടത്തുവാൻ അധികാരമുണ്ടു്. പ്രത്യേകപരിതസ്ഥിതികളിൽ കാലാവധി ഒരു കൊല്ലംകൂടി നീട്ടുകയുംചെയ്യാം. തിരഞ്ഞെടുപ്പിൽ നിഷ്പക്ഷത പാലിയ്ക്കുവാൻവേണ്ടി സൎവ്വസ്വാതന്ത്ര്യമായ ഒരു തിരഞ്ഞെടുപ്പു് കമ്മീഷന്റെ മേൽനോട്ടത്തിലായിരിക്കും വോട്ടർപട്ടിക തയ്യാറാക്കുന്നതും, തിരഞ്ഞെടുപ്പുനടത്തുന്നതും.

**യോഗംചേരൽ:**—പാർലിമെണ്ടു് കൊല്ലത്തിൽ രണ്ടു് തവണയെങ്കിലും യോഗംചേരണം. സഭ വിളിച്ചുകൂട്ടേണ്ടതു് പ്രസിഡെണ്ടാണു്. ഓരോ തവണയും പാർലിമെണ്ടു് ഉൽഘാടനംചെയ്തുകൊണ്ടു് പ്രസിഡെണ്ടു് പ്രസംഗിയ്ക്കും. പ്രസംഗത്തിൽ ഉന്നയിച്ച സംഗതികളെപ്പററി പാർലിമെണ്ടു് ഉടൻതന്നെ ആലോചന നടത്തണം. യൂനിയൻ മന്ത്രിമാൎക്കും, ഗവൎമ്മെണ്ടു്വക്കിലായ അറെറാർണി ജനറൽ എന്ന ഉദ്യോഗസ്ഥന്നും രണ്ടു് സഭയിലും ഹാജരായി പ്രസംഗിയ്ക്കാവുന്നതാണു്.

**അദ്ധ്യക്ഷൻ:**—ലോകസഭ യോഗംചേൎന്നു്, മെമ്പർമാർ അവരുടെ ഇടയിൽനിന്നു് ഒരു അദ്ധ്യക്ഷനെയും ഒരു ഉപാദ്ധ്യക്ഷനെയും തിരഞ്ഞെടുക്കുന്നു. അദ്ധ്യക്ഷന്നു

'സ്പീക്കർ' എന്നും ഉപാദ്ധ്യക്ഷന്നു് ഡിപ്യൂട്ടി സ്പീക്കർ എന്നുമാകുന്ന സ്ഥാനപ്പേർ. അദ്ധ്യക്ഷൻെറയും ഉപാദ്ധ്യക്ഷൻെറയും ശമ്പളം പാർലിമെണ്ടു് തീച്ച്പ്പെടുത്തുന്നു.

**കോറം:**—ഒരു സമ്മേളനത്തിന്നു് ചുരുങ്ങിയതു് സഭയിലെ ഒട്ടാകെ അംഗങ്ങളുടെ പത്തിലൊരംശമെങ്കിലും ഉണ്ടായിരിക്കണം. കാര്യങ്ങളെല്ലാം തീരുമാനിക്കുന്നതു് ഹാജരുള്ള മെമ്പർമാരുടെ ഭൂരിപക്ഷവോട്ടനുസരിച്ചാണു്. വോട്ടുകൾ ഇരുഭാഗവും സമമായി വന്നാൽ അദ്ധ്യക്ഷന്നു് ഒരു പ്രത്യേകവോട്ടുണ്ടു്. അദ്ധ്യക്ഷനും മെമ്പർമാരും സ്ഥാനം സ്വീകരിയ്ക്കുമ്പോൾ പ്രസിഡെണ്ടിൻെറയൊ അദ്ദേഹം അധികാരപ്പെടുത്തുന്ന ആളുടെയൊ മുമ്പാകെ സത്യവാചകം ചൊല്ലേണ്ടതുണ്ടു്.

**യോഗ്യതായോഗ്യതകൾ:**—വോട്ടവകാശമുള്ള ഏതു പൌരനും പാർലിമെണ്ടു് മെമ്പറാവാം. രാജ്യസഭയിൽ മെമ്പറാവാൻ 30 വയസ്സും, ലോകസഭയിൽ മെമ്പറാവാൻ 25 വയസ്സും തികഞ്ഞിരിക്കണം. ഗവമ്മെണ്ടിൽനിന്നു് വേതനം വാങ്ങുന്നവക്കോ, ഇൻസോൾവെൻറ് ആയവക്കോ, അന്യരാജ്യപൌരത്വം സ്വമേധയാ വരിച്ചവക്കോ, മററു വല്ല സംഗതിവശാലും അയോഗ്യനാണെന്നു് പാർലിമെണ്ടു് തീച്ച്പ്പെടുത്തുന്നവക്കോ മെമ്പറാവാൻ പാടില്ല. പാർലിമെണ്ടിൽ ചെയ്യുന്ന പ്രസംഗങ്ങളെയൊ വോട്ടുകളെയൊ സംബന്ധിച്ച് മെമ്പർമാരുടെ പേരിൽ സിവിലൊ ക്രിമിനലൊ ആയ യാതൊരു നടപടിയും നിലനില്ക്കുന്നതല്ല.

**പാർലിമെണ്ടിൻെറ അധികാരങ്ങൾ:**—യൂനിയൻ ലിസ്റ്റിലൊ പൊതുലിസ്റ്റിലൊ ഉള്ള ഏതു വിഷയത്തെസ്സംബ

സിച്ചും പാർലിമെണ്ടിന്ന് നിയമനിർമ്മാണംചെയ്യാം. രാജ്യസഭയിലെ മൂന്നിൽ രണ്ടുഭാഗം മെമ്പർമാരുടെ ഭൂരിപക്ഷാഭിപ്രായമുണ്ടെങ്കിൽ ഏതെങ്കിലും സ്റ്റെയിററിന്നുവേണ്ടി സ്റ്റെയിററിലെ വിഷയങ്ങളിലും നിയമനിർമ്മാണം ചെയ്യാം. അടിയന്തിരഘട്ടങ്ങളിൽ സ്റ്റെയിററുകളിലെ നിയമനിർമ്മാണം മുഴവനും ഏറെറടുക്കുകയുംചെയ്യാം. ഗവർമ്മെണ്ടു് ചിലവു് കാംക്കുള്ള പണം പാസ്സാക്കിക്കൊടുപ്പാനുള്ള അധികാരം പാർലിമെണ്ടിന്നാണ്. മന്ത്രിമാരെ നിയന്ത്രിക്കുവാനും, രാജിവെപ്പിക്കുവാനും പാർലിമെണ്ടിന്ന് അധികാരമുണ്ടു്. പ്രസിഡെണ്ടിനെപ്പോലും വിചാരണചെയ്തു് സ്ഥാനത്തുനിന്ന് നീക്കുവാൻ അതിന്നധികാരമുണ്ടു്. കോടതികളുടെ പേരിൽ പാർലിമെണ്ടിന്ന് നേരിട്ടു് അധികാരമില്ലെങ്കിലും സുപ്രീം കോടതിയിലെയോ ഹൈക്കോടതികളിലെയോ ജഡ്ജിമാരെ കുററം ചുമത്തി പിരിക്കുവാൻ പാർലിമെണ്ടിൻെറ സമ്മതം വേണം. അങ്ങിനെ ഇന്ത്യായൂനിയനിലെ സർവ്വവിധ അധികാരങ്ങളും അവസാനമായി പാർലിമെണ്ടിലാണ് നിക്ഷിപ്തമായിട്ടുള്ളതു് എന്നു് കാണാം.

---

# അദ്ധ്യായം 7.

## പാർലിമെണ്ടിലെ കാര്യനിർവ്വഹണരീതി.

നിയമനിർമ്മാണം, ഭരണം, ധനകാര്യം എന്നീ മൂന്നു് സാംഗതികളിലും പാർലിമെണ്ടിന്ന് പരമമായ അധികാരമുണ്ടെന്നു് നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടുവല്ലൊ ഈ അധികാരങ്ങൾ പാർലിമെണ്ടു് എങ്ങിനെയെല്ലാമാണ് നിർവ്വഹിക്കുന്നതു് എന്നതിനെപ്പററി വിവരിക്കാം.

**നിയമനിർമ്മാണം:**—ഒരു പുതിയ നിയമം ആവശ്യമായി വരുമ്പോഴൊ, പഴയ നിയമങ്ങളിൽ കാലഗതിയ്ക്കനുസരിച്ച് സാരമായ മാററങ്ങൾ വരുത്തേണ്ടിവരുമ്പൊഴൊ സഭയിലെ ഏതെങ്കിലും മെമ്പറൊ മന്ത്രിയൊ പ്രസ്തുത നിയമത്തിൻെറ ഉദ്ദേശത്തെയും, വ്യാപ്തിയെയും, പ്രവൎത്തനത്തെയും മററും വകുപ്പ് വകുപ്പായി വിവരിച്ചുകൊണ്ടുള്ള ഒരു പ്രതിപാദനം സഭയിൽ സമൎപ്പിക്കുന്നു. ഈ പ്രതിപാദനത്തിന്ന് 'ബിൽ' എന്നും സഭയിൽ സമൎപ്പിക്കുന്നതിന്ന് 'അവതരിപ്പിക്കുക' എന്നും പറയും. നിലവിലുള്ള നിയമത്തിൽ മാററം വരുത്തുവാനുള്ള ഉദ്ദേശത്തോടുകൂടിയതാണെങ്കിൽ അത്തരം ബില്ലിന്ന് 'ഭേദഗതിബിൽ' എന്നുംപറയും. മെമ്പർമാർ കൊണ്ടുചെല്ലുന്ന ബില്ലുകൾക്ക് 'അനൌദ്യോഗികബില്ലുകൾ' എന്നും, ഗവൎമ്മെണ്ടിന്ന് വേണ്ടി മന്ത്രിമാർ കൊണ്ടുചെല്ലുന്ന ബില്ലുകൾക്ക് 'ഗവൎമ്മെണ്ടുബില്ലുകൾ' എന്നും പേർ.

(1) ബിൽ അവതരിപ്പിക്കുവാൻ സഭയിലെ ഭൂരിപക്ഷത്തിൻെറ സമ്മതം വേണം.

(2) ബിൽ അവതരിപ്പിച്ച ഉടൻ അതിനെ ഗവൎമ്മെണ്ട് ഗസററിൽ പ്രസിദ്ധംചെയ്യുന്നു.

(3) ബിൽ അവതരണവും പ്രസിദ്ധീകരണവും കഴിഞ്ഞാൽ ബിൽകൎത്താവ് അതിൻെറ ഒന്നാം വായനയ്ക്ക് ആവശ്യപ്പെടും. ബിൽ ഒന്നാം വായനയ്ക്ക് എടുപ്പാനും സഭയിലെ ഭൂരിപക്ഷത്തിൻെറ സമ്മതം ആവശ്യമാണ്. ഒന്നാംവായനയിൽ ബില്ലിൻെറ ആവശ്യകതയെയൊ അടിസ്ഥാനതത്വങ്ങളെയൊ കുറിച്ച് വാദപ്രതിവാദം ചെയ്യാ

മെന്നല്ലാതെ വകുപ്പുകളെ വേർതിരിച്ചെടുത്തു് ആലോചന നടത്തിക്കൂട.

(4) ഒന്നാംവായന കഴിഞ്ഞശേഷം താഴെപറയുന്ന ഏതെങ്കിലും ഒരു പദ്ധതി അംഗീകരിയ്ക്കാം:—

(*a*) ബില്ലിൻെറ രണ്ടാംവായന നടത്തുക (*b*) പൊതുജനാഭിപ്രായം അറിവാനായി ബില്ലിനെ പ്രസിദ്ധപ്പെടുത്തുക. (*c*) ബില്ലിനെ ഒരു സിലക്ട് കമ്മിററിയെ ഏല്പിക്കുക.

സിലക്ട് കമ്മിററി എന്നാൽ ബില്ലിൻെറ നാനാവശങ്ങളെയുംപററി കൂലങ്കഷമായി ആലോചനനടത്തി ബില്ലിൽ വേണ്ടപ്പെട്ട ഭേദഗതികൾചെയ്യുവാൻ ബിൽ കർത്താവടക്കം പാർലിമെണ്ട് മെമ്പർമാരുടെ ഇടയിൽനിന്നു് തിരഞ്ഞെടുത്തു് രൂപീകരിക്കുന്ന ഇരുപതൊ മുപ്പതൊ അംഗങ്ങളടങ്ങിയ ഒരു ചെറുസമിതി എന്നത്ഥമാകുന്നു.

(5) സിലക്ട് കമ്മിററിക്കാർ യോഗംചേർന്നു് വേണ്ടപ്പെട്ട തെളിവുകളും പൊതുജനാഭിപ്രായങ്ങളും ശേഖരിച്ചു് അവയുടെ വെളിച്ചത്തിൽ ബില്ലിനെ പരിഷ്ക്കരിച്ചു് ഒന്നോ രണ്ടോ മാസത്തിന്നകം തങ്ങളുടെ റിപ്പോർട്ട് പാർലിമെണ്ടിന്ന് സമപ്പിയ്ക്കുന്നു.

(6) സിലക്ട് കമ്മിററി റിപ്പോർട്ട് കിട്ടിയശേഷം സഭയുടെ സമ്മതത്തോടുകൂടി ബില്ലിൻെറ രണ്ടാംവായന ആരംഭിയ്ക്കുന്നു. ഇപ്പോൾ ബില്ലിനെ വകുപ്പ് വകുപ്പായി എടുത്തു് വിമശിക്കാവുന്നതാണു്. ഓരോ വകുപ്പിന്നും ഏതുമെമ്പർക്കും എത്ര ഭേദഗതികൾവേണമെങ്കിലും അവതരിപ്പിയ്ക്കാം. ഓരോ വകുപ്പും ഭേദഗതിയോട് കൂടിയോ, കൂടാതെയൊ വോട്ടിന്നിട്ട് പാസ്സാക്കണം.

(7) രണ്ടാംവായന കഴിഞ്ഞശേഷം ബില്ലിൻെറ മൂന്നാംവായന നടത്തുന്നു. ഈ വായനയിൽ നിസ്സാരമായ ചില സാങ്കേതികഭേദഗതികൾ ചെയ്യാമെന്നല്ലാതെ കാര്യമായ യാതൊരു മാററവും വരുത്തിക്കൂട.

(8) അങ്ങിനെ പാർലിമെണ്ടിലെ ഒരു സഭയിൽ മൂന്ന് വായനകഴിച്ച് പാസ്സാക്കിയ ബിൽ മറെറ സഭയിലേയ്ക്ക് അയയ്ക്കുന്നു. മറെറസഭയിലും ബിൽ മൂന്നുവായന കഴിച്ച് പാസ്സാക്കണം.

(9) ഇരുസഭകളിലും പാസ്സാക്കിയ ബിൽ പ്രസിഡെണ്ടിൻെറ അനുമതിക്കായി സമപ്പിയ്ക്കുന്നു. പ്രസിഡെണ്ടിൻെറ അനുമതികിട്ടിയ നിമിഷംമുതൽ ബിൽ ഒരു 'ആക്ട്' അല്ലെങ്കിൽ രാജ്യത്തിലെ നിയമം ആയിതീരുന്നു. പിന്നീട് ആ ആക്ട് അനുസരിച്ചുമാത്രമെ കോടതി വിധികൾ ഉണ്ടാവുകയുള്ളു.

അങ്ങിനെ ഏതുബില്ലും അവതരണം, പ്രസിദ്ധീകരണം, ഒന്നാംവായന, സിലക്ട്കമ്മിററി, റിപ്പോർട്ട്ഘട്ടം, രണ്ടാംവായന, മൂന്നാംവായന, പ്രസിഡെണ്ടിൻെറ അനുമതി എന്നിങ്ങിനെ എട്ടുഘട്ടങ്ങളെ തരണംചെയ്തതിന്നുശേഷം മാത്രമെ നിയമമായി തീരുകയുള്ളു. ധനകാര്യബില്ലൊഴികെ മറേറതുബില്ലും രാജസഭയിലൊ, ലോകസഭയിലൊ അവതരിപ്പിക്കാം. ഒരു സഭ പാസ്സാക്കിയതിന്നുശേഷം ആലോചനക്കായി മറെറ സഭയിലെയ്ക്കയയ്ക്കും. ഒരു സഭ പാസ്സാക്കിയ ബിൽ മറെറ സഭ തള്ളുകയൊ, ബില്ലിലെ ഏതെങ്കിലും വകുപ്പൊ ഭേദഗതിയൊ സംബന്ധിച്ച് സഭകൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാവുകയൊ ചെയ്താൽ

ഇരുസഭകളുടെയും ഒരു സംയുക്തയോഗം വിളിച്ചുകൂട്ടി ആ യോഗത്തിലെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു് കാൎയ്യങ്ങൾ തീരുമാനിക്കുവാൻ പ്രസിഡെണ്ടിന്നു് അധികാരമുണ്ട്.

ധനകാൎയ്യബില്ലുകൾ ലോകസഭയിൽ മാത്രമെ അവതരിപ്പിച്ചുകൂടു. ധനകാൎയ്യബില്ലുകളെസ്സംബന്ധിച്ച പരിപൂൎണ്ണാധികാരം ലോകസഭയ്ക്കു് മാത്രമാണു്. രാജസഭയ്ക്കു് ഇതിൽ അധികാരമില്ല. പൊതുജനങ്ങളുടെമേൽ നികുതികെട്ടുകയൊ, പൊതുഫണ്ടു് ചിലവാക്കുകയൊ ചെയ്യാനുള്ള അധികാരം പൊതുജനപ്രതിനിധികൾക്കു് മാത്രമാണു് എന്നതത്രെ ഇതിന്റെ തത്വം. ഒരു ധനകാൎയ്യബിൽ ലോകസഭയിൽ പാസ്സായാൽ രാജസഭയുടെ ശിപാൎശിക്കായി സമൎപ്പിയ്ക്കണം. രാജസഭ ശിപാൎശിചെയ്താലും ഇല്ലെങ്കിലും രണ്ടുസഭയിലും പാസ്സായതായി ഗണിക്കപ്പെടുകയും പ്രസിഡെണ്ടിന്റെ അനുമതിയ്ക്കായി സമൎപ്പിയ്ക്കപ്പെടുകയുംചെയ്യാം.

ഒരു ബിൽ ധനകാൎയ്യബില്ലൊ, അല്ലയൊ എന്നു് തീൎച്ചപ്പെടുത്തുവാനുള്ള പരമാധികാരം ലോകസഭാസ്പീക്കൎക്കത്രെ. രാജസഭയുടെ ശിപാൎശിക്കൊ, പ്രസിഡെണ്ടിന്റെ അനുമതിക്കൊ സമൎപ്പിക്കുന്ന അത്തരം ബില്ലുകൾ ധനകാൎയ്യബില്ലുകളാണെന്നു് സ്പീക്കർ സൎട്ടിഫൈ ചെയ്യണം. നികുതികെട്ടുവാനൊ, എടുത്തുകളവാനൊ, വിട്ടുകൊടുപ്പാനൊ, വ്യത്യാസപ്പെടുത്തുവാനൊ, നിയന്ത്രിക്കുവാനൊ ഉദ്ദേശിച്ചുകൊണ്ടുള്ള ബില്ലുകൾ, ഗവൎമ്മെണ്ടു് കടമെടുപ്പു് സംബന്ധിച്ച ബില്ലുകൾ, സപ്ലൈ സംബന്ധിച്ച ബില്ലുകൾ, നികുതിവരുമാനം ചിലവുചെയ്യേണ്ടുന്നതിനെസ്സംബന്ധിച്ച ബില്ലുകൾ എന്നിവയെല്ലാം ധനകാൎയ്യബില്ലുകളായി ഗണിയ്ക്കപ്പെടുന്നു.

**ഭരണം:**—പാർലിമെണ്ടിലെ അംഗങ്ങളായ മന്ത്രിമാരാണല്ലൊ ഭരണം കൊണ്ടുനടത്തുന്നതും ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാരുടെ മേൽനോട്ടം വഹിക്കുന്നതും പാർലിമെണ്ടിന്ന് മന്ത്രിമാരെ നയിക്കുവാനും, നിയന്ത്രിക്കുവാനും, വിമൎശിക്കുവാനുമായി പ്രമേയം, അടിയന്തിരപ്രമേയം, ചോദ്യങ്ങൾ, അവിശ്വാസപ്രമേയം എന്നിങ്ങിനെ നാലുമാൎഗ്ഗങ്ങളാണ് ഉള്ളതു്.

**പ്രമേയം:**—ഒരു പ്രധാനപ്പെട്ട പൊതുകാൎയ്യത്തെസ്സംബന്ധിച്ച്, എന്നാൽ ഒരു പ്രത്യേകബില്ല് പാസ്സാക്കുവാൻ തക്കവണ്ണം കാൎയ്യത്തിന്ന് ഗൌരവമില്ലാത്ത അവസരത്തിൽ നിയമസഭയുടെ അഭിപ്രായം മന്ത്രിസഭയെ അറിയിക്കുകയാണ് പ്രമേയത്തിൻെറ ഉദ്ദേശം. പാർലിമെണ്ടിലെ ഏതുമെമ്പൎക്കും ഏതുസംഗതിയെക്കുറിച്ചും പ്രമേയം കൊണ്ടുചെല്ലാം. പ്രമേയം ഒരു നിയമമല്ല. നിയമമാവുകയുമില്ല. പൊതുജനാഭിപ്രായം പാർലിമെണ്ടുവഴി ഗവൎമ്മെണ്ടിനെ അറിയിക്കുന്ന ഒരു ശിപാൎശിയുടെ രൂപമാണ് പ്രമേയത്തിന്നുള്ളതു്. പ്രമേയത്തിൽനിന്ന് പൊതുജനാഭിപ്രായത്തിൻെറ ഗതി മനസ്സിലാക്കി അതിൻവണ്ണം പ്രവൃത്തിക്കുവാൻ മന്ത്രിമാൎക്ക് സാധിക്കുന്നു.

**അടിയന്തിരപ്രമേയം:**—പകൎച്ചവ്യാധി, വെള്ളപ്പൊക്കം, ക്ഷാമം, ലഹള മുതലായ ആകസ്മികസംഭവങ്ങളെക്കുറിച്ച് ആലോചിപ്പാൻ സഭയുടെ സാധാരണ നടപടികൾ നിൎത്തിവെക്കേണമെന്ന് ആവശ്യപ്പെടുന്ന പ്രമേയത്തിന്ന് അടിയന്തിരപ്രമേയം എന്നുപേർ. അടിയന്തിരമായി വേണ്ടുന്ന കാൎയ്യങ്ങളിലേക്ക് മന്ത്രിമാരുടെ ശ്രദ്ധയെ

ക്ഷണിക്കലാകുന്നു ഇതിൻെറ ഉദ്ദേശ്യം. പ്രമേയം അടിയന്തിരമൊ അല്ലയൊ എന്ന് തീരുമാനിക്കുവാനുള്ള അധികാരം സഭാദ്ധ്യക്ഷന്മാൎക്കാകുന്നു.

**ചോദ്യങ്ങൾ:**—ഡിപ്പാൎട്ട്മെണ്ടു് ഭരണത്തെസ്സംബന്ധിച്ചൊ മന്ത്രിമാരുടെ ചെയ്തികളെസ്സംബന്ധിച്ചൊ പാർലിമെണ്ടിലെ ഏതുമെമ്പൎക്കും മന്ത്രിമാരോട് ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾക്ക് ന്യായമായ സമാധാനം പറയേണ്ടുന്ന ചുമതല മന്ത്രിമാൎക്കുണ്ടു്. മറുപടി തൃപ്തികരമല്ലെങ്കിൽ ചോദ്യകൎത്താവിന്നുതന്നെയൊ, മറെറതെങ്കിലും മെമ്പൎക്കൊ ഉപചോദ്യങ്ങൾ ചോദിയ്ക്കാം. ചോദ്യങ്ങൾ ഡിപ്പാൎട്ടുമെണ്ടുകളിലുള്ള വൈകല്യങ്ങളെ മന്ത്രിമാൎക്ക് ചൂണ്ടിക്കാണിച്ചുകൊടുപ്പാനും ഡിപ്പാൎട്ടുമെണ്ടു് നടത്തിപ്പിലേയ്ക്കു് പൊതുജനങ്ങളുടെ ശ്രദ്ധ ആകൎഷിപ്പാനും, ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ വെളിച്ചത്തുകൊണ്ടുവരുവാനും, ഉദ്യോഗസ്ഥന്മാൎക്ക് കൂടുതൽ ഉത്തരവാദിത്വബോധം ഉണ്ടാക്കുവാനും പ്രയോജനപ്പെടുന്നു.

**അവിശ്വാസപ്രമേയം:**—ഏതെങ്കിലും മന്ത്രിയുടെയൊ മന്ത്രിമാരുടെയൊ ഭരണം അസഹ്യമായി തീരുമ്പോൾ മന്ത്രിസഭയോടു് രാജിവെപ്പാനുള്ള പാർലിമെണ്ടിൻെറ ആഹ്വാനമാകുന്നു അവിശ്വാസപ്രമേയം.

**ധനകാൎയ്യം:**—ഓരോ കൊല്ലത്തിൻെറയും അവസാനത്തിൽ ഗവൎമ്മെണ്ടിൻെറ അടുത്ത കൊല്ലത്തെ വരവുചെലവ് പാർലിമെണ്ടു് പാസ്സാക്കിക്കൊടുക്കണം. വരവുചെലവ്കണക്കിൻെറ മുൻകൂട്ടിയുള്ള ആസൂത്രണത്തിന്നു് ബഡ്ജററു് എന്നുപേർ. ധനകാൎയ്യമന്ത്രി അതാതു് കൊല്ലത്തെ

ബഡ്ജറ്റ് പാർലിമെണ്ടിൽ അവതരിപ്പിക്കണം. ഏതെല്ലാം ഇനങ്ങളിൽ നികുതികെട്ടുന്നുണ്ടു്, ഏതെല്ലാം നികുതികൾ ഉപേക്ഷിക്കുകയൊ, അധികരിപ്പിക്കുകയൊ, കുറക്കുകയൊ ചെയ്യുന്നുണ്ടു്, നികുതി പിരിച്ചെടുക്കേണ്ടുന്ന രീതികൾ എന്തെല്ലാം, പ്രതീക്ഷിച്ചിട്ടുള്ള നികുതിത്തുക എത്ര, ഇതിൽനിന്ന് ഓരൊ ഡിപ്പാട്ടുമെണ്ടിന്നും നീക്കിവെച്ചസംഖ്യ എത്ര, ചെലവുകഴിച്ച് എത്ര മിച്ചമുണ്ടായിരിയ്ക്കും, അല്ലെങ്കിൽ ചെലവിന്ന് എന്തുസംഖ്യ പോരാതെവരും എന്നിവയെല്ലാം ബഡ്ജറ്റിൽ വിശദമായി വിവരിച്ചിരിക്കണം. വരവിനങ്ങൾ പാർലിമെണ്ടു് പാസ്സാക്കിയ വിധം മാത്രമെ ഗവമ്മെണ്ടിന്നു പിരിച്ചെടുപ്പാൻ പാടുള്ളൂ.

ഓരോ ഡിപ്പാട്ട്മെണ്ടിന്നും ഒരു കൊല്ലത്തെ ചിലവിന്നുവേണ്ടിയ സംഖ്യ അതാതു് ഡിപ്പാട്ട്മെണ്ടു് ഭരിക്കുന്ന മന്ത്രിമാർ പാർലിമെണ്ടിനോടു് ആവശ്യപ്പെടും. ഈ ആവശ്യപ്പെടലിന്നു് ധനാഭ്യർത്ഥന എന്നുപേർ. ഏതെങ്കിലും ഡിപ്പാട്ടുമെണ്ടിന്റെ ഭരണത്തിൽ അതൃപ്തി രേഖപ്പെടുത്തേണമെങ്കിൽ ആ ഡിപ്പാട്ട്മെണ്ടിന്റെ ധനാഭ്യർത്ഥന വെട്ടിക്കുറയ്ക്കുവാൻ ഏതു് മെമ്പർക്കും ഒരു ഉപക്ഷേപം കൊണ്ടുചെല്ലാം. പാർലിമെണ്ടു് പാസ്സാക്കിയതിൽ കൂടുതലായി ഏതു് ഡിപ്പാട്ട്മെണ്ടിന്നും ചിലവുചെയ്യാൻ പാടുള്ളതല്ല.

# അദ്ധ്യായം 8.

## സ്റ്റെയിററ് ഗവമ്മെണ്ടുകഠം.

**'എ' സ്റ്റെയിററുകഠം:**—മദ്രാസ്, ബോമ്പെ, ഒറിസ്സ, മദ്ധ്യപ്രദേശം, പഞ്ചാബ്, ഉത്തരപ്രദേശം, ബീഹാർ, പടിഞ്ഞാറൻബങ്കാഠം, ആസ്സാം എന്നീ 'എ' സ്റ്റെയിററുകഠം ഓരോന്നിൻെറയും ഭരണത്തലവനായി ഓരോ ഗവണ്ണരെ പ്രസിഡെണ്ടു് നിശ്ചയിക്കുന്നു. ഗവണ്ണരും സ്റ്റെയിററിലെ നിയമസഭയും അടങ്ങിയതാകുന്നു സ്റ്റെയിററ് ഗവമ്മെണ്ടു്.

ഒരു സ്റ്റെയിററിൻെറ ഭരണാധികാരം മുഴുവനും നിക്ഷിപ്തമായിരിക്കുന്നതു് ഗവണ്ണരിലാണു്. ഒരു ഗവണ്ണരെ 5 കൊല്ലത്തെയ്ക്കാണു് നിയമിക്കുന്നതു്. ഗവണ്ണക്കു് ഗവമ്മെണ്ടുവക താമസസ്ഥലവും ചിലവുകഴിച്ചു് 5500ക ശമ്പളവും ഉണ്ടു്. സ്ഥാനം സ്വീകരിക്കുമ്പോഠം സ്റ്റെയിററു് ഹൈക്കോടതിയിലെ ചീഫ്ജസ്റ്റീസ് മുമ്പാകെ ഗവണ്ണർ സത്യവാചകംചൊല്ലണം. സ്റ്റെയിററുമന്ത്രിമാർ, അഡ്വൊക്കെററു് ജനറൽ, ഡിസ്റ്റ്രിക്ട് ജഡ്ജിമാർ, സംസ്ഥാനസർവീസിലുള്ള വലിയ ഉദ്യോഗസ്ഥന്മാർ എന്നിവരെയെല്ലാം നിശ്ചയിപ്പാനുള്ള അധികാരം ഗവണ്ണക്കാണു്. ക്രിമിനിൽ ശിക്ഷയിന്മെൽ ശിക്ഷ ചുരുക്കുവാനൊ, മാപ്പുകൊടുപ്പാനൊ ഉള്ള ദയാധികാരം ഗവണ്ണക്കുണ്ടു്. സ്റ്റെയിററിലെ നിയമസഭ വിളിച്ചുകൂട്ടുവാനൊ, പിരിച്ചുവിടുവാനൊ, നിത്തിവെക്കുവാനൊ, നിയമസഭ പാസ്സാക്കിയ ബില്ലുകഠംക്കു് അനുമതി നൽകുവാനൊ, നിഷേധിപ്പാനൊ, അവയെ പുനരാലോചന

ഷ്ക്ക് നിയമസഭയിലേക്കുതന്നെ മടക്കി അയപ്പാനൊ, ആലോചനയിലിരിക്കുന്ന ബില്ലുകളെസ്സംബന്ധിച്ച് തന്റെ അഭിപ്രായം സന്ദേശരൂപത്തിൽ അയപ്പാനൊ, പാസ്സായ ബില്ലുകൾ പ്രസിഡെണ്ടിന്റെ ആലോചനക്കുവേണ്ടി കരുതിവെപ്പാനൊ, നിയമസഭയിൽ ഹാജരായി പ്രസംഗിപ്പാനൊ അദ്ദേഹത്തിന്ന് അധികാരമുണ്ട്. നിയമസഭ സമ്മേളിക്കാത്ത അവസരങ്ങളിൽ അദ്ദേഹത്തിന്ന് ഓർഡിനാൻസുകൾ പുറപ്പെടുവിയ്ക്കാം. നിയമസഭയിൽ അവതരിപ്പിക്കുന്ന ധനകാര്യബില്ലുകൾക്കൊ ഡിപ്പാർട്ടുമെണ്ടുകളുടെ ധനാഭ്യർത്ഥനകൾക്കൊ അദ്ദേഹത്തിന്റെ മുൻകൂട്ടിയുള്ള സമ്മതംവേണം.

ഭരണനിർവ്വഹണത്തിൽ ഗവർണ്ണരെ ഉപദേശിപ്പാൻ ഓരോ സ്റ്റെയിററിലും ഓരോ സ്റ്റെയിററ് മന്ത്രിസഭയും ഉണ്ട്. സ്റ്റെയിററിലെ പ്രധാനമന്ത്രിയ്ക്കു 'മുഖ്യമന്ത്രി' എന്നാണ് സ്ഥാനപ്പേർ. സ്റ്റെയിററ് അസംബ്ലിയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ മുഖ്യമന്ത്രിയായി ഗവർണ്ണർ നിയമിക്കുകയും മററുമന്ത്രിമാരെ മുഖ്യമന്ത്രിയുടെ ശിപാർശിയനുസരിച്ച് നിശ്ചയിച്ചുകൊടുക്കുകയും ചെയ്യുന്നു. മന്ത്രിമാർ ഏവരും അസംബ്ലിമെമ്പർമാരായിരിക്കണം. മന്ത്രിസഭയ്ക്കു അസംബ്ലിയോടു് കൂട്ടുത്തരവാദിത്വമാണ് ഉള്ളതു്. മന്ത്രിസഭയിൽ തീരുമാനിക്കുന്ന ഏതുകാര്യവും ഗവർണ്ണരെ അറിയിച്ചുകൊണ്ടിരിക്കേണ്ടതു് മുഖ്യമന്ത്രിയുടെ ചുമതലയാണ് ഏതെങ്കിലും വിഷയം മന്ത്രിസഭയിൽ ആലോചനയ്ക്കു വെപ്പിക്കുവാനും ഗവർണ്ണർക്ക് അധികാരമുണ്ട്. അടിയന്തിരഘട്ടങ്ങളിൽ പ്രസിഡെണ്ടിന്റെ കല്പനയനുസരിച്ച്

സഭ തീരെ പിരിച്ചുവിട്ട് സ്റ്റേയിററിൻെറ ഭരണം മുഴുവനും തനിക്കുതന്നെ ഏറെറടുപ്പാനും ഗവർണ്ണർക്ക് അധികാരമുണ്ടു്.

**പാർട്ട് 'ബി' സ്റ്റേയിററുകൾ:**—രാജസ്ഥാൻ, കാഷ്മീർ, ഹൈദ്രബാദ്, മദ്ധ്യഭാരതം, മൈസൂർ, സൌരാഷ്ട്രം, പെപ്സു്, തിരു-കൊച്ചി എന്നീ എട്ടു് 'ബി' സ്റ്റേയിററുകൾ ഓരോന്നിൻെറയും ഭരണത്തലവൻ പ്രസിഡെണ്ടു് അംഗീകരിക്കുന്ന ഓരൊ 'രാജപ്രമുഖൻ' ആകുന്നു. ബ്രിട്ടീഷ്ഭരണകാലത്തെ നാട്ടുരാജ്യങ്ങൾ തരാതരംപോലെ കൂട്ടിച്ചേർത്തു് ഉണ്ടാക്കിയവയാണു് ഈ സ്റ്റേയിററുകൾ. വാഴ്ചയൊഴിഞ്ഞ നാട്ടുരാജാക്കന്മാരുടെ ഇടയിൽനിന്നാണു് രാജപ്രമുഖന്മാരെ തിരഞ്ഞെടുക്കുന്നതു്. രാജപ്രമുഖന്നു് ആജീവനാന്തം ഭരണാധികാരം വഹിക്കാം. അദ്ദേഹത്തിന്നു് സൌജന്യമായ വസതിയും, ഒരു നിശ്ചിതതോതിലുള്ള മാസിഖാനും. പ്രസിഡെണ്ടു് അപ്പപ്പോൾ നിശ്ചയിയ്ക്കുന്ന പദവികളും ലഭിയ്ക്കും.

രാജപ്രമുഖൻെറ അധികാരങ്ങൾ ഗവർണ്ണരുടെതിനോടു് തുല്യമാണു്. രാജപ്രമുഖനെ ഉപദേശിപ്പാനായി ഒരു മന്ത്രിസഭയും, സ്റ്റേയിററു് അസംബ്ലിയും എല്ലാം ഉണ്ടു്. പക്ഷെ ഈ സ്റ്റേയിററുകളിൽ ജനാധിപത്യഭരണത്തിൻെറ പാരമ്പര്യം തികച്ചും സംഭൃതമാകുന്നതുവരെ വരുന്ന പത്തുകൊല്ലക്കാലത്തെയ്ക്കു് യൂനിയൻ പാർലിമെണ്ടിൻെറ സവിശേഷമായ മേൽനോട്ടത്തിലായിരിയ്ക്കും ഇവയിലെ ഭരണം കൊണ്ടുനടത്തപ്പെടുക. പ്രസിഡെണ്ടു് അതാതു് സമയം നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ ഈ സ്റ്റേയിററുകളിലെ ഗവമ്മെണ്ടുകൾ ബാദ്ധ്യസ്ഥരാണു്. അത്തരം നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ ഏതെങ്കിലും സ്റ്റേയി

ററിലെ ഗവമ്മെണ്ടിന്നു് സാധിക്കാതെ വരുന്നപക്ഷം ആ യതു് ഭരണഘടനാവിരുദ്ധമായി കണക്കാക്കപ്പെടുന്നതു ആയിരിക്കും.

**'സി' സ്റ്റേയിററുകൾ:**—'സി' സ്റ്റേയിററുകളുടെ ഭ രണം കൊണ്ടുനടത്തുവാൻ ഓരൊ ചീഫ് കമ്മീഷണറെ പ്ര സിഡെണ്ട് നിശ്ചയിക്കുന്നു. ഇവയിൽ നിയമസഭകളില്ല. നി യമനിർമ്മാണാധികാരം മുഴുവനും യൂനിയൻ പാർലിമെണ്ടി ന്നാണു്. ചീഫ് കമീഷണർമാർ യൂനിയൻ ഗവമ്മെണ്ടിന്റെ അഭ്യന്തരവകുപ്പിന്റെ നേരിട്ടുകീഴിലാകുന്നു. ഇവയ്ക്കോരോ ന്നിന്നും ഓരോ മന്ത്രിസഭയേയോ ഉപദേശകസമിതിയേയോ രൂപീകരിയ്ക്കുവാൻ പാർലിമെണ്ടിന്നു് അധികാരമുണ്ടു്. ഈ സ്റ്റേയിററുകളിലും ക്രമേണ ഉത്തരവാദിത്വഭരണം നടപ്പിൽ വരുത്തണമെന്നു് ഭരണഘടന നിർദ്ദേശിച്ചിട്ടുണ്ടു്.

**'ഡി' സ്റ്റേയിററ്:**—കിഴക്കെകടലിൽ കിടക്കുന്ന ആ ന്തമാൻ നിക്കോബർ ദ്വീപുകളാണു് ഈ സ്റ്റേയിററു്. കുററ ക്കാരെ നാടുകടത്തുവാനാണു് ഈ സ്ഥലം ഉപയോഗപ്പെടു ത്തുന്നതു് ഈ സ്റ്റേയിററ് യൂനിയൻ ഗവമ്മെണ്ടു് നിശ്ച യിക്കുന്ന ഒരു ചീഫ് കമീഷണരുടെ ഭരണത്തിൻകീഴി ലാകുന്നു.

**സ്റ്റേയിററ് നിയമസഭകൾ** (ലെജിസ്ലേററീവ് അ സംബ്ലികൾ):—'എ' സ്റ്റേയിററുകളിലും 'ബി' സ്റ്റേയിററുക ളിലും 75000 ജനസംഖ്യക്കു് ഒരു മെമ്പർവീതം തിരഞ്ഞെ ടുക്കപ്പെട്ട ഓരൊ അസംബ്ലിയുണ്ടായിരിയ്ക്കും. അസംബ്ലികളി ലെ മെമ്പർമാരുടെ എണ്ണം 500ൽ അധികരിപ്പാനൊ 60ൽ

കുറയുവാനൊ പാടില്ല. യൂനിയൻ പാർലിമെണ്ടിലേക്കുള്ള വോട്ടർമാരുടെ പട്ടികതന്നെയാണ് അസംബ്ലിതിരഞ്ഞെടുപ്പിന്നും പ്രമാണം. തിരഞ്ഞെടുപ്പിന്ന് സംസ്ഥാനങ്ങളെ ഏതാണ്ട് 75000 ജനങ്ങളുടങ്ങിയ നിയോജകമണ്ഡലങ്ങളായി തിരിക്കുകയും ഓരൊ നിയോജകമണ്ഡലത്തിൽനിന്നും ഓരൊ മെമ്പറെ തിരഞ്ഞെടുക്കുകയുംചെയ്യും. അസംബ്ലിയുടെ സാധാരണ കാലാവധി 5 കൊല്ലമാകുന്നു. എന്നാൽ അതിലിടക്ക്തന്നെ ഗവർണ്ണർക്ക് (രാജപ്രമുഖന്ന്) സഭ പിരിച്ച്വിട്ട് പുതിയ തിരഞ്ഞെടുപ്പ് നടത്താം. അടിയന്തിരഘട്ടങ്ങളിൽ സഭയുടെ കാലാവധി ഒരു കൊല്ലത്തെയ്ക്കുകൂടി നീട്ടുകയുംചെയ്യാം. വോട്ടവകാശമുള്ള ഏതു് പൌരനും അസംബ്ലിയിലേക്ക് സ്ഥാനാർത്ഥിയായി നിൽക്കാം.

സ്റ്റെയിററ് ലിസ്റ്റിലെയൊ, പൊതുലിസ്റ്റിലെയൊ വിഷയങ്ങളെസ്സംബന്ധിച്ച് നിയമനിർമ്മാണം ചെയ്വാനുള്ള പരിപൂർണ്ണാധികാരം അസംബ്ലിയ്ക്കുണ്ട്. സ്റ്റെയിററ് ഭരണത്തെസ്സംബന്ധിച്ചും, ധനകാര്യങ്ങളെസ്സംബന്ധിച്ചുമുള്ള പരമാധികാരവും അസംബ്ലിയ്ക്കുണ്ട്. അസംബ്ലിയിലെ നടപടിക്രമം പാർലിമെണ്ടിലെ നടപടിക്രമംപോലെതന്നെയാണ്.

**ഉപരിസഭകൾ** (ലെജിസ്ലേററീവ് കൌൺസിലുകൾ):—മദ്രാസ്, ബോമ്പെ, ഉത്തരപ്രദേശം, പഞ്ചാബ്, പടിഞ്ഞാറൻബങ്കാൾ, മൈസൂർ, ബീഹാർ എന്നീ സ്റ്റെയിററുകളിൽ അസംബ്ളിയ്ക്ക് പുറമെ 'കൌൺസിൽ' എന്ന ഓരോ ഉപരിസഭയുംഉണ്ട്. ജനസംഖ്യയെ അപേക്ഷിച്ച് എണ്ണത്തിൽ കുറവായ അദ്ധ്യാപകന്മാർ, സാഹിത്യകാര

ന്മാർ, ഡോക്ടർമാർ, വ്യവസായികൾ, വ്യാപാരികൾ മുതലായവരെ ഭരണകൂടത്തിൽ പ്രതിനിധീകരിയ്ക്കുവാനും, അവരുടെ താല്പര്യസംരക്ഷണത്തിന്നുമായിട്ടാണ് ഇത്തരം കൌൺസിലുകൾ ഏൎപ്പെടുത്തിയിട്ടുള്ളതു്. അസംബ്ലിമെമ്പർമാരുടെ നാലിൽ ഒരു ഭാഗമാണു ഇതിലെ മെമ്പർമാരുടെ എണ്ണം. ഇതിൽ ആറിൽ ഒരു ഭാഗത്തെ ഗവർണ്ണർ (രാജപ്രമുഖൻ) നേരിട്ടു നിയമിക്കുന്നു. മൂന്നിൽ ഒരു ഭാഗത്തെ അസംബ്ലി തിരഞ്ഞെടുക്കുന്നു. പകുതി ലോക്കൽബോർഡുകളും, മുനിസിപ്പാലിററികളും, അദ്ധ്യാപകന്മാരും, സർവ്വകലാശാലാബിരുദധാരികളും കൂടി തിരഞ്ഞെടുക്കുന്നു.

കൌൺസിൽ ഒരു സ്ഥിരം സഭയാകുന്നു. ഈരണ്ടുകൊല്ലം കൂടുമ്പോൾ മൂന്നിൽ ഒരു ഭാഗം മെമ്പർമാർ ഒഴിയുകയും ആ ഒഴിവു് നികത്തുവാൻവേണ്ടി മാത്രം തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുന്നു. കൌൺസിൽ നിലവിലുള്ള സ്റ്റേയിററുകളിൽ നിയമബില്ലുകളെല്ലാംതന്നെ അസംബ്ലിയിലും കൌൺസിലിലും പാസ്സാവണം. ധനകാൎയ്യബില്ലുകളിന്മേൽ മാത്രം കൌൺസിലിന്നു യാതൊരധികാരവുമില്ല. കൌൺസിലും അസംബ്ലിയും തമ്മിൽ അഭിപ്രായവ്യത്യാസം വരുമ്പോൾ അസംബ്ലിയുടെ തീരുമാനം പ്രബലമായിരിയ്ക്കും. പാർലിമെണ്ടിന്നുള്ളതുപോലെ ഇരുസഭകളും കൂടിയുള്ള സംയുക്തയോഗത്തിന്നു് ഇവിടെ വ്യവസ്ഥയില്ല. ഒരു സ്റ്റേയിററിലെ അസംബ്ലിയുടെ അഭിപ്രായം അനുസരിച്ചു കൌൺസിൽ എടുത്തുകളയുകയോ കൌൺസിൽ ഇല്ലാത്ത സ്റ്റേയിററിൽ പുതുതായി ഒന്നു രൂപീകരിയ്ക്കുകയോ ചെയ്യാൻ പാർലിമെണ്ടിന്നു് അധികാരമുണ്ടു്.

**സംസ്ഥാനസിക്രട്ടരിമാർ:**—കേന്ദ്രഗവമ്മെണ്ടിലെ തുപോലെ സ്റ്റെയിററുഗവമ്മെണ്ടുകാംക്കും വകുപ്പുകളുടെ ഭരണം കൊണ്ടുനടത്തുവാൻ സ്ഥിരം സിക്രട്ടെരിമാരും സിക്രട്ടറെയിററുകളും ഉണ്ട്. ഈ സിക്രട്ടെരിമാരും പ്രാപ്തിയും പഴക്കവും ഉള്ള മുതിന്ന സിവിൽസർവീസ് ഉദ്യോഗസ്ഥന്മാർ ആയിരിയ്ക്കും. സ്റ്റെയിററുമന്ത്രിസഭകളുടെ നയപരിപാടികാം പ്രവൃത്തിരൂപത്തിൽ നടപ്പിൽ വരുത്തുവാനുള്ള ചുമതല ഈ സിക്രട്ടെരിമാക്കാകുന്നു.

# അദ്ധ്യായം 9.

## ജില്ലാഭരണം.

ഭരണസൌകയ്യാത്ഥം ഒരോ സ്റ്റെയിററിനെയും അനേകം ജില്ലകളായി ഭാഗിച്ചിരിക്കുന്നു. പൊതുഭരണത്തിൻെറ അടിസ്ഥാനഘടകമാണ് ജില്ല. ഓരോ ജില്ലയിലും ഏതാണ്ട് 10 ലക്ഷം മുതൽ 40 ലക്ഷംവരെ ജനസംഖ്യ ഉണ്ടായിരിയ്ക്കും. ജില്ലയുടെ ഭരണാധിപൻ 'കലക്ടർ' ആകുന്നു. കലക്ടരുടെ ഭരണാധികാരം അതിവിപുലമാണ്. അദ്ദേഹം ജില്ലയിലെ കലക്ടരും, ജില്ലാമജിസ്റ്റ്രേട്ടും, ജില്ലയിലെ പൊതുഭരണാധിപനും ആകുന്നു. കലക്ടരെന്നനിലയ്ക്ക് ജില്ലയിലെ എല്ലാ നികുതിപിരിവിൻെറയും, ഭൂസർവ്വെ, കൃഷിനിലങ്ങാം മുതലായ നികുതികായ്യങ്ങളുടേയും, ഖജാനകളുടേയും, പണത്തിൻെറ വരവുചിലവു കണക്കുകളുടേയും മേലധികാരം കലക്ടക്കാകുന്നു. ഡിസ്റ്റ്രിക്ട് മജിസ്റ്റ്രേട്ട് എന്ന

നിലയ്ക്കു് ജില്ലയിലെ എല്ലാ മജിസ്ട്രേട്ടന്മാരുടേയും മേലധികാരവും, മജിസ്ട്രേട്ടന്മാൎക്കു് പ്രവൎത്തി തിരിച്ചുകൊടുപ്പാനുള്ള അധികാരവും, ഗൌരവമായ ക്രിമിനൽകേസുകൾ വിചാരണ ചെയ്യാനുള്ള നീതിന്യായാധികാരവും, മജിസ്ട്രേട്ടുകോടതികളിലെ വിധികളിന്മേൽ അപ്പീലധികാരവും അദ്ദേഹത്തിന്നുണ്ടു്. പൊതുഭരണാധിപൻ എന്ന നിലയ്ക്കു് ജില്ലയിയിലെ നിയമസമാധാനപരിപാലനത്തിന്റെ ചുമതലയും, പോലീസ് സൈന്യത്തിന്റെ നിയന്ത്രണാധികാരവും, അടിയന്തരഘട്ടങ്ങളിൽ പട്ടാളത്തെ വിളിപ്പിക്കുവാനുള്ള അധികാരവും അദ്ദേഹത്തിന്നുണ്ടു്. കൂടാതെ ജില്ലയിലെ ജയിൽ, എൻജിനീയറിങ്ങ്, വിദ്യാഭ്യാസം, വനം, കോടതികൾ, പൊതുജനാരോഗ്യം, പരസ്പരസഹായം തുടങ്ങിയ എല്ലാ ഗവൎമ്മെണ്ടു സ്ഥാപനങ്ങളുടേയും, ഡിസ്ട്രിക്ട്ബോർഡു്, മുനിസിപ്പാലിററി, പഞ്ചായത്ത്ബോർഡു് എന്നീ തദ്ദേശഭരണ വകുപ്പുകളുടേയും മേൽനോട്ടവും കലക്ടൎക്കുണ്ടു്. ചുരുക്കത്തിൽ യൂനിയൻ ഗവൎമ്മെണ്ടിന്റെയും സ്റ്റെയിററ് ഗവൎമ്മെണ്ടിന്റെയും ഭരണാധികാരത്തിന്റെ ജില്ലാ പ്രതിനിധിയാണു് കലക്ടർ.

എന്നാൽ ഗവൎമ്മെണ്ടുകല്പനകൾ നടപ്പിൽ വരുത്തുന്ന യന്ത്രസദൃശമായ ഒരു സ്ഥാനം മാത്രമല്ല കലക്ടരുടേതു്. നാട്ടിന്റെ അഭിവൃദ്ധിക്കുവേണ്ടി സാമൂഹ്യമായ പല സേവനങ്ങളും നിൎവ്വഹിപ്പാനുള്ള സാദ്ധ്യതയും വിവേചനാധികാരവും അദ്ദേഹത്തിന്നുണ്ടു്. ജില്ലയിലെ സാമ്പത്തികവും സാമൂഹ്യവും ആയ സ്ഥിതിഗതികളെ സസൂക്ഷ്മം മനസ്സിലാക്കി

അപ്പപ്പോൾ ഗവമ്മെണ്ടിനെ അറിയിച്ചുകൊണ്ടിരിക്കേണ്ടുന്ന ചുമതലയും അദ്ദേഹത്തിന്നുണ്ട്. അടിയന്തരഘട്ടങ്ങളിൽ നാട്ടിൻെറ ക്ഷേമത്തിന്നും ഭദ്രതയ്ക്കുംവേണ്ടി തൻെറ സ്വന്തം ഉത്തരവാദിത്വത്തിന്മേൽ ഒരു നിശ്ചിതസംഖ്യവരെ ചിലവുചെയ്യാനും അദ്ദേഹത്തിന്ന് അധികാരമുണ്ട്.

ഒരു ജില്ലയിലെ സമാധാന പരിപാലനത്തിൻെറ ചുമതല വഹിക്കുന്ന പൊതുഭരണാധിപൻ എന്ന നിലയ്ക്ക് കുററക്കാരെ പ്രൊസിക്യൂട്ടു ചെയ്യിക്കുവാനുള്ള പരമാധികാരം കലക്ടർക്കാണല്ലൊ. ഡിസ്ത്രിക്ട് മജിസ്ട്രേട്ട് എന്ന നിലയ്ക്ക് അവരെ വിചാരണചെയ്യാനൊ ചെയ്യിയ്ക്കുവാനോ ഉള്ള നീതിന്യായാധികാരവും അദ്ദേഹത്തിന്നുതന്നെയാണ്. ഈ രണ്ട് അധികാരങ്ങളും ഒരാളിൽതന്നെ നിക്ഷിപ്തമാകുന്നത് നീതിന്യായ തത്വങ്ങൾക്ക് വിരുദ്ധമത്രെ. ആകയാൽ അടുത്തകാലത്തായി മിക്ക സ്റ്റെയിററുകളിലും ജില്ലാകലക്ടർമാരുടെ മജിസ്ട്രേട്ടധികാരത്തെ എടുത്തുകളഞ്ഞു ഡിസ്ത്രിക്ട് ജെഡ്ജിയുടെ നേരിട്ടു കീഴിൽ ഡിസ്ത്രിക്ട് മജിസ്ട്രേട്ടുമാരെയും, കിഴ് മജിസ്ട്രേട്ടുമാരേയും പ്രത്യേകമായി നിയമിച്ചുവരുന്നുണ്ട്.

കലക്ടരുടെ കീഴിൽ ഒരു ജില്ലയെ മൂന്നൊ നാലൊ സബ്ബ് ഡിവിഷനുകളായി തിരിച്ചിരിക്കും. പ്രധാന സബ്ബ് ഡിവിഷനുകളെല്ലാം അഖിലേന്ത്യാ സർവീസിൽപെട്ട I. A. S. ഉദ്യോഗസ്ഥന്മാരുടെ ചാർജ്ജിലും, അപ്രധാനമായവ സംസ്ഥാനസർവീസിലുള്ള ഡിപ്പ്യൂട്ടി കലക്ടർമാരുടെ കീഴിലും ആയിരിയ്ക്കും. ഒരു സബ്ബ് ഡിവിഷൻ ചാർജ്ജുള്ള ഉദ്യോ

ഗസ്ഥനെ 'തുക്ടി' എന്നാണ് പറയുക. നികുതിപിരിവ് വിഷയത്തിൽ ഇദ്ദേഹത്തിന്നു് സബ്ബ് കലക്ടർ എന്നും, പൊതുഭരണവിഷയത്തിൽ 'ഡിവിഷനൽ ഓഫീസർ' എന്നും, ക്രിമിനൽ അധികാരത്തിൽ 'സബ്ബ്ഡിവിഷനൽ മജിസ്ട്രേട്ട്' എന്നും ആകുന്നു സ്ഥാനപ്പേർ. തൻെറ ഡിവിഷനിലെ നികുതിപിരിവിൻേറയും, സമാധാനപരിപാലനത്തിൻെറയും, ക്രിമിനൽ നീതിന്യായത്തിൻെറയും പരിപൂർണ്ണാധികാരം ഇദ്ദേഹത്തിന്നുണ്ടു്. ഇദ്ദേഹത്തിൻെറ കീഴിൽ ക്രിമിനൽ നീതിന്യായം കൊണ്ടു നടത്തുവാൻ താലൂക്ക്തോറും ഒന്നോ രണ്ടോ സബ്ബ്മജിസ്ട്രേട്ടുമാരും, അംശങ്ങളിൽ ഗ്രാമപഞ്ചായത്തും നഗരങ്ങളിൽ ബെഞ്ച്കോടതികളും ഉണ്ടു്.

ഓരോ സബ്ബ്ഡിവിഷനിലും രണ്ടോ മൂന്നോ താലൂക്കുകൾ അടങ്ങിയിരിക്കും. താലൂക്കിൻെറ അധിപനായ തഹസിൽദാർ താലൂക്കിലെ നികുതിപിരിവിൻേറയും പൊതുഭരണത്തിൻേറയും, താലൂക്ക് ഖജാനയുടേയും, വരവ്ചെലവ് കണക്കുകളുടേയും ബാദ്ധ്യത വഹിയ്ക്കുന്നു. തഹസിൽദാരുടെ കീഴിൽ താലൂക്കിൻെറ ഏതെങ്കിലും ഒരു വിഭാഗത്തിൻെറ ചാർജ്ജ്‌വഹിക്കുവാൻ ഡിപ്പ്യൂട്ടി തഹസിൽദാർ എന്ന ഒരു ഉദ്യോഗസ്ഥനുണ്ടു്. ഡിപ്പ്യൂട്ടി തഹസിൽദാർക്ക് സബ്ബ്മജിസ്ട്രേട്ടധികാരവുമുണ്ടു്.

ഓരോ താലൂക്കും നാലോ അഞ്ചോ 'ഫർക്ക'കളായി തിരിച്ചിരിക്കും. ഓരോ ഫർക്കയിലും ഇരുപതോളം അംശങ്ങൾ അടങ്ങിയിരിക്കും. ഫർക്കയിലെ നികുതിപിരിവിൻെറയും പൊതുഭരണത്തിൻെറയും ചുമതല വഹിക്കുവാൻ റവന്യൂഇൻസ്പെക്ടർ എന്ന ഉദ്യോഗസ്ഥനും, അംശങ്ങളിൽ അംശം അധികാരിയും ഉണ്ടു്.

# അദ്ധ്യായം 10.

## ഗവമ്മേണ്ടുദ്യോഗങ്ങൾ. (സർവീസുകൾ)

ഗവമ്മേണ്ടുദ്യോഗങ്ങളെ പൊതുവിൽ, 'ദേശരക്ഷാ സർവീസുകൾ' എന്നും, 'സീവിൽ സർവീസുകൾ' എന്നും രണ്ടായി തിരിയ്ക്കാം. കര-കടൽ-ആകാശസേനകൾ, ആയുധനിമ്മാണം, പട്ടാളം സംബന്ധിച്ച വരവുചിലവു കണക്കുകൾ മുതലായ വകുപ്പുകളിലെ ഉദ്യോഗങ്ങൾക്ക് ദേശരക്ഷാ സർവീസുകൾ എന്നു പേർ. ഈ സർവീസുകളിലേക്കുള്ള ഉദ്യോഗസ്ഥന്മാരുടെ തിരഞ്ഞെടുപ്പ്, നിയമനം, പരിശീലനം, മാസപ്പടി കയററം, അച്ചടക്കം തുടങ്ങിയ എല്ലാ കാര്യങ്ങളുടേയും ചുമതല വഹിയ്ക്കുന്നതു് യൂനിയൻ ഗവമ്മേണ്ടിൻെറ രാജ്യരക്ഷാ വകുപ്പാകുന്നു.

രാജ്യത്തിലെ അഭ്യന്തരമായ എല്ലാ കാര്യങ്ങളേയും കൊണ്ടുനടത്തുവാനുള്ള ഉദ്യോഗങ്ങൾക്ക് സീവിൽ സർവ്വീസുകൾ എന്നു പേർ. സീവിൽ സർവീസുകളിൽ (1) കേന്ദ്ര സർവീസുകൾ (2) അഖിലേന്ത്യാ സർവീസുകൾ (3) സംസ്ഥാന സർവീസുകൾ (4) സബൊർഡിനെയിററ് സർവീസുകൾ എന്നീ നാലു വകുപ്പുകൾ ഉണ്ടു്. ഇതിൽ ഒന്നുമുതൽ മൂന്നുകൂടി വകുപ്പുകൾക്ക് "ഗസററഡ് സർവീസുകൾ" എന്നും നാലാം വകുപ്പിന്നു് "നോൺ ഗസററഡ് സർവീസുകൾ" എന്നും പേരുണ്ടു്.

**കേന്ദ്ര സർവീസുകൾ:**—യൂനിയൻ ഗവമ്മേണ്ടു് നേരിട്ടു ഭരിക്കുന്ന റെയിൽവെ, തപാൽ, ചുങ്കം, ആദായ നികുതി, ധനകാര്യം, വാണിജ്യം തുടങ്ങിയ വകുപ്പുകളിലെ ഉയ

ന്ന ഉദ്യോഗങ്ങൾക്കാണ് കേന്ദ്ര സർവീസുകൾ എന്നു പറയുന്നതു്. "ഇന്ത്യൻ ഓഡിററ് ഏൻഡ് എക്കൌണ്ട്സ് സർവീസ്", ഇന്ത്യൻ സ്റ്റെയിററ് റയിൽവെ സർവീസ്", "തപാൽ കമ്പി സർവീസ്", "ഇന്ത്യൻ ചുങ്കസർവീസ്" എന്നിവയെല്ലാം കേന്ദ്ര സർവീസുകളാകുന്നു. ഈ സർവീസുകളിലെ ഉദ്യോഗങ്ങളെസ്സംബന്ധിച്ച സകല ചുമതലകളും യൂനിയൻ ഗവമ്മെണ്ടിന്നാകുന്നു

**അഖിലേന്ത്യാ സാർവ്വീസുകൾ:**—സ്റ്റെയിററുകളുടെ ഭരണത്തിൽ കാര്യക്ഷമതയും, ഐകരൂപ്യവും വരുത്തുവാനും, സ്റ്റെയിററു ഭരണവും യൂനിയൻ ഭരണവും തമ്മിൽ ബന്ധപ്പെടുവാനും ആയി സ്റ്റെയിററുകളിലെ ഉയന്ന ചില ഉദ്യോഗങ്ങൾ ഭരിക്കുവാൻവേണ്ടി യൂനിയൻ ഗവമ്മെണ്ടു് തിരഞ്ഞെടുത്തു് പരിശീലനം കഴിപ്പിച്ചു് അയക്കുന്ന ഉദ്യോഗസ്ഥന്മാക്കു് അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥന്മാർ എന്നു പേർ. ഇന്ത്യൻ അഡ്മിനിസ്ട്രേയിററീവ് (I. A. S.), ഇന്ത്യൻ പോലീസ് സർവിസും (I. P. S.) ആണു് അഖിലേന്ത്യാ സർവീസുകൾ. സബ്ബ്കലക്ടർ, കലക്ടർ, ഗവമ്മെണ്ടു് സിക്രട്ടെരിമാർ, റവന്യൂബോർഡ് മെമ്പർമാർ, കമീഷണർമാർ, ചീഫ്കമീഷണർമാർ മുതലായ ഉദോഗസ്ഥന്മാരെല്ലാം ഇന്ത്യൻഭരണ സർവീസിൽ (I. A. S.) ഉൾപ്പെട്ടവരായിരിയ്ക്കും. അതുപോലെ പോലീസ് അസിസ്റ്റണ്ടു് സൂപ്രണ്ടു് തുടങ്ങി മേല്പോട്ടു് ഇൻസ്പെക്ടർ ജനറൽ വരെയുള്ള ഉദ്യോഗങ്ങളിലുള്ളവരെല്ലാം ഇന്ത്യൻ പോലീസ്സർവീസിൽ ഉള്ളവരായിരിയ്ക്കും. അഖിലേന്ത്യാ സ

ർവീസുകളുടെ മേൽനോട്ടം യൂനിയൻ ഗവമ്മേണ്ടിന്റെ അഭ്യന്തരവകുപ്പിന്നാകുന്നു.

**സംസ്ഥാനസാർവ്വീസുകാം:**—സ്റ്റേയിററുകാം നേരിട്ടുഭരിക്കുന്ന വകുപ്പുകളിലെ ഉയന്ന ഉദ്യോഗങ്ങാംക്ക് സംസ്ഥാന സർവീസുകാം എന്നു പേർ. ഇവയിലേയ്ക്കു് നിയമനം നടത്തുവാനുള്ള അധികാരം സ്റ്റേയിററുഗവമ്മേണ്ടുകാംക്കാകുന്നു. നേരിട്ടു് തിരഞ്ഞെടുപ്പുമൂലമൊ, കീഴുദ്യോഗസ്ഥന്മാക്കു് കയററംകൊടുത്തൊ ഈ ഉദ്യോഗങ്ങളിലേയ്ക്കു് നിയമനം നടത്തുന്നു. ഈ ഉദ്യോഗങ്ങാംക്ക് സംസ്ഥാന ഗസററഡ് സർവീസുകാം എന്നും പറയും. റവന്യൂവകുപ്പിൽ ഡിപ്പ്യൂട്ടി കലക്ടർമാരും, പോലീസ് വകുപ്പിൽ ഡിപ്പ്യൂട്ടി പ്രസിഡെണ്ടുമാരും ഈ വകുപ്പിൽ പെടും. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ കൃഷി ആപ്പീസർ, അസിസ്റ്റാണ്ടു് എൻജിനീയർ, സിവിൽ സർജൻ, ഹെൽത്താപ്പീസർ, പരസ്പരസഹായ റജിസ്ത്രാർ, ഡിസ്ത്രിക്ട് റജിസ്ത്രാർ, കോളേജ് ലക് ചറർ തുടങ്ങി മേല്പോട്ടുള്ള എല്ലാ ഉദ്യോഗങ്ങളും സംസ്ഥാനസർവീസിൽ ഉൾപ്പെടും.

**സബോഡിനെയിററ് സാർവ്വീസുകാം:**—താസൽദാരുടെ ഗ്രെയിഡ് മുതൽ കീഴോട്ടുള്ള ഉദ്യോഗങ്ങാംക്കെല്ലാം കൂടി സബോർഡിനെയിററ് സർവീസുകാം എന്നു പറയും. താസിൽദാർ, മജിസ്റ്റ്രേട്ട്, സപ്ലൈ ആപ്പീസർ, പോലീസ് സർക്കിംാം ഇൻസ്പെക്ടർ, സ്റ്റ്രൂാം സിപ്പ്യൂട്ടിഇൻസ്പെക്ടർ, സ്ക്കൂാം ഡിപ്പ്യൂട്ടി ഇൻസ്പെക്ടർ, ഗവമ്മെണ്ടു് സ്കൂാം അദ്ധ്യാപകന്മാർ, കൃഷി ഡിമോൺസ്റ്റ്രേയിററർ, സബ്ബ് റജിസ്ത്രാർ, സബ്ബ് അസിസ്റ്റണ്ടു് സർജൻ, വനം റെയിഞ്ചർ, പൊതു

മരാമത്ത് സൂപ്രവൈസർ, ഓവർസിയർ മുതലായവരും ക്ലാർക്കുമാരും ഈ ഇനത്തിൽ ഉൾപ്പെടും.

**പബ്ലിക്ക് സർവീസ് കമീഷൻ:**-ഒരു ജനാധിപത്യഭരണവ്യവസ്ഥയിൽ ജനങ്ങളുടെ രാഷ്ട്രീയാഭിലാഷമനുസരിച്ച് ഗവൎമ്മെണ്ട് പലപ്പോഴും മാറിക്കൊണ്ടിരിക്കും. ആകയാൽ യൂനിയനിലെയും സംസ്ഥാനങ്ങളിലെയും ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാരുടെ സർവീസ് വ്യവസ്ഥകളുടെ ഭദ്രതയ്ക്കു വേണ്ടി അവരുടെ നിയമനം, കയററം, ശമ്പളം, അച്ചടക്കം എന്നീ സംഗതികളുടെ സൎവ്വസ്വാതന്ത്ര്യമായ മേൽനോട്ടം വഹിക്കുവാൻ നിഷ്പക്ഷമായ ഒരു പബ്ലിക്ക് സർവീസ് കമീഷൻ ഉണ്ടായിരിക്കേണമെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിയ്ക്കുന്നു. പഴക്കവും പ്രാപ്തിയും ഉള്ള ഏതാനും ഉയൎന്ന ഉദ്യോഗസ്ഥന്മാരും ഏതാനും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു സമിതിയാണ് പബ്ലിക്ക് സർവീസ് കമീഷൻ. യൂനിയൻ പബ്ലിക്ക് സർവീസ് കമീഷനെ പ്രസിഡെണ്ടും, സ്റ്റേയിററു ഗവൎമ്മെണ്ടിൻെറ പബ്ലിക്ക് സർവീസ് കമീഷനെ അതാത് സ്റ്റേയിററിൻെറ ഭരണത്തലവനുമാണ് നിശ്ചയിയ്ക്കുന്നതു്. ഒരിയ്ക്കൽ നിശ്ചയിച്ചു കഴിഞ്ഞാൽ സുപ്രീംകോടതിയുടെ ഒരു അന്വേഷണത്തിന്നു വിധേയമായിട്ടുമാത്രമെ കമീഷൻ അംഗങ്ങളെ പിരിക്കുവാൻ പാടുള്ളൂ. ആറുകൊല്ലത്തേക്കാണ് അംഗങ്ങളുടെ നിയമനം. അംഗങ്ങളുടെ ശമ്പളം അലവൻസ് പെൻഷൻ മുതലായവയെല്ലാം പാർലിമെണ്ടിൻെറ അധികാരത്തിന്നും അതീതമായി ഗവൎമ്മെണ്ടിൻെറ സ്ഥിരം ചെലവുകളായി കണക്കാക്കപ്പെട്ടുമെന്ന് ഭരണഘടനയിൽത

ന്നെ നിശ്ചയിച്ചിരിയ്ക്കുന്നു. പബ്ളിക്ക് സർവീസ് കമീഷൻ അംഗങ്ങൾക്ക് പെൻഷനായാൽ പിന്നീട് മററുദ്യോഗങ്ങളിൽ ഇരുന്നുക്കൂട.

പരീക്ഷകൾ നടത്തി ഗവർമ്മെണ്ടുദ്യോഗത്തിന്ന് പ്രാപ്തരായവരെ തിരഞ്ഞെടുക്കലും, ഉദ്യോഗസ്ഥന്മാരുടെ നിയമനം, നിയന്ത്രണം, കയററം, ശിക്ഷ എന്നിവയെസ്സംബന്ധിച്ച് ഗവർമ്മെണ്ടിനെ ഉപദേശിക്കലുമാണ് പബ്ളിക്ക് സർവീസ് കമീഷൻെറ കർത്തവ്യങ്ങൾ. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അലവൻസ്, പെൻഷൻ, മററ് അവകാശങ്ങൾ എന്നിവ സുരക്ഷിതമാക്കേണ്ടുന്ന ബാദ്ധ്യതയും അവർക്കുണ്ട്. ഏതു ഉദ്യോഗസ്ഥനും തൻെറ മേലധികാരി മുഖാന്തിരം കമീഷൻെറ അടുക്കൽ സങ്കടങ്ങൾ ബോധിപ്പിക്കാം.

കൊല്ലംതോറും കമ്മീഷൻെറ പ്രവർത്തനത്തിൻെറ ഒരു റിപ്പോർട്ട് അതാത് ഗവർമ്മെണ്ടിലേക്ക് സമർപ്പിക്കേണ്ടതുണ്ടെന്നും, ആ റിപ്പോർട്ട് ഗവർമ്മെണ്ട് നിയമസഭമുമ്പാകെ വെക്കേണ്ടതാണെന്നും ഭരണഘടനയിൽ നിർദ്ദേശമുണ്ട്. വല്ല സംഗതിയാലും പബ്ളിക്ക് സർവീസ് കമ്മീഷൻെറ ശിപാർശികളെ ഗവർമ്മെണ്ട് അവഗണിച്ചിട്ടുണ്ടെങ്കിലൊ, കമ്മീഷൻെറ അറിവുകൂടാതെ ഗവർമ്മെണ്ട് വല്ല നിയമനവും നടത്തിയിട്ടുണ്ടെങ്കിലൊ ആയതിന്ന് ന്യായമായ സമാധാനം മന്ത്രിസഭ പറയേണ്ടതുണ്ട്. കമ്മീഷൻെറ സച്ച്സ്വാതന്ത്ര്യമായ സ്വഭാവം നിലനിർത്തുവാൻ വേണ്ടിയാണ് ഈ വ്യവസ്ഥ ചെയ്തിട്ടുള്ളതു്.

**വിദേശ സർവീസുകഠം:—** വിദേശങ്ങളിൽ തന്ത്ര പരമായും, വ്യാപാരപരമായും മററും ഇന്ത്യയെ പ്രതിനിധീകരിക്കുന്ന അമ്പാസിഡർമാർ, ഹൈക്കമ്മീഷണർ, വ്യാപാര കമ്മീഷണർമാർ, അവരുടെ സിക്രട്ടെരിമാർ, ഡിപ്പ്യൂട്ടിമാർ, അസിസ്റ്റാണ്ടുമാർ, പട്ടാളഅകമ്പടികഠം മുതലായ ഉദ്യോഗങ്ങഠംക്ക് 'വിദേശസർവീസുകഠം' എന്നു പേർ. ഇതിൽ പട്ടാള ഉദ്യോഗസ്ഥന്മാരും, സിവിൽ ഉദ്യോഗസ്ഥന്മാരും ഉണ്ട്. ഈ ഉദ്യോഗങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്, നിയമനം മുതലായവയുടെ സവ്വ ചുമതലകളും വഹിക്കുന്നതു് യൂനിയൻ ഗവമ്മെണ്ടിൻെറ വിദേശവകുപ്പാകുന്നു.

## അദ്ധ്യായം 11.

### ഇന്ത്യയിലെ നീതിന്യായപരിപാലനം— കോടതികഠം.

തികച്ചും നിഷ്പക്ഷവും നിർഭയവുമായ നീതിന്യായപരിപാലനം നിവ്വഹിപ്പാനുള്ള സവ്വസ്വാതന്ത്ര്യങ്ങളും നമ്മുടെ ഭരണഘടന ഇന്ത്യയിലെ കോടതികഠംക്ക് നൽകിയിരിക്കുന്നു. പാർലിമെണ്ടിന്നൊ പ്രസിഡെണ്ടിന്നൊപോലും കോടതികളുടെ കത്തവ്യങ്ങളിൽ കൈചെലുത്തുവാൻ പാടില്ല. ഒരു ജനാധിപത്യഭരണവ്യവസ്ഥയിൽ പൌരാവകാശങ്ങളുടെ ഭദ്രത സ്ഥിതിചെയ്യുന്നതു് സർവ്വസ്വാതന്ത്രമായ നീതിന്യായപരിപാലനത്തിലാണല്ലൊ.

**സുപ്രീംകോടതി:—** ഇന്ത്യയിലെ ഏററവും ഉന്നതമായ ന്യായാസനത്തിന്നു് സുപ്രീംകോടതി എന്നാണു് പേർ.

സുപ്രീംകോടതിയിൽ ഒരു പ്രധാന ജഡ്ജിയും, ഏഴ് ജഡ്ജിമാരും ഉണ്ട്. പ്രധാന ജഡ്ജിയ്ക്ക് 'ഇന്ത്യാ ചീഫ്ജസ്റ്റിസ്' എന്നാണ് സ്ഥാനപ്പേർ. സുപ്രീംകോടതിയിലേയും ഹൈക്കോടതിയിലേയും ജഡ്ജിമാർക്ക് 'ജസ്റ്റിസ്' (നീതിജ്ഞൻ) എന്ന സ്ഥാനപ്പേരുണ്ട്. ചീഫ്ജസ്റ്റിസിനെ നിയമിയ്ക്കുന്നതു് പ്രസിഡെണ്ടാകുന്നു. ചീഫ്ജസ്റ്റിസുമായി ആലോചിച്ചു് ജഡ്ജിമാരേയും നിയമിക്കുന്നു. അഞ്ചുകൊല്ലത്തിൽ ചുരുങ്ങാതെ സർവീസുള്ള ഒരു ഹൈക്കോർട്ട് ജഡ്ജിയേയോ, പത്തുകൊല്ലത്തിലധികം ഹൈക്കോടതി വക്കീലായി പരിചയിച്ച ഒരു പ്രസിദ്ധ അഭിഭാഷകനേയോ മാത്രമെ സുപ്രീംകോടതി ജഡ്ജിയായി നിയമിയ്ക്കുകയുള്ളു. നിർഭയമായും സ്വതന്ത്രമായും ഉദ്യോഗം തുടൻകൊണ്ടുപോകുവാൻവേണ്ടി ഓരോ ജഡ്ജിക്കും 65 വയ തികയുന്നതുവരെ ഉദ്യോഗസ്ഥിരതയും, പ്രധാനജഡ്ജിയ്ക്ക് 5000 കയും മററു ജഡ്ജിമാക്ക് 4000 കയും ശമ്പളവും, ഔദ്യോഗികമായ വസതിയും, നൽകപ്പെടുമെന്ന് ഭരണഘടനയിൽതന്നെ വ്യവസ്ഥ ചെയ്തിരിയ്ക്കുന്നു. കോടതിയിലെ കീഴുദ്യോഗസ്ഥന്മാരെ നിശ്ചയിപ്പാനൊ പിരിക്കുവാനൊ ഉള്ള സ്വാതന്ത്ര്യവും പ്രധാന ജഡ്ജിയ്ക്കുണ്ട്. പ്രസിഡെണ്ടാണ് ജഡ്ജിമാരെ നിശ്ചയിക്കുന്നതു് എങ്കിൽകൂടി പാർലമെണ്ടിൻെറ മൂന്നിൽ രണ്ടുഭാഗം മെമ്പർമാരുടെ ഭൂരിപക്ഷാഭിപ്രായം ഉണ്ടെങ്കിൽ മാത്രമെ ഒരു ജഡ്ജിയെ പിരിച്ചുകൂടു. അങ്ങിനെ ജഡ്ജിമാരുടെ ഉദ്യോഗസ്ഥിരതയും പദവിയും അധികാരങ്ങളും എല്ലാം ഭരണഘടനാപരമായിത്തന്നെ ഏററവും ഭദ്രമാക്കിയിരിയ്ക്കുന്നു.

സുപ്രീംകോടതി ഡൽഹിയിലാണെങ്കിലും പ്രസിഡെണ്ടിൻെറ അനുമതിയോടുകൂടി ചീഫ് ജസ്റ്റീസ് നിശ്ചയിയ്ക്കുന്ന മററു സ്ഥലങ്ങളിലും അതിന്ന് കച്ചേരി ചെയ്യാം. സുപ്രീംകോടതിയുടെ അധികാരങ്ങൾ അതിവിപുലമാണ്. ഇന്ത്യയിലെ എല്ലാ കോടതികളുടേയും മേലധികാരം അതിന്നുണ്ട്. ഭരണഘടനയിലെ വകുപ്പുകളെ വ്യാഖ്യാനിക്കുവാനുള്ള പരമാധികാരം സുപ്രീംകോടതിയ്ക്കാണ്. ആദ്യം—അപ്പീൽ—റിവിഷൻ ഉപദേശകഅധികാരങ്ങളും വിപുലമാണ്. യൂനിയൻ ഗവമ്മെണ്ടും സ്റ്റെയിററ് ഗവമ്മെണ്ടുകളും തമ്മിലൊ, സ്റ്റെയിററുഗവമ്മെണ്ടുകൾ തമ്മിൽ തമ്മിലൊ വല്ല തക്കവും ഉത്ഭവിക്കുമ്പോൾ വിചാരണചെയ്തു് വിധികല്പിക്കുവാനുള്ള ആദ്യാധികാരം സുപ്രീംകോടതിയ്ക്കാണ്. സിവിലായും, ക്രിമിനിലായും, നിയമവ്യാഖ്യാനപരമായും ഉള്ള ഹൈക്കോടതി വിധികളിന്മേൽ അപ്പീലുകളും അതിന്ന് വിചാരണചെയ്യാം. ഇന്ത്യയിലെ റവന്യൂ കോടതികൾ, പരസ്പരസഹായ മദ്ധ്യസ്ഥകോടതികൾ, വ്യവസായ കോടതികൾ മുതലായ എല്ലാവിധ പ്രത്യേക കോടതികളുടേയും വിധികളിന്മേൽ റിവിഷൻ അധികാരവും സുപ്രീംകോടതിയ്ക്കുണ്ട്. പ്രധാനപ്പെട്ട പൊതുക്കാര്യങ്ങളിൽ പ്രസിഡെണ്ടിന്ന് നിയമസംബന്ധമായ ഉപദേശങ്ങൾ കൊടുപ്പാനും അതിന്ന് അധികാരമുണ്ട്. രാജ്യത്തിലെ ഏററവും ഉന്നതമായ ന്യായാസനത്തിൻെറ നിലയ്ക്ക് സുപ്രീംകോടതി വിധികളാണ് മറെറല്ലാ കോടതികൾക്കും മാർഗ്ഗനിർദ്ദേശകം. വിധികൾ നടപ്പിൽവരുത്തുന്നതിന്ന് സുപ്രീംകോടതിയെ സഹായിപ്പാൻ ഇന്ത്യയിലെ ഏതു് ഉദ്യോഗസ്ഥനും ബാദ്ധ്യതയുണ്ട്.

**ഹൈക്കോടതികൾ:**—ഒരു സംസ്ഥാനത്തിലെ ഏററവും വലിയ ന്യായക്കോടതിയ്ക്കു് 'ഹൈക്കോടതി' എന്നു പറയും. ഓരോ ഹൈക്കോടതിയിലും ഓരോ ചീഫ്ജസ്റ്റീസ്സും പ്രവൃത്തിയുടെ ഏററക്കുറവനുസരിച്ചു് നാലുമുതൽ പതിനാറുവരെ ജഡ്ജിമാരും ഉണ്ടായിരിയ്ക്കും. ഇന്ത്യാ ചീഫ് ജസ്റ്റീസ്സും, അതാതു് സംസ്ഥാനത്തിലെ ഗവണ്ണരും (രാജപ്രമുഖനും) ആയി ആലോചിച്ചു് പ്രസിഡെണ്ടാണു് ഹൈക്കോടതി ജഡ്ജിമാരെ നിശ്ചയിയ്ക്കുന്നതു്. ഒരു ഹൈക്കോടതി ജഡ്ജിക്ക് 60 വയസ്സുവരെ ഉദ്യോഗത്തിൽഇരിക്കാം. പത്തുകൊല്ലക്കാലം നിയമസംബന്ധമായ ഉദ്യോഗം ഭരിച്ചോരാളെയോ, പത്തുകൊല്ലം ഹൈക്കോടതിയിൽ വക്കീലായി പരിചയമുള്ള ഒരു വിദഗ്ദ്ധ അഭിഭാഷകനെയൊ മാത്രമെ ഹൈക്കോർട്ടുജഡ്ജിയായി നിയമിക്കുകയുള്ളു.

ഹൈക്കോടതി പ്രധാനജഡ്ജിയുടെ ശമ്പളം 4000കയും മററു ജഡ്ജിമാരുടേതു് 3500 കയും ആയിരിക്കുമെന്നു് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിയ്ക്കുന്നു കൂടാതെ ഉദ്യോഗസ്ഥിരതയിലും, പദവിയിലും, സ്വാതന്ത്ര്യത്തിലും സുപ്രീംകോടതി ജഡ്ജിമാക്കു് പറഞ്ഞ എല്ലാ ആനുകൂല്യങ്ങളും രക്ഷാവ്യവസ്ഥകളും ഹൈക്കോടതി ജഡ്ജിമാക്കും ഉണ്ടു്. സ്റ്റെയിററ് നിയമസഭയ്ക്കോ, ഗവണ്ണക്കൊ ഹൈക്കോടതിയുടെമേൽ നിയന്ത്രണാധികാരമില്ല.

ഹൈക്കോടതിക്ക് ഒരു സ്റ്റെയിററിലെ എല്ലാ കോടതികളുടേയും മേലധികാരവും, കീഴ്ക്കോടതികളെ മേൽനോട്ടം ചെയ്യാനുള്ള അധികാരവും, സിവിലും, ക്രിമിനലും ആയ എല്ലാ അപ്പീലധികാരവും, റവന്യൂസംബന്ധമായ കാര്യങ്ങ

ളിൽ ആദ്യാധികാരവും, എല്ലാവിധ പ്രത്യേക കോടതിക ളുടേയും വിധികളിന്മേൽ റിവിഷൻ അധികാരവും ഉണ്ടു്. അപ്പീൽ ഇല്ലാത്ത കീഴ്ക്കോടതി വിധികളുടെ സംഗതിക ളിൽപോലും ഹൈക്കോടതിക്ക് അതിൻെറ റിവിഷൻ അ ധികാരം പ്രയോഗിക്കാം. കൂടാതെ കീഴ്ക്കോടതികളിലെ നടപടിക്രമങ്ങൾ നിശ്ചയിപ്പാനും, ഒരു കോടതിയിലുള്ള കേസ്സ് മററൊരു കോടതിയിലേയ്ക്കു് മാററുവാൻ കല്പിക്കുവാ നും, മൌലികാവകാശങ്ങളെ നടപ്പിൽ വരുത്തുവാനുള്ള ക ല്പനകൾ (റിട്ടുകൾ) പുറപ്പെടുവിക്കുവാനും, ഭരണഘടനയി ലെ വകുപ്പുകളുടെ അത്ഥവ്യാപ്തി തീരുമാനിക്കുവാനും, ഭര ണഘടനയുടെ വ്യാഖ്യാനം സംബന്ധിച്ച കേസ്സുകൾ കീ ഴ്ക്കോടതികളിൽനിന്നു് ഹൈക്കോടതികളിലേക്ക് വലിപ്പി ക്കുവാനും ഹൈക്കോടതിക്ക് അധികാരമുണ്ടു്.

സുപ്രീംകോടതിയിലേയും ഹൈക്കോടതികളിലേയും വിധികൾ ഭൂരിപക്ഷം ജഡ്ജിമാരുടെ അഭിപ്രായത്തിന്നു് അ നുസരിച്ചിരിക്കും. പെൻഷൻപററി പിരിഞ്ഞതിനുശേഷം സുപ്രീംകോടതിയിലെയൊ ഹൈക്കോടതിയിലെയൊ ജഡ്ജി മാൎക്ക് മററു യാതൊരു കോടതിയിലും വക്കീലായി പ്രാക്ടീ സ്ചെയ്യാൻ പാടില്ല.

## കീഴ്ക്കോടതികൾ.

**ഡിസ്ത്രിക്ട് ജഡ്ജി:**—ഒരു ജില്ലയിലെ സിവിലും ക്രിമി നലും ആയ ഏതു വലിയ കേസ്സിലും ആദ്യാധികാരവും, മു ൻസീഫ് കോടതികളിൽനിന്നും മജിസ്ത്രേട്ടുകോടതികളിൽ നിന്നുമുള്ള ആപ്പീലധികാരവും, ഒരു ജില്ലയിലെ എല്ലാ കോ

ടതികളുടേയും മേൽനോട്ടവും ഡിസ്ട്രിക്ട് ജഡ്ജിക്കുണ്ട്. ഹൈക്കോടതിയുമായി ആലോചിച്ച് ഗവൎണ്ണരാണ് ഡിസ്ട്രിക്ട് ജഡ്ജിയെ നിശ്ചയിക്കുക. ഡിസ്ട്രിക്ട് ജഡ്ജിയുടെ കീഴിൽ ഓരോ ജില്ലയിലും ഒന്നോ രണ്ടോ സബ്ബ് ജഡ്ജിമാർ ഉണ്ടായിരിക്കും. എത്ര സലയുള്ള സിവിൽ കേസിലെയും ആദ്യാധികാരം സബ്ബ് ജഡ്ജിക്കുണ്ട്. ഡിസ്ട്രിക്ട് ജഡ്ജിയുടെ കല്പനപ്രകാരം മുൻസീഫ് കോടതികളിൽനിന്നുള്ള സിവിൽ അപ്പീലുകളും സബ്ബ് ജഡ്ജിക്ക് വിചാരണചെയ്യാം. 5000 കവരെ സലയുള്ള സിവിൽ കേസുകൾ വിചാരണചെയ്യാൻ തലൂക്ക് തോറും ഒന്നൊ രണ്ടോ മുൻസീഫ് കോടതികൾ ഉണ്ട്. 100 കവരെ സലയുള്ള ചെറു കേസ്സുകൾ വിചാരണചെയ്യാൻ അംശംതോറും ഗ്രാമപ്പഞ്ചായത്തുകളും ഉണ്ട്. ഗ്രാമപ്പഞ്ചായത്തിലെ വിധികളിന്മേലുള്ള അപ്പീലുകൾ വിചാരണചെയ്യാൻ ഹൈക്കോടതിക്ക് മാത്രമെ അധികാരമുള്ളൂ; പക്ഷെ വിധികളിന്മേൽ മുൻസീഫ് കോടതികൾക്ക് റിവിഷൻ അധികാരമുണ്ട്.

**ക്രിമിനൽ നീതിന്യായം:**— ഒരു ജില്ലയിൽ ഏററവും ഉയൎന്ന ക്രിമിനൽ ന്യായാധിപൻ ഡിസ്ട്രിക്ട് ജഡ്ജിയാകുന്നു. ക്രിമിനൽ അധികാരത്തിൽ ഇദ്ദേഹത്തിന്ന് 'സെഷൻ ജഡ്ജി' എന്നാകുന്നു സ്ഥാനപ്പേർ. ഗൌരവതരമായ കുററങ്ങൾ വിചാരണചെയ്യുമ്പോൾ ഇദ്ദേഹത്തെ സഹായിപ്പാൻ ജൂറിമാരൊ അസെസ്സർമാരൊ ഉണ്ടായിരിക്കും. നിയമത്തിലുള്ള എത്ര വലിയ ശിക്ഷയും വിധിപ്പാൻ ഇദ്ദേഹത്തിന്ന് അധികാരമുണ്ട്. പക്ഷെ മരണശിക്ഷ ഹൈക്കോടതി സ്ഥിരപ്പെടുത്തണം. ഇദ്ദേഹത്തിൻെറ കീഴായി ജില്ലയിലെ

പ്രധാന സബ്ബ്ജഡ്ജിമാൎക്കെല്ലാം 'അസിസ്റ്റണ്ട് സെഷൻ ജഡ്ജ്' എന്ന ക്രിമിനൽ അധികാരവും ഉണ്ട്. $7\frac{1}{2}$ കൊല്ലം വരെ തടവുശിക്ഷ വിധിക്കാവുന്ന ക്രിമിനൽ കേസ്സുകളും ഒന്നാംക്ലാസ്സ മജിസ്ത്രേട്ടുകോടതികളിൽനിന്നുള്ള ക്രിമിനൽ അപ്പീലുകളും വിചാരണചെയ്യാൻ ഇദ്ദേഹത്തിന്നധികാരമുണ്ട്.

**മജിസ്ത്രേട്ടുമാർ:**—ജില്ലയ്ക്കൊട്ടാകെ ഒരു ഡിസ്ത്രിക്ട് മജിസ്ത്രേട്ടും, ഓരൊ സബ്ബ്ഡിവിഷനിലും ഓരൊ സബ്ബ് ഡിവിഷനൽ മജിസ്ത്രേട്ടും, അവൎക്കു കീഴിൽ താലൂക്കുതോറും ഒന്നൊ രണ്ടൊ സബ്ബ്മജിസ്ത്രേട്ടുമാരും, ചില്ലറ കുററങ്ങൾ വിചാരണചെയ്യാൻ ഗ്രാമംതോറും ഗ്രാമപ്പഞ്ചായത്തും, നഗരങ്ങളിൽ ബഞ്ചുകോടതികളും ഉണ്ട്. സംസ്ഥാനങ്ങളുടെ തലസ്ഥാനനഗരികളിൽ ഡിസ്ത്രിക്ട്മജിസ്ത്രേട്ടിൻെറ സ്ഥാനത്ത് പ്രസിഡെൻസി മജിസ്ത്രേട്ട് എന്നവരാണ്. പ്രസിഡെൻസി മജിസ്ത്രേട്ടുമാരുടെ വിധിയിന്മേൽ ഹൈക്കോർട്ടിൽമാത്രമെ അപ്പീൽ ഉള്ളു.

**നിയമ ഉദ്യോഗസ്ഥന്മാർ:**—കോടതി കാൎയ്യങ്ങളിൽ ഇന്ത്യാഗവൎമ്മെണ്ടിനെ ഉപദേശിപ്പാൻ 'അറെറാർണി ജനറൽ' എന്ന ഉദ്യോഗസ്ഥനെ പ്രസിഡെണ്ടും, ഒരൊ സ്റ്റെയിററിലും സ്റ്റെയിററ്ഗവൎമ്മെണ്ടിനെ ഉപദേശിപ്പാൻ അഡ്വൊക്കെററ് ജനറൽ എന്ന ഉദ്യോഗസ്ഥനെ ഗവൎണ്ണരും നിശ്ചയിക്കുന്നു. ഗവൎമ്മെണ്ടിന്ന് നിയമസംബന്ധമായ വിദഗ്ദ്ധോപദേശം കൊടുക്കുകയും സുപ്രീംകോടതിയിലും ഹൈക്കോടതികളിലും ഗവൎമ്മെണ്ടുഭാഗം കേസ്സ് നടത്തിക്കുകയുമാകുന്നു ഇവരുടെ പ്രവൃത്തി. ജില്ലാ കോടതികളിൽ ഗ

വണ്മെണ്ടുഭാഗം ക്രിമിനൽകേസുകൾ നടത്തുവാൻ 'പബ്ളിക്ക് പ്രൊസിക്യൂട്ടർ'മാരെയും മജിസ്ട്രേട്ടുകോടതികളിൽ 'അസിസ്റ്റണ്ടുപബ്ളിക്ക്പ്രൊസിക്യൂട്ടർമാരേയും' ജില്ലാ കോടതികളിലും കീഴ്ക്കോടതികളിലും ഗവമ്മെണ്ടുഭാഗം സിവിൽ വ്യവഹാരങ്ങൾ നടത്തുവാൻ 'ഗവമ്മെണ്ടുപ്ലീഡർമാരേയും' ഗവമ്മെണ്ടു നിയമിക്കുന്നു.

**പ്രത്യേകാവകാശമുള്ള സ്ഥാനങ്ങൾ:**—യൂനിയൻ പ്രസിഡെണ്ടും, സംസ്ഥാന ഗവർണ്ണർമാരും, സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും ജസ്റ്റിമാരും ഇന്ത്യയിലെ യാതൊരു ഹൈക്കോടതിയുടേയും ആദ്യാധികാരത്തിന്ന് വിധേയരല്ല.

# അദ്ധ്യായം 12.

## സമാധാനപരിപാലനം—പോലീസ്സും ജയിലുകളും.

**പോലീസ്:**—നാട്ടിൽ നിയമസമാധാനപരിപാലനവും, കുററംചെയ്യുന്നതു് തടയുകയും, കുററം ചെയ്തവരെ തിരഞ്ഞുപിടിച്ചു് കോടതികളിൽ ഹാജരാക്കി ശിക്ഷിപ്പിക്കലുമാകുന്നു പോലീസ്സിൻെറ പ്രധാന കത്തവ്യങ്ങൾ. അസിസ്റ്റണ്ടു സൂപ്രഡെണ്ടുമുതൽ മേലോട്ടുള്ള എല്ലാ വലിയ പോലീസ് ഉദ്യോഗസ്ഥന്മാരും ഇന്ത്യൻ പോലീസ് സർവീസിൽ പെട്ടവരായിരിക്കും. ഇവരുടെ തിരഞ്ഞെടുപ്പും, പരിശീലനവും, നിയമനവും നടത്തുന്നതു് യൂനിയൻഗവമ്മെണ്ടാണെങ്കിലും പോലീസ്‌വകുപ്പിൻെറ ഭരണം നടത്തുന്നതു് സ്റ്റെയിററുഗവമ്മെണ്ടുകളാകുന്നു.

ഒരു സ്റ്റെയിററിലെ പോലീസ് തലവന്നു് പോലീസ് ഇൻസ്പെക്ടർ ജനറൽ എന്നാണു് പേർ. ഇദ്ദേഹത്തിൻെറ കീഴിൽ സ്റ്റെയിററിനെ നാലൊ അഞ്ചൊ റെയിഞ്ചുകളായി തിരിച്ചിരിക്കും. ഓരോ റെയിഞ്ചും ഓരൊ ഡിപ്പ്യൂട്ടി ഇൻസ്പെക്ടർ ജനറലുടെ കീഴിലാകുന്നു. ഒരു റെയിഞ്ചിൽ അഞ്ചൊ ആറൊ ജില്ലകഠം അടങ്ങിയിരിക്കും. ഓരോ ജില്ല യിലേയും പോലീസ് സൈന്യത്തിൻെറ അധിപന്നു് പോ ലീസ് സൂപ്രഡെണ്ട് എന്നു പേർ.

പോലീസ് സൂപ്രഡെണ്ടു് രണ്ടുവിധം ആജ്ഞകഠംക്കു് വിധേയനാണു്. ജില്ലയിലെ സമാധാന പരിപാലനവിഷ യത്തിൽ അദ്ദേഹം കലക്ടരുടെ ആജ്ഞയനുസരിച്ചു് പ്രവൃ ത്തിക്കണം. ജില്ലയിലെ പോലീസ് വകുപ്പിൻെറ ഭരണം, അ ച്ചടക്കം പ്രവൎത്തനം മുതലായവയെസ്സംബന്ധിച്ചു് തൻെറ റെയിഞ്ചിലെ ഡിപ്പ്യൂട്ടി ഇൻസ്പെക്ടർജനറലോടും അദ്ദേഹം ഉത്തരവാദപ്പെട്ടിരിക്കും. സൂപ്രഡെണ്ടിൻെറ കീഴിൽ ഓരൊ ജില്ലയേയും ഏതാനും പോലീസ് സബ്ബ് ഡിവിഷ്യനുകളായി ഭാഗിച്ചിരിക്കുന്നു. പ്രധാന സബ്ബ് ഡിവിഷ്യനുകഠം അഖി ലേന്ത്യാ സർവീസിലുള്ള അസിസ്റ്റണ്ടു് സൂപ്രഡെണ്ടുമാരുടെ കീഴിലും, അപ്രധാനമായവ സംസ്ഥാന ഗസററഡ് സർവീ സിലുള്ള ഡിപ്പ്യൂട്ടി സൂപ്രഡെണ്ടുമാരുടെ കീഴിലുമായിരിക്കും. ഡിപ്പ്യൂട്ടിസൂപ്രഡെണ്ടുമാർ പോലീസ് സർക്കിഠംഇൻ സ്പെക്ടർമാരുടെ ഇടയിൽനിന്നു് കയററംകിട്ടിയവരൊ സംസ്ഥാനഗവൎമ്മെണ്ടു് നേരിട്ടു് തിരഞ്ഞെടുക്കുന്നവരൊ ആകുന്നു.

ഓരോ സബ്ബ് ഡിവിഷനേയും രണ്ടോ മൂന്നോ സക്കിളുകളായി തിരിച്ചിരിക്കും. ഓരോ സക്കിളും ഒരു ഇൻസ്പെക്ടരുടെ കീഴിലാകുന്നു. ഒരു സക്കിളിൽ നാലൊ അഞ്ചൊ 'ക്രൈംഏരിയ' (താന)കൾ അടങ്ങിയിരിക്കും. ഒരു താനയിൽ ഇരുപതൊ ഇരുപത്തഞ്ചൊ വില്ലേജുകൾ ഉണ്ടായിരിക്കും. ഓരൊ താനയ്ക്കും ഓരൊ പോലീസ് സ്റ്റേഷനും അതിൻെറ ചാർജ്ജ് വഹിപ്പാൻ ഓരൊ സബ്ബ് ഇൻസ്പെക്ടരും, അദ്ദേഹത്തെ സഹായിപ്പാൻ രണ്ടോ മൂന്നൊ ഹെഡ് കോൺസ്റ്റബിൾമാരും അവരുടെ കീഴിൽ ആവശ്യംപോലെ കോൺസ്റ്റബിൾമാരും ഉണ്ട്.

ഇൻസ്പെക്ടർജനറലുടെ കീഴിൽ സാധാരണ പോലീസിന്നു പുറമെ റെയിൽവെക്കുവേണ്ടി ഒരു പ്രത്യേക പോലീസും, അടിയന്തിരഘട്ടങ്ങളെ നേരിടുവാൻ സായുധപ്പോലീസും, കുററങ്ങളുടെ രഹസ്യാന്വേഷണത്തിന്ന് സി. ഐ. ഡി. പോലീസും, ഏപ്പെടുത്തപ്പെട്ടിരിക്കുന്നു. മദിരാശി, ബോമ്പെ, കല്ക്കത്ത, ഡെൽഹി മുതലായ വമ്പിച്ച പട്ടണങ്ങളിലെ പോലീസ് സൈന്യത്തിന്ന് 'സിററി പോലീസ്' എന്നു പറയും. സിററി പോലീസിൻെറ തലവന്ന് 'കമ്മീഷണർ' എന്നാണ് സ്ഥാനപ്പേർ.

**ജയിൽ:**—കുററം ചെയ്തിട്ടുണ്ടെന്ന സംശയങ്ങളിന്മേൽ പോലീസ് ഒരാളെ അറസ്റ്റ് ചെയ്താൽ അയാളെ ഒരു മജിസ്ട്രേട്ടുമുമ്പാകെ ഹാജരാക്കുന്നു. ആയാൾ കുററം ചെയ്തിട്ടുണ്ടെന്ന് മജിസ്ട്രേട്ടിന്നു ബോദ്ധ്യപ്പെട്ടാൽ ആയാളെ ഒരു നിശ്ചിതകാലത്തേക്ക് ജയിൽശിക്ഷക്ക് വിധിക്കാം. ജയിൽ ശിക്ഷക്ക് വിധിച്ചാൽ ഉടനെത്തന്നെ കുററക്കാരനെ ജയിൽ

അധികാരികളെ ഏല്പിക്കേണ്ടതു് കോടതിയുടെ ചുമതല യാകുന്നു. അങ്ങിനെ ജയിൽവകുപ്പ് പോലീസ് വകുപ്പായും നീതിന്യായ വകുപ്പായും അഭേദ്യമായവിധം ബന്ധപ്പെട്ടിരിക്കുന്നു

സംസ്ഥാനത്തിലെ ജയിൽ വകുപ്പിൻെറ തലവന്നു് ജയിൽ ഇൻസ്പെക്ടർജനറാൽ എന്നാണു് പേർ. സംസ്ഥാനത്തിലെ എല്ലാ ജയിലുകളിലേയും കൊണ്ടുനടത്തിപ്പും, അച്ചടക്കവും മേൽനോട്ടം വഹിക്കുന്നതു് ഇദ്ദേഹമാണു്. തടവുകാരുടെ ആരോഗ്യരക്ഷക്കൂടി ഇദ്ദേഹത്തിൻെറ ചുമതലയാകയാൽ ജയിൽ ഇൻസ്പെക്ടർജനറൽ മെഡിക്കൽ സർവീസിലെ ഒരു ഉയൎന്ന ഡോക്ടർ ആയിരിക്കും. ഇദ്ദേഹത്തിൻെറ കീഴിൽ സംസ്ഥാനത്തിൻെറ തലസ്ഥാനത്തു് ഒരു പ്രസിഡെൻസി ജെയിലും, ഈരണ്ടോ മൂമ്മൂന്നൊ ജില്ലകളുടെ കേന്ദ്രസ്ഥാനത്തു് ഓരൊ സെൻട്രൽജയിലും, ഓരോ ജില്ലയിലും ഒന്നൊ രണ്ടോ സബ്ബ്ജയിലുകളും ഉണ്ടു്.

ഒരു സെൻട്രൽ ജയിലിൻെറ ചാൎജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥന്നു് ജെയിൽ സൂപ്രണ്ടു് എന്നു പേർ. ജയിൽ ഭരണത്തിന്നു് പുറമെ തടവുകാരുടെ ആരോഗ്യപരിപാലനവും ഇദ്ദേഹത്തിൻെറ ബാദ്ധ്യതയാകയാൽ ഇദ്ദേഹവും മെഡിക്കൽ സർവീസിലെ അംഗമായിരിക്കും. ജയിൽഭരണത്തിൽ ഇദ്ദേഹത്തെ സഹായിപ്പാൻ ഒന്നോ രണ്ടോ ജയിലർമാരും, ഡിപ്പ്യൂട്ടി ജെയിലർമാരും, വാർഡർമാരുടെ ഒരു സൈന്യവും ഉണ്ടായിരിക്കും. രോഗികളായ തടവുകാരെ ചികിത്സിക്കുവാൻ ഓരൊ ജയിലിനോടും അനുബന്ധിച്ച്

ഓരോ ആസ്പത്രിയും അതിൽ ഒന്നോ രണ്ടോ ഡോക്ടർമാരും ഉണ്ടു്.

പ്രായപൂർത്തിയെത്താത്ത കുററക്കാർക്ക് വിദ്യാഭ്യാസവും കൈത്തൊഴിൽ പരിശീലനവും നൽകി അവരെ നല്ല പൌരന്മാരാക്കി സമുദായത്തിലേക്ക് വീണ്ടും കൊണ്ടുവരുവാനുള്ള ഉദ്ദേശത്തോടുകൂടി ഓരോ സംസ്ഥാനത്തിലും "ബോർസ്റ്റൽ സ്കൂളുകൾ" എന്ന വിശേഷാൽ ജയിലുകളും ഉണ്ടു്.

# അദ്ധ്യായം 13.

## തദ്ദേശഭരണം—മുനിസിപ്പാലിററികൾ.

ഒരു വലിയ സംസ്ഥാനത്തിലെ വിവിധ പ്രദേശങ്ങളിലേയും ജനങ്ങളുടെ ദൈനംദിന ജീവിതത്തെ സവിശേഷമായി ബാധിക്കുന്ന ശുദ്ധജലവിതരണം, വൈദ്യസഹായം പ്രാഥമിക വിദ്യാഭ്യാസം, ഗതാഗതമാർഗ്ഗങ്ങൾ മുതലായ സാമൂഹ്യകാര്യങ്ങളുടെ ഭരണം, ഗവമ്മെണ്ടിൻെറ മേൽനോട്ടത്തിൻകഴിൽ അതാതു് പ്രദേശത്തുള്ള ജനങ്ങളെത്തന്നെ ഭരമേല്പിക്കുന്ന സമ്പ്രദായത്തിന്നാണ് തദ്ദേശഭരണം എന്നു പറയുന്നതു്. നമ്മുടെ നാട്ടിലെ പ്രധാന തദ്ദേശഭരണസ്ഥാപനങ്ങൾ നഗരങ്ങളിൽ മുൻസിപ്പാലിററികളും, ജില്ലകളിൽ ഡിസ്ട്രിക്ട് ബോർഡുകളും, ഗ്രാമങ്ങളിൽ പഞ്ചായത്തുബോർഡുകളും ആകുന്നു.

തദ്ദേശഭരണം ഏർപ്പെടുത്തുന്നതിന്നു് അടിസ്ഥാനപരമായ ചില ഉദ്ദേശങ്ങളുണ്ടു്. ഒന്നാമതു് സംസ്ഥാനഗവമ്മെ

ണ്ടുകൾക്ക് പല കാൎയ്യങ്ങളിലും ഭാരം ചുരുങ്ങും. രണ്ടാമത്ത് ഓരോ പ്രദേശത്തിന്നും പ്രത്യേകം പ്രത്യേകമായി ആവശ്യമുള്ള കാൎയ്യങ്ങളെക്കുറിച്ച് അതാതു് പ്രദേശത്തുള്ള ജനങ്ങൾക്ക് തന്നെയായിരിക്കും കൂടുതൽ അറിവ് എന്നതുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങളെ അന്വേഷിച്ചറിഞ്ഞു് നിവൃത്തിച്ചുകൊടുപ്പാനുള്ള എളുപ്പവും സൌകൎയ്യവും ഉണ്ടാകുന്നു. മൂന്നാമത്ത് ജനങ്ങൾക്ക് ജനാധിപത്യരീതിയിലുള്ള ഭരണസമ്പ്രദായം പഠിച്ചറിയുവാനുള്ള ഒരു പരിശീലനകേന്ദ്രം കൂടിയാണ് തദ്ദേശഭരണസ്ഥാപനം. ഒരു ചെറിയ പ്രദേശത്തെ ഭരിക്കുവാനുള്ള കാൎയ്യക്ഷമതയും പാടവവും ക്രമേണ ഒരു വലിയ രാഷ്ട്രത്തെ ഭരിക്കുവാനുള്ള പ്രാപ്തിയായി വികസിപ്പിക്കാവുന്നതാണല്ലൊ. മറ്റുള്ളവൎക്ക്‌വേണ്ടി പ്രവൃത്തി എടുപ്പാൻ മാത്രമല്ല മറ്റുള്ളവരോടൊപ്പം പ്രവൃത്തി എടുപ്പാനും അത് ജനങ്ങളെ പഠിപ്പിക്കുന്നു.

തദ്ദേശഭരണസ്ഥാപനങ്ങളെ നഗരസഭകൾ എന്നും നാട്ടുപുറസഭകൾ എന്നും രണ്ടായി ഭാഗിക്കാം. മദിരാശി ബോംബെ, കല്ക്കത്ത എന്നീ വലിയ പട്ടണങ്ങളിലെ നഗരസഭകൾക്ക് "കോർപ്പറേഷനുകൾ" എന്നും, സാധാരണ പട്ടണങ്ങളിലെ നഗരസഭകൾക്ക് "മുനിസിപ്പാലിററികൾ" എന്നും, പട്ടാളത്താവളങ്ങളിലെ നഗരസഭകൾക്ക് "ക്യാൻടോൺമെൻഡ്‌ബോർഡുകൾ എന്നും പറയും. ഡിസ്ട്രിക്ട് ബോർഡ്, താലൂക്ക് ബോർഡ്, യൂനിയൻ ബോർഡ്, പഞ്ചായത്തുബോർഡ് എന്നിവയെല്ലാം നാട്ടുപുറ സഭകളാകുന്നു. നഗരങ്ങളിലെയും നാട്ടുപുറങ്ങളിലേയും സാമൂഹ്യമായ ആവശ്യങ്ങൾ വ്യത്യസ്തങ്ങളാകയാൽ,

നഗരസഭകളുടേയും, നാട്ടുപുറസഭകളുടേയും കത്തവ്യങ്ങൾക്കും അല്പാല്പം വ്യത്യാസമുണ്ട്.

**മുനിസിപ്പാലിററികൾ:**—ഇന്ത്യയിൽ ഏതാണ്ട് 780 മുനിസിപ്പാലിററികൾ ഉണ്ട്. പതിനായിരത്തിലധികം ജനസംഖ്യയുള്ള ഏതു പട്ടണത്തിലും മുനിസിപ്പാലിററി രൂപീകരിക്കാം. ഒരു മുനിസിപ്പാലിററിയുടെ കത്തവ്യങ്ങളെ ഐച്ഛികകത്തവ്യങ്ങൾ എന്നും നിർബ്ബന്ധകത്തവ്യങ്ങൾ എന്നും രണ്ടായി തിരിക്കാം. മുനിസിപ്പാൽ അതിത്തിക്കകത്തുള്ള റോഡുകളുടെ സംരക്ഷണം, നിരത്തുകളിൽ വിളക്കുവെപ്പിക്കൽ, ശുദ്ധജല വിതരണം, നഗര ശുചീകരണം, പൊതുജനാരോഗ്യം, ഭവനനിമ്മാണനിയന്ത്രണം, ആഹാരസാധനങ്ങളുടെ വില്പനയിന്മേൽ മേൽനോട്ടം, ചന്തകളുടെ നിയന്ത്രണം, ശ്മശാനം ഏപ്പെടുത്തൽ, ജനനമരണക്കണക്ക്, അഗ്നിബാധാനിവാരണം എന്നിവ നിർബ്ബന്ധ കത്തവ്യങ്ങളാകുന്നു. പ്രാഥമികവിദ്യാഭ്യാസം, സൌജന്യവൈദ്യസഹായം, വിദ്യുച്ഛക്തി വിതരണം, പബ്ലിക്ക് പാക്കുകൾ, സത്രങ്ങൾ, കളിസ്ഥലങ്ങൾ വായനശാലകൾ മുതലായവ ഏപ്പെടുത്തൽ എന്നീ വിഷയങ്ങൾ ഐച്ഛികകത്തവ്യങ്ങളാകുന്നു. തൊഴിൽനികുതി, വീട്ടുനികുതി, കച്ചവടനികുതി, വാഹനനികുതി, മൃഗനികുതി, ചുങ്കം എന്നിവയും സംസ്ഥാനഗവമ്മെണ്ടിൽനിന്നുള്ള ഗ്രാണ്ടും ആകുന്നു ഒരു മുനിസിപ്പാലിററിയുടെ പ്രധാന വരവിനങ്ങൾ.

പട്ടണങ്ങളെ ഇരുപതോ മുപ്പതോ 'വാർഡുകളായി' തിരിച്ച് ഓരൊ വാർഡിൽനിന്നും ഓരൊ പ്രതിനിധിയെ തിരഞ്ഞെടുത്തു് രൂപീകരിക്കപ്പെടുന്ന സഭയാണ് മുനിസി

പ്പാൽ കൌൺസിൽ എന്നു പറയുന്നതു്. കൌൺസിൽ യോഗംചേൎന്നു് ഒരു അദ്ധ്യക്ഷനേയും, ഉപാദ്ധ്യക്ഷനേയും തങ്ങളുടെ ഇടയിൽനിന്നു് തിരഞ്ഞെടുക്കുന്നു. അദ്ധ്യക്ഷന്നു് മുനിസിപ്പാൽ ചെയർമാൻ എന്നും ഉപാദ്ധ്യക്ഷന്നു് വൈസ് ചെയർമാൻ എന്നുമാകുന്നു സ്ഥാനപ്പേർ. കൌൺസിലിൻെറ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു് ചെയർമാൻ ഭരണം നടത്തുന്നു. കൌൺസിലിലെ ഏതു മെമ്പർക്കും മുനിസിപ്പാൽ കാൎയ്യങ്ങളെസ്സംബന്ധിച്ചു് കൌൺസിലിൽ പ്രമേയങ്ങൾ കൊണ്ടുചെല്ലുകയോ, ചെയർമാനോടു് ചോദ്യങ്ങൾ ചോദിക്കുകയോ ചെയ്യാം. ചോദ്യങ്ങൾക്കു് ന്യായമായ സമാധാനം പറയേണ്ടുന്ന ബാദ്ധ്യത ചെയർമാനുണ്ടു്. ഒരു മുനിസിപ്പാൽ കൌൺസിലിൻെറ കാലാവധി 3 കൊല്ലമാകുന്നു.

ഒരു വമ്പിച്ച മുനിസിപ്പാലിററിയിലെ നാനാമുഖങ്ങളായ കാൎയ്യങ്ങളെസ്സംബന്ധിച്ചും ആലോചന ചെയ്യാൻവേണ്ടി കൌൺസിലിന്നു് നിരന്തരമായി യോഗംചേരുക സാദ്ധ്യമല്ലല്ലോ. ആകയാൽ ഓരോ വിഷയവും കൊണ്ടുനടത്തുവാൻ മെമ്പർമാരുടെ ഇടയിൽനിന്നു് ചെറു കമ്മററികളെ രൂപീകരിക്കുന്നു. ഇത്തരം കമ്മററികൾക്കു് സ്റ്റാണ്ടിങ്ങ് കമ്മററികൾ എന്നാണു് പേർ. ധനകാൎയ്യം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, നഗരശുചീകരണം, ശുദ്ധജലവിതരണം, നികുതിപിരിവു് തുടങ്ങിയ ഓരോ വിഷയത്തിന്നും ഓരോ സ്റ്റാണ്ടിങ്ങ്കമ്മററി ഉണ്ടായിരിക്കും. കൌൺസിലിൻെറ പ്രവൎത്തനം മുഴുവനും കൊണ്ടുനടത്തപ്പെടുന്നതു് ഇത്തരം കമ്മററികളിൽക്കൂടെയാകുന്നു.

മുനിസിപ്പാൽ ഭരണനിർവ്വഹണത്തിന്ന് പൊതുഭരണ വിഷയത്തിൽ പഴക്കവും പ്രാപ്തിയും ഉള്ള ഒരു ഉദ്യോഗസ്ഥനെ ഗവൺമെണ്ട് നിശ്ചയിച്ചുകൊടുക്കും. ഈ ഉദ്യോഗസ്ഥന്ന് 'കമ്മീഷണർ' എന്നാണ് സ്ഥാനപ്പേർ. കൌൺസിൽ രൂപീകരിക്കുന്ന നയപരിപാടികൾ നടപ്പിൽ വരുത്തുവാനും, ഭരണകാര്യങ്ങളിൽ കൌൺസിലിന്ന് വിദഗ്ദ്ധോപദേശംകൊടുപ്പാനുമുള്ള ചുമതല കമ്മീഷണർക്കാകുന്നു. മുനിസിപ്പാലിററിയിലെ മററു പ്രധാന ഉദ്യോഗസ്ഥന്മാർ ഹെൽത്തോഫിസർ, മരാമത്ത് എൻജിനീയർ, സാനിട്ടറി എൻജിനിയർ, റവന്യൂ ഓഫീസർ എന്നിവരാകുന്നു.

നഗരത്തിലെ പൊതുജനാരോഗ്യത്തിന്റെ മേൽനോട്ടവും ആ വിഷയത്തിൽ കൌൺസിലിന്ന് വിദഗ്ദ്ധോപദേശം നൽകലുമാകുന്നു മുനിസിപ്പാൽ ഹെൽത്തോഫീസരുടെ ചുമതല. പകച്ച്വ്യാധികൾ പിടിപെടാതിരിപ്പാനും നഗരത്തിൽ എവിടെയെങ്കിലും പകച്ച്വ്യാധി പിടിപെട്ടാൽ പരക്കാതെ കഴിപ്പാനും ആയി കുത്തിവെപ്പ്, പുകകൊള്ളിക്കൽ, ജലശുദ്ധീകരണം മുതലായ മുൻകരുതലുകൾ ചെയ്യുക, ഭക്ഷണസാധനങ്ങളുടെ വില്പനയെ മേൽനോട്ടംചെയ്യുക, പ്രസവശുശ്രൂഷാകേന്ദ്രങ്ങളും ശിശുപരിപാലനകേന്ദ്രങ്ങളും ഏർപ്പെടുത്തുക, ജനനമരണക്കണക്ക് വെക്കുക എന്നിവയെല്ലാം ഹെൽത്താപ്പീസരുടെ കത്തവ്യങ്ങളാകുന്നു. ഇദ്ദേഹത്തിന്റെ കീഴിൽ ഹെൽത്ത് ഇൻസ്പെക്ടർമാരും ഹെൽത്ത് വിസിറററർമാരും അവരുടെ കീഴിൽ വാക്സിനേറററർമാരും ഉണ്ടായിരിക്കും.

നഗരശുചീകരണത്തിൻെറ ബാദ്ധ്യതയും, ആ വിഷയത്തിൽ കൌൺസിലിനെ ഉപദേശിപ്പാനുള്ള ചുമതലയും സാനിട്ടറി എൻജിനിയക്കാകുന്നു. നഗരത്തിലെ ശുദ്ധജലവിതരണം, അഴുക്കുചാലുകൾ, മാലിന്യദൂരീകരണം എന്നിവയെല്ലാം ഇദ്ദേഹത്തിൻെറ മേൽനോട്ടത്തിലാണ്. ഇദ്ദേഹത്തെ സഹായിപ്പാൻ സാനിട്ടറി ഇൻസ്പെക്ടർമാരും അവരുടെ കീഴിൽ ആവശ്യംപോലെ തൂപ്പുവേലക്കാരും, തോട്ടികളും ഉണ്ടായിരിക്കും.

നഗരത്തിലെ നിരത്തുകൾ, പാലങ്ങൾ, ഇടവഴികൾ, മുനിസിപ്പാൽ കെട്ടിടങ്ങൾ മുതലായവയുടെ നിമ്മാണവും സംരക്ഷണവും, നഗരത്തിലെ പൊതുമരാമത്ത്കാര്യങ്ങളിൽ കൌൺസിലിന്ന് ഉപദേശം കൊടുക്കേണ്ടുന്നതും മുനിസിപ്പാൽ എൻജിനിയരുടെ ബാദ്ധ്യതയാണ്. ഇദ്ദേഹത്തിൻെറ കീഴിൽ മരാമത്തു സൂപ്രവൈസർമാരും അവക്കുകീഴിൽ ഓവർസിയർമാരും അവരുടെ കീഴിൽ മേസ്രൂിമാരും ഉണ്ട്.

# അദ്ധ്യായം 14.

## തദ്ദേശഭരണം (തുടച്ച്)

### ഡിസ്ട്രിക്ട്ബോഡ്—പഞ്ചായത്ത്ബോഡ്

**ഡിസ്ട്രിക്ട്ബോർഡുകൾ:—** ഒരു ജില്ലയിലെ മുനിസിപ്പാലിററികൾ ഒഴികെ ഇതരഭാഗങ്ങൾ മുഴുവനും ഡിസ്ട്രിക്ട്ബോർഡിൻെറ അധികാരപരിധിയിലായിരിക്കും. ഒരു ഫക്കയ്ക്ക് ഒരു പ്രതിനിധി എന്ന തോതിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളടങ്ങിയ ഒരു സഭയാണ് ഡിസ്ട്രിക്ട്ബോ

ർഡ്. ബോർഡിൻെറ അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും മെമ്പർമാർ അവരുടെ ഇടയിൽനിന്ന് തിരഞ്ഞെടുക്കുന്നു. അദ്ധ്യക്ഷന്ന് ഡി ബൊ. പ്രസിഡണ്ട് എന്നും ഉപാദ്ധ്യക്ഷന്ന് ഡി. ബൊ.വൈസ് പ്രസിഡണ്ട് എന്നുമാകുന്നു സ്ഥാനപ്പേർ. ബോർഡിൻെറ ഭൂരിപക്ഷാഭിപ്രായം അനുസരിച്ച് പ്രസിഡെണ്ട് ഭരണം നടത്തുന്നു. ബോർഡിൽ നിന്നുള്ള കല്പനകളെല്ലാം പുറപ്പെടുന്നത് പ്രസിഡെണ്ടിൻെറ പേരിലാകുന്നു. ബോർഡ് കാര്യങ്ങളെസ്സംബന്ധിച്ച് ഏതുമെമ്പർക്കും പ്രമേയങ്ങൾ കൊണ്ടുചെല്ലാവുന്നതും പ്രസിഡെണ്ടിനോട് ചോദ്യങ്ങൾ ചോദിക്കാവുന്നതുമാകുന്നു. ഒരു ബോർഡിൻെറ സാധാരണ കാലാവധി 3 കൊല്ലമത്രെ.

ഡിസ്ത്രിക്ട് ബോർഡിൻെറ പ്രധാന കർത്തവ്യങ്ങൾ (a) ജില്ലയിലെ പ്രൈമറി-സെക്കണ്ടറി വിദ്യാഭ്യാസം (b) റൂറൽ ഡിസ്പെൻസറികളും ആസ്പത്രികളും കൊണ്ടുനടത്തുക. (c) പൊതുജനാരോഗ്യം (d) മാർക്കെററുകളുടെ നിയന്ത്രണം. (e) ഡിസ്ത്രിക്ട് റോഡുകൾ, പാലങ്ങൾ, സത്രങ്ങൾ മുതലായവയുടെ നിർമ്മാണം, സംരക്ഷണം. (f) ആലത്തൊഴുത്തുകൾ, കടവുകൾ എന്നിവയുടെ മേൽനോട്ടം (g) ജനക്കൂട്ടം ചേരുന്ന ഉത്സവം, ചന്ത മുതലായ സ്ഥലങ്ങളിലെ ശുചീകരണം. (h) വസൂരി കുത്തിവെപ്പ്. (i) ക്ഷാമനിവാരണം എന്നിവയാകുന്നു.

ബോർഡിൻെറ വരവിനങ്ങൾ, നിലനികുതിയിന്മേലുള്ള സെസ്സ്, മോട്ടോർവാഹനനികുതിയുടെ വിഹിതം, ആലപ്പിഴ, കടവുലേലം, ചന്തലേലം, തൊഴിൽനികുതി മുതലായവയാകുന്നു. ഭരണഘടനപ്രകാരം മേൽപ്പറഞ്ഞ നികുതികളെ

ല്ലാം സംസ്ഥാനനികുതികളായി പിരിച്ചെടുത്ത് ഓരോ ഡിസ്ത്രിക്റ്റ്ബോർഡിന്നും വിഹിതപ്രകാരം സംസ്ഥാനഗവണ്മെണ്ടിൽനിന്ന് ഗ്രാണ്ട്കൊടുക്കുക എന്ന സമ്പ്രദായമാണ് നിശ്ചയിച്ചിട്ടുള്ളത്. യൂനിയൻ ഗവണ്മെണ്ടിൽനിന്ന് 'കേന്ദ്ര റോഡ്ഫണ്ടിന്റെ' ഒരു വിഹിതവും ബോർഡിന്ന്' ലഭിയ്ക്കുന്നു.

ഡിസ്ത്രിക്റ്റ്ബോർഡിലെ പ്രധാന ഉദ്യോഗസ്ഥന്മാർ ബോർഡ്സിക്രട്ടെരി, ഡിസ്ത്രിക്റ്റ് ഹെൽത്താപ്പീസർ, ഡിസ്ത്രിക്റ്റ്ബോർഡ് എൻജിനിയർ, ഡിസ്ത്രിക്റ്റ് പഞ്ചായത്ത് ഓഫീസർ എന്നിവരാകുന്നു. ബോർഡിന്റെ പൊതുഭരണം കൊണ്ടുനടത്തുവാനും, വരവ് ചിലവ് കണക്ക് വെക്കുവാനും, ഭരണവിഷയത്തിൽ ബോർഡിനെ ഉപദേശിപ്പാനുമുള്ള ബാദ്ധ്യത സിക്രട്ടെരിക്കാകുന്നു. ഇദ്ദേഹത്തെ സഹായിപ്പാൻ ഓരൊ വകുപ്പിന്നും സൂപ്രഡെണ്ടുമാരും, അസിസ്റ്റാണ്ടുമാരും, നികുതിപിരിവിന്ന് താലൂക്ക്തോറും ടാക്സ് കലക്ടർമാരും ഉണ്ട്.

ഒരു ജില്ലയിലെ പൊതുജനാരോഗ്യത്തിന്റെ മേൽനോട്ടവും, പൊതുജനാരോഗ്യവിഷയത്തിൽ ബോർഡിനെ ഉപദേശിപ്പാനുള്ള ബാദ്ധ്യതയും ഡിസ്ത്രിക്റ്റ്ഹെൽത്ത് ആപ്പീസർക്കാണ്. ഇദ്ദേഹത്തിന്റെ കീഴിൽ താലൂക്ക്തോറും ഒന്നൊ രണ്ടൊ ഹെൽത്ത്ഇൻസ്പെക്ടർമാരും, അവരുടെ കീഴിലായി വസൂരി കുത്തിവെപ്പിന്ന് ധാരാളം വാക്സിനേററർമാരും ഉണ്ട്.

ഡിസ്ത്രിക്റ്റ്ബോർഡ്വകയായ കെട്ടിടങ്ങൾ, പാലങ്ങൾ, നിരത്തുകൾ എന്നിവയുടെ നിർമ്മാണം, സംരക്ഷണം,

എസ്റ്റിമെററ് തയ്യാറാക്കൽ, കടവുകളുടെ മേൽനോട്ടം മുതലായവയും, മരാമത്ത് വിഷയത്തിൽ ഡിസ്ത്രിക്ട് ബോർഡിന്ന് വിദഗ്ദ്ധോപദേശം കൊടുക്കലുമാകുന്ന ബോർഡ് എൻജിനീയറുടെ ചുമതല. ഇദ്ദേഹത്തിൻെറ കീഴിൽ താലൂക്ക് തോറും ഓരോ അസിസ്റ്റണ്ട് എൻജിനീയറും ഒന്നോ രണ്ടോ മരാമത്ത് സൂപ്രവൈസർമാരും അവൎക്കുകീഴിൽ ഓവർസിയർമാരും മേസ്ത്രിമാരും ഉണ്ട്.

ജില്ലയിലെ പഞ്ചായത്തുബോർഡുകളുടെ മേൽനോട്ടം, നിയന്ത്രണം, ബഡ്ജററ് പാസ്സാക്കിക്കൊടുക്കൽ, പുതിയ പഞ്ചായത്തുബോർഡുകളുടെ രൂപീകരണം മുതലായവയാകുന്നു ഡിസ്ത്രിക്ട് പഞ്ചാത്ത് ഓഫീസറുടെ കൎത്തവ്യം. പഞ്ചായത്ത് ഓഫീസർമാരെ സഹായിപ്പാൻ ആവശ്യംപോലെ അസിസ്റ്റണ്ട് പഞ്ചായത്ത് ഓഫീസർമാരും ഉണ്ടായിരിക്കും.

ഡിസ്ത്രിക്ട് ബോർഡിലെ പ്രധാന ഉദ്യോഗസ്ഥന്മാൎക്ക് ബോർഡ് യോഗങ്ങളിൽ ഹാജരാകാവുന്നതും പ്രസംഗിക്കാവുന്നതുമാകുന്നു. പക്ഷെ അവൎക്ക് വോട്ടുചെയ്യാൻ പാടില്ല. മുനിസിപ്പാലിററികളിലെന്നതുപോലെ ഡിസ്ത്രക്ട് ബോർഡിലെ പ്രവൎത്തനങ്ങളും കൊണ്ടുനടത്തപ്പെടുന്നത് സ്റ്റാണ്ടിങ്ങ് കമ്മിററികളിൽക്കൂടെയാകുന്നു.

**പഞ്ചായത്തുബോൎഡുകൾ:—** പഞ്ചായത്തുബോൎഡുകൾ ഡിസ്ത്രിക്ട് ബോർഡിൻെറ കീഴ്ഘടകങ്ങളത്രെ. ഒരു പഞ്ചായത്തുബോർഡിൻെറ അധികാരാതിൎത്തി ഒരു റവന്യൂ അംശമൊ ഒന്നിലധികം അംശങ്ങൾ കൂടിചേൎന്ന ഒരു ഗ്രൂപ്പൊ ആയിരിക്കും. അയ്യായിരത്തിലധികം ജനസംഖ്യയും

പതിനായിരത്തിലധികം ഉറുപ്പിക വർഷാന്തവരവും ഉള്ള ബോർഡുകാക്ക് ഒന്നാംക്ലാസ് പഞ്ചായത്തുബോർഡുകൾ എന്നും മററുള്ളവയ്ക്ക് രണ്ടാംക്ലാസ് പഞ്ചായത്തുബോർഡുകൾ എന്നും പേർ.

ഗ്രാമവാസികളുടെ സാമൂഹ്യമായ സുഖസൌകര്യങ്ങളും ആരോഗ്യരക്ഷയും ഉദ്ദേശിച്ചുള്ള എല്ലാ കാര്യങ്ങളും ചെയ്തുകൊടുപ്പാൻ ബോർഡിന്നു് ബാദ്ധ്യതയുണ്ട്. ഗ്രാമനിരത്തുകളുടേയും ഇടവഴികളുടേയും നിർമ്മാണം, സംരക്ഷണം, അവയിൽ വിളക്കുവെപ്പ്, പൊതു കക്കൂസുകൾ, അഴുക്കുചാലുകൾ, ശ്മശാനങ്ങൾ എന്നിവയുടെ നിർമ്മാണം, സംരക്ഷണം, ഗ്രാമശുചീകരണം, കുടിപ്പാനും, കുളിപ്പാനും, അലക്കുവാനും കന്നുകാലികൾക്കും ജലം ഏർപ്പാടുചെയ്യുക, ഗ്രാമത്തിലെ കാടും പൊന്തയും നീക്കംചെയ്ത്, പൊട്ടക്കുളങ്ങളുംമററും തൂർത്ത് വൃത്തിയാക്കുക, പകർച്ചവ്യാധികളുടെ നിവാരണം എന്നിവ പഞ്ചായത്തുബോർഡിൻെറ നിർബ്ബന്ധ കർത്തവ്യങ്ങളാകുന്നു.

വീട്, തൊഴിൽ, വാഹനം, മൃഗം, മത്സ്യംപിടുത്തം, കല്ലുവെട്ടുകുഴി എന്നിവയിന്മേലെല്ലാം പഞ്ചായത്തുബോർഡിന്നു് നികുതി ചുമത്താം. കൂടാതെ ഗ്രാമത്തിലുള്ള ചന്ത, കടവ്, ചുങ്കം, വണ്ടിത്താവളം എന്നിവ ലേലംചെയ്തു വരവും, ഗവർമ്മെണ്ടിൽനിന്നും, ഡിസ്ട്രിക്ട്ബോർഡിൽനിന്നുമുള്ള ഗ്രാണ്ടും, ബോർഡതിർത്തിയിൽനിന്നുള്ള ക്രിമിനൽ പിഴകളുടെ പത്തിൽ ഒമ്പതംശവും പഞ്ചായത്തുബോർഡിൻെറ ധനാഗമമാർഗ്ഗങ്ങളാകുന്നു.

**തദ്ദേശഭരണസ്ഥാപനങ്ങളുടെ മേൽനോട്ടം:—** തദ്ദേശഭരണസ്ഥാപനങ്ങളിൽ അഴിമതികളും, ദുർഭരണവും, ന്യൂനപക്ഷമർദ്ദനവും സംഭവിക്കാൻ ഇടയുള്ളതുകൊണ്ടു്, ഇവയുടെമേൽ സംസ്ഥാനഗവമ്മെണ്ടിൻെറ നിഷ്കൃഷ്ടമായ നിയന്ത്രണം ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമത്രെ. സംസ്ഥാനത്തിലെ തദ്ദേശഭരണമന്ത്രിയുടെ കീഴിലുള്ള 'ലോക്കൽ അഡ്മിനിസ്ട്രേഷൻ' വകുപ്പാണു് ഈ സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിയ്ക്കുന്നതു്. ഈ വകുപ്പിൻെറ സംസ്ഥാനാദ്ധ്യക്ഷന്നു് ലോക്കൽബോർഡു് ഇൻസ്പെക്ടർ എന്നാണു് സ്ഥാനപ്പേർ. സംസ്ഥാനത്തിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളേയും തിരഞ്ഞെടുപ്പു് നടത്തുകയോ നടത്തില്ലൊ രൂപീകരിക്കുവാനും, ദുർഭരണം നടത്തുന്നവയെ പിരിച്ചുവിട്ടുവിപ്പാനുമുള്ള അധികാരം ഇദ്ദേഹത്തിന്നാണു്. കൂടാതെ സ്ഥാപനങ്ങളുടെ പൊതുവിലുള്ള മേൽനോട്ടം, കണക്കുപരിശോധന, ബഡ്ജററ് അംഗീകരിക്കൽ, ബഡ്ജററിൽ വേണ്ടപ്പെട്ട മാററങ്ങൾ നിർദ്ദേശിക്കൽ മുതലായവയെല്ലാം ഇദ്ദേഹത്തിൻെറ ചുമതലയാകുന്നു.

# അദ്ധ്യായം 15.

## പൊതുവിദ്യാഭ്യാസം.

പൊതുവിദ്യാഭ്യാസം സംസ്ഥാനഗവമ്മെണ്ടുകളുടെ അധികാരത്തിൽപെട്ട ഒരു വിഷയമാകുന്നു. എങ്കിലും ഇന്ത്യയ്ക്കൊട്ടാകെയുള്ള വിദ്യാഭ്യാസനയം രൂപീകരിക്കുന്നതും സംസ്ഥാന വിദ്യാഭ്യാസവകുപ്പുകളുടെ മേൽനോട്ടം വഹി

ക്കുന്നതും യൂനിയൻ ഗവമ്മെണ്ടിലെ വിദ്യാഭ്യാസ മന്ത്രാലയമാകുന്നു. കൂടാതെ പാർട്ട് 'സി' സ്റ്റെയിററുകളിലെ വിദ്യാഭ്യാസത്തിൻെറ നേരിട്ടുള്ള ചുമതലയും, ഇന്ത്യയിലെ പ്രധാന ഗ്രന്ഥാലയങ്ങൾ, മ്യൂസിയങ്ങൾ, കലാപോഷണം ചരിത്രസ്മാരകങ്ങൾ, പുരാതന വസ്തുപര്യവേഷണം എന്നിവയുടെ മേൽനോട്ടവും, ഇന്ത്യയും വിദേശങ്ങളുമായി സാംസ്കാരികബന്ധം പുലർത്തുവാനുള്ള ബാദ്ധ്യതയും യൂനിയൻ വിദ്യാഭ്യാസവകുപ്പിന്നാകുന്നു. ഡൽഹി, കാശി, അലിഗർ എന്നീ സർവ്വകലാശാലകളും കേന്ദ്ര-വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനവും ഈ വകുപ്പിൻെറ നേരിട്ടു കീഴിലാകുന്നു.

സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസനയത്തിൽ ഐകരൂപ്യം വരുത്തുവാനും, സംസ്ഥാനങ്ങൾതമ്മിൽ സാംസ്കാരികബന്ധം പുലർത്തുവാനുമായി ഇന്ത്യാ വിദ്യാഭ്യാസമന്ത്രിയുടെ ആഭിമുഖ്യത്തിൽ സ്റ്റെയിററ്-വിദ്യാഭ്യാസ-മന്ത്രിമാരും, ഏതാനും പാർലിമെണ്ട് മെമ്പർമാരും, വിദ്യാഭ്യാസ വിദഗ്ദ്ധന്മാരും അടങ്ങിയ "കേന്ദ്ര വിദ്യാഭ്യാസോപദേശക ബോർഡു്" എന്ന ഒരു സമിതിയും, സർവ്വകലാശാലകൾ തമ്മിൽ ബന്ധപ്പെടുത്തുവാൻ ഒരു 'ഇൻടർ യൂനിവേർസിററി ബോർഡു' രാജ്യത്തിലെ സാങ്കേതിക വിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധിയെ ഉദ്ദേശിച്ച് ഒരു 'അഖിലേന്ത്യാ-സാങ്കേതിക-വിദ്യാഭ്യാസ-കൌൺസിലും' സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസഭരണത്തിൻെറ കർത്തൃത്വം വഹിപ്പാനും, യൂനിയൻ വിദ്യാഭ്യാസവകുപ്പിന്നു് വിദഗ്ദ്ധോപദേശം നൽകുവാനുമായി മന്ത്രിയുടെ കീഴിൽ 'വിദ്യാഭ്യാസ കമ്മീഷണർ' എന്ന ഒരു ഉയൎന്ന ഉദ്യോഗസ്ഥനും അദ്ദേഹത്തിൻെറ

നിയന്ത്രണത്തിൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ പ്രശ്ന ങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വിതരണം ചെയ്യാൻ ഒരു 'വിദ്യാഭ്യാസബ്യൂറോവും' ഉണ്ട്.

എ. ബി. വിഭാഗങ്ങളിൽപെട്ട സ്റ്റെയിററുകളിലെ വിദ്യാഭ്യാസത്തിൻെറ പരിപൂർണ്ണചുമതല അതാതു് സ്റ്റെയിററിലെ വിദ്യാഭ്യാസമന്ത്രിമാക്കാകുന്നു. പൊതുവിദ്യാഭ്യാസത്തെ കോളേജ്‌വിദ്യാഭ്യാസം എന്നും സ്കൂൾവിദ്യാഭ്യാസം എന്നും രണ്ടായി തിരിയ്ക്കാം കോളേജുകളിലെ പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളും നിശ്ചയിപ്പാനും, പരീക്ഷകൾ നടത്തി ബിരുദങ്ങൾ നൽകുവാനും ഉള്ള അധികാരം "സർവ്വകലാശാലകൾ" എന്ന സ്ഥാപനങ്ങൾക്കാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുമായി 26 സർവ്വകലാശാലകളാണ് ഇപ്പോൾ ഉള്ളതു്.

**മദ്രാസ് സ്റ്റെയിററ്:**—മദ്രാസ്, ആന്ധ്ര, അണ്ണാമലൈ, സർവ്വകലാശാലകൾ.

**ബോംബെ:**—ബോംബെ, ഇന്ത്യൻവനിതാ, സർവ്വകലാശാലകൾ.

**ബങ്കാൾ:**—കൽക്കത്ത, വിശ്വഭാരതി, ഗുരുകുലം.

**ഉത്തരപ്രദേശം:**—അലഹബാദ്, ലക്നൌ, അലീഗർ, ആഗ്ര, കാശി.

**മദ്ധ്യപ്രദേശം:**—നാഗപൂർ, സാഗർ.

**ഡൽഹി:**— ഡൽഹി, ജാമിയ-മില്ലിയ-ഇസ്ലാമിയ.

**തിരു-കൊച്ചി:**—ട്രാവൻകൂർ സർവ്വകലാശാല.

**മൈസൂർ:**—മൈസൂർ സർവ്വകലാശാല.

**ഹൈദരബാദ്:**—ഓസ്മാനിയ സർവ്വകലാശാല.

**ഒറീസ്സ:**—ഉത്കൽ സർവ്വകലാശാല.

**ആസാം:**—ഗൌഹതി സർവ്വകലാശാല.

**രജപുട്ടാന:**—രജപുട്ടാന സർവ്വകലാശാല.

**ബീഹാർ:**—പാററ്നാ സർവ്വകലാശാല

**പഞ്ചാബ്:**—കിഴക്കൻപഞ്ചാബ്. സർവ്വകലാശാല.

**കാശ്മീർ:**—കാശ്മീർ സർവ്വകലാശാല

ഒരു സ്റ്റെയിററിലുള്ള സർവ്വകലാശാലകളുടെസ്ഥിരം ചാൻസലർ ഗവർണ്ണരൊ രാജപ്രമുഖനൊ ആയിരിയ്ക്കും. ഓരോ സർവ്വകലാശാലയ്ക്കും ഓരോ വൈസ്ചാൻസലറെ ഗവർണ്ണർ നിശ്ചയിയ്ക്കുന്നു. ഒരു സർവ്വകലാശാലയുടെ ഭരണ സമിതിയ്ക്ക് "സെനററ്" എന്നാണു് പേർ. സെനററിലെ ഏതാനും അംഗങ്ങൾ ബിരുദധാരികൾ തിരഞ്ഞെടുക്കുന്നവരും ബാക്കിയുള്ളവർ ചാൻസ്‌ലർ നിശ്ചയിക്കുന്നവരും ആയിരിക്കും. കാര്യനിർവ്വഹണത്തിന്നു് വൈസ്ചാൻസലരുടെ അദ്ധ്യക്ഷതയിൽ "സിൻഡിക്കെയിററ്" എന്ന ഒരു ചെറുസഭയമുണ്ടു്. നിർവ്വഹണാധികാരി 'സർവ്വകലാശാലാറജിസ്ട്രാർ' എന്ന ഉദ്യോഗസ്ഥനാകുന്നു. സർവ്വകലാശാലയ്ക്കുവേണ്ടി ഒപ്പിടുവാനുള്ള അധികാരം ഇദ്ദേഹത്തിന്നാണു്.

**കോളേജുകൾ:**—ഇന്ത്യയിലൊട്ടാകെ ഏതാണ്ടു് മുന്നൂറിലധികം കോളേജുകൾ ഉണ്ടു്. ബി. എ; ബി. എസ്സ്. സി. മുതലായ പരീക്ഷകൾക്ക് പഠിപ്പിക്കുന്ന കോളേജുകൾക്ക് ഒന്നാം ഗ്രെയിഡ് കോളേജുകൾ എന്നും ഇൻടർമീഡിയററ്വരെ മാത്രമുള്ളവയ്ക്ക് രണ്ടാം ഗ്രെയിഡ് കോളേജുകൾ എന്നും പേർ. ചില കോളേജുകൾ ഗവർണ്മെൻറ്

നേരിട്ടു നടത്തുന്നവയും, ചിലവ സർവ്വകലാശാലകൾ നടത്തുന്നവയും, ചിലവ തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തുന്നവയും ബാക്കിയുള്ളവ ഗവമ്മെണ്ടിൽനിന്ന് സഹായധനം വാങ്ങി സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും നടത്തുന്നവയും ആകുന്നു. ഏതു കോളേജും ഏതെങ്കിലും ഒരു സർവ്വകലാശാലയോട്ട് ബന്ധപ്പെട്ടതായിരിക്കേണ്ടതുണ്ട്. അഞ്ചുകൊല്ലത്തിലൊരിക്കൽ ഒരു സർവ്വകലാശാലാ കമ്മിഷൻ സർവ്വകലാശാലയോട്ട് ബന്ധപ്പെട്ട കോളേജുകളെ പരിശോധിക്കുന്നു.

ഓരോ സംസ്ഥാനത്തിലെയും വിദ്യാഭ്യാസമേലദ്ധ്യക്ഷന്നു് 'വിദ്യാഭ്യാസ ഡൈരക്ടർ' എന്നാണ് പേർ. സംസ്ഥാനത്തിലെ സ്കൂൾവിദ്യാഭ്യാസത്തിന്റെ മേൽനോട്ടവും, വിദ്യാഭ്യാസകാര്യങ്ങളിൽ മന്ത്രിയെ ഉപദേശിപ്പാനുള്ള ബാദ്ധ്യതയും ഇദ്ദേഹത്തിന്നാണ്. സംസ്ഥാനത്തിലെ എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാരുടേയും മേലധികാരത്തിന്നു പുറമെ ഗവമ്മെണ്ട് നേരിട്ടുനടത്തുന്ന കോളേജുകളിലേയും സ്കൂളുകളിലേയും അദ്ധ്യാപകന്മാരുടെ മേലധികാരവും ഇദ്ദേഹത്തിന്നാണ്. സ്കൂൾസംബന്ധമായ എല്ലാ പബ്ലിക്ക് പരീക്ഷകളും കൊണ്ടുനടത്തി സർട്ടിഫിക്കററ് കൊടുപ്പാനുള്ള അധികാരവും ഇദ്ദേഹത്തിന്നാകകൊണ്ട് ഇദ്ദേഹത്തിന്നു 'ഗവമ്മെണ്ട്പരീക്ഷാ കമ്മീഷണർ' എന്ന സ്ഥാനവും ഉണ്ട്. കൂടാതെ എലിമെണ്ടറി സ്കൂളുകളിലേയും ഹൈസ്കൂളുകളിലേയും പാഠ്യപദ്ധതി, പാഠ്യപുസ്തകങ്ങൾ അച്ചടക്കം മുതലായവ നിർദ്ദേശിക്കേണ്ടുന്ന ബാദ്ധ്യതയും ഇദ്ദേഹത്തിന്നാണ്. പാഠ്യപദ്ധതി രൂപീകരിക്കുവാൻ ഇദ്ദേഹത്തിന്റെ

കീഴിൽ ഒരു സ്കൂൾഫൈനൽബോർഡും, പാഠ്യപുസ്തകങ്ങൾ നിർദ്ദേശിപ്പാൻ ഒരു പാഠപുസ്തകക്കമ്മിററിയും, പരീക്ഷകൾ നടത്തി സർട്ടിഫിക്കററുകൾ കൊടുക്കുന്നതിൽ ഇദ്ദേഹത്തെ സഹായിപ്പാൻ ഒരു 'പരീക്ഷാ സിക്രട്ടെരിയും'. ഉണ്ട്.

വിദ്യാലയങ്ങളുടെ മേൽനോട്ടം, നിയന്ത്രണം, അംഗീകരണം, പരിശോധന, സ്വകാര്യസ്ഥാപനങ്ങൾക്ക് സഹായദായകം നൽകൽ തുടങ്ങിയ നാനാമുഖമായ വിദ്യാഭ്യാസകാര്യങ്ങൾക്കായി ഡയരക്ടരുടെ കീഴിൽ ധാരാളം ഉദ്യോഗസ്ഥന്മാരുണ്ട്. സംസ്ഥനത്തെ മൂന്നൊ നാലൊ ഡിവിഷനായി തിരിച്ച് ഓരോ ഡിവിഷനും ഒരു ഡിവിഷനൽ ഇൻസ്പെക്ടരുടെ ചുമതലയിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു. ഓരോ ഡിവിഷനിലും അഞ്ചൊ ആറൊ വിദ്യാഭ്യാസജില്ലകളും ഓരോ ജില്ലക്കും ഓരോ ജില്ലാവിദ്യാഭ്യാസ ഓഫീസരും ഉണ്ട്. ഓരോ ജില്ലയിലും അഞ്ചൊ ആറൊ റെയിഞ്ചുകൾ അടങ്ങിയിരിക്കും. ഓരോ റെയിഞ്ചിന്നും ഓരോ ഡിപ്യൂട്ടി ഇൻസ്പെക്ടരും അദ്ദേഹത്തെ സഹായിപ്പാൻ ഒന്നൊ രണ്ടൊ ജൂനിയർ ഡിപ്യൂട്ടി ഇൻസ്പെക്ടർമാരും ഉണ്ട്. സാധാരണ സ്കൂളുകൾക്ക് പുറമെ വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, വയോജന പാഠശാലകൾ, അനാഥമന്ദിരങ്ങൾ എന്നിവയും വിദ്യാഭ്യാസവകുപ്പിൻെറ പരിശോധനക്ക് വിധേയമാണ്. അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുവാൻ കോളേജുകളും സ്കൂളുകളും നടത്തുന്നതും ഈ വകുപ്പിൻെറ ചുമതലയാണ്.

**സ്കൂളുകൾ:**—ഒന്നാം ഫോറംമുതൽ സ്കൂൾ ഫൈനൽവരെ തരങ്ങളുള്ള സ്കൂളുകൾക്ക് സെക്കണ്ടറി സ്കൂളുക

ൾ എന്നും, ഒന്നാംതരംമുതൽ 8-ാംതരംവരെയുള്ള സ്കൂളു കൾക്ക് എലിമെണ്ടറി സ്കൂളുകൾ എന്നും പേർ. സെക്കണ്ടറി സ്കൂളുകളിൽ അല്പം ചിലവ ഗവമ്മെണ്ട് നേരിട്ടും ബാക്കിയുള്ളവ തദ്ദേശഭരണ സ്ഥാപനങ്ങളും, സ്വകാര്യ മാനേജുമെണ്ടുകളും ആണ് നടത്തുന്നത് എലിമെണ്ടറി സ്കൂളുകൾ മുഴുവനുംതന്നെ തദ്ദേശഭരണസ്ഥാപനങ്ങളും, സ്വകാര്യസ്ഥാപനങ്ങളും വ്യക്തികളുമാണ് നടത്തുന്നത്.

## അദ്ധ്യായം 16.

### പൊതുജനാരോഗ്യം.

പൊതുജനാരോഗ്യം ഒരു സ്റ്റെയിററ് വിഷയമാണെങ്കിലും പാർട്ട് 'സി' സ്റ്റെയിററുകളിലെ പൊതുജനാരോഗ്യഭരണവും, പൊതുജനാരോഗ്യം സംബന്ധിച്ച അഖിലേന്ത്യാ ഗവേഷണ സ്ഥാപനങ്ങളും യൂനിയൻ ഗവമ്മെണ്ടിൻെറ കീഴിലാകുന്നു. ഏതെങ്കിലും സ്റ്റെയിററിലൊ സ്റ്റെയിററുകളിലൊ ഭയങ്കരമായതോതിൽ പകച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടുന്നാപക്ഷം തൽക്ഷണം ഇടപെട്ട് വേണ്ടുന്നത് പ്രവൃത്തിപ്പാനുള്ള അധികാരവും യൂനിയൻ പൊതുജനാരോഗ്യവകുപ്പിന്നുണ്ട്. ലോകാരോഗ്യസംഘടനകളുമായി ബന്ധപ്പെട്ടുന്നതും, വിദേശങ്ങളിൽനിന്ന് ഇന്ത്യക്ക് ആവശ്യമായ ഔഷധങ്ങൾ വരുത്തിക്കുന്നതും ഈ വകുപ്പിൻെറ കർത്തവ്യങ്ങളാണ്. ഉഷ്ണമേഖലാ രോഗങ്ങളെപ്പററിയും മററും ഗവേഷണം നടത്തുവാനായി ഈ വകുപ്പിൻെറ കീഴിൽ നടത്തപ്പെട്ടുന്ന പ്രധാന സ്ഥാപനങ്ങൾ (1) കേന്ദ്ര-മെഡിക്കൽ-

ഗവേഷണശാല (2) അഖിലേന്ത്യ-ഹൈജീൻ-പബ്ലിക്ക് ഹെൽത്ത് ഇൻസ്റ്റിററ്യൂട്ട് (3) മലേരിയ ഇൻസ്റ്റിററ്യൂട്ട് എന്നിവയാകുന്നു.

സ്റ്റേയിററുകളിലെ പൊതുജനാരോഗ്യവകുപ്പുകളുടെ മേൽനോട്ടം നിർവ്വഹിപ്പാനും, പ്രവർത്തനങ്ങൾക്ക് പരസ്പരബന്ധം സ്ഥാപിക്കുവാനുമായി ഇന്ത്യാ പൊതുജനാരോഗ്യമന്ത്രിയുടെ കീഴിൽ സ്റ്റേയിററ് പ്രതിനിധികളടങ്ങിയ ഒരു കേന്ദ്ര-ആരോഗ്യ-ഉപദേശകബോർഡ് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയൊട്ടുക്കും മെഡിക്കൽ വിദ്യാഭ്യാസത്തിൻെറ തോത് നിജപ്പെടുത്തുവാൻവേണ്ടി മെഡിക്കൽ-കൌൺസിൽ-ഓഫ് ഇന്ത്യ എന്ന ഒരു സ്ഥാപനവും ഉണ്ട്. വൈദ്യസഹായം സംബന്ധിച്ച സർവ്വകാര്യങ്ങളിലും മന്ത്രിക്ക് വിദഗ്ദ്ധോപദേശംകൊടുപ്പാൻ ഇന്ത്യയിലെ എല്ലാ മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടേയും തലവനായി മെഡിക്കൽ-ഡയരക്ടർ-ജനറൽ എന്ന ഒരു ഉയന്ന ഉദ്യോഗസ്ഥനും, പൊതുജനാരോഗ്യം സംബന്ധിച്ച കാര്യങ്ങളിൽ ഉപദേശം കൊടുപ്പാനും, ഇന്ത്യയൊട്ടുക്കുമുള്ള ജനന-മരണ രോഗ-സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുവാനുമായി പബ്ളിക്ക് ഹെൽത്ത് കമ്മീഷണർ എന്ന മറെറാരു ഉയന്ന ഉദ്യോഗസ്ഥനും ഉണ്ട്.

'എ' 'ബി' സ്റ്റേയിററുകളിലെ പൊതുജനാരോഗ്യ ഭരണത്തിൻെറ ചുമതല വഹിക്കുന്നതു് അതാതു് സ്റ്റേയിററിലെ ആരോഗ്യമന്ത്രിയാകുന്നു. മന്ത്രിയുടെ കീഴിൽ ഈ വകുപ്പിനെ 'നിവാരണം' എന്നും, 'വൈദ്യസഹായം' എന്നും രണ്ടു് ഡിപ്പാർട്ടുമെണ്ടുകളായി തിരിച്ചിരിക്കുന്നു. രോഗങ്ങൾ

പിടിപെടാതിരിപ്പാനൊ പരക്കാതിരിപ്പാനൊ സാമൂഹ്യമായ മുൻകരുതലുകൾ എടുക്കുകയാണ് നിവാരണവകുപ്പിന്റെ കത്തവ്യം. വസൂരി, വിഷൂചിക, വിഷജ്വരം, ക്ഷയം മുതലായവയ്ക്കു് കുത്തിവെപ്പ് നടത്തുക, മലമ്പനി, കൊക്കപ്പുഴു തുടങ്ങിയ സാവ്വത്രികമായ രോഗങ്ങൾക്കു ഔഷധവിതരണം ജനസംഘം കൂടുന്ന ഇടങ്ങളിൽ ശുചീകരണപ്രവൎത്തനം, ജലശുദ്ധീകരണം, പൊതുജനങ്ങളുടെ ഇടയിൽ ആരോഗ്യതത്വപ്രചരണം, ആരോഗ്യകേന്ദ്രങ്ങളും, പ്രസവ ശുശ്രൂഷാലയങ്ങളും, ശിശുസ്വാഗതമന്ദിരങ്ങളും കൊണ്ടുനടത്തുക എന്നിവയെല്ലാം നിവാരണവകുപ്പിന്റെ ചുമതലകളാകുന്നു.

ഓരൊ സംസ്ഥാനത്തിലെയും നിവാരണവിഭാഗത്തിന്റെ വകുപ്പദ്ധ്യക്ഷൻ "പൊതുജനാരോഗ്യഡൈരക്ടർ" ആകുന്നു. ഇദ്ദേഹത്തിന്റെ കീഴിൽ ഓരോ ജില്ലയിലും ഓരോ "ജില്ലാ ഹെൽത്തു് ആപ്പീസറും" ഓരോ മുനിസിപ്പാലിററിയിലും ഓരോ മുനിസിപ്പാൽ ഹെൽത്താപ്പീസറും ഉണ്ടു് ജില്ലകളിലെ പൊതുജനാരോഗ്യഭരണം ഡിസ്ത്രിക്ട്ബോർഡിൻേറയും മുനിസിപ്പാലിററികളുടേയും കീഴിലാകുന്നു. ജില്ലാ ഹെൽത്താപ്പീസരുടെ കീഴിൽ ഓരോ താലൂക്കിലും ഒന്നൊ രണ്ടോ ഹെൽത്തു് ഇൻസ്പെക്ടർമാരും അവരുടെ കീഴിൽ ഫക്കീരോ(?)രും ഒന്നോ രണ്ടോ വാക്സിനേററർമാരും ഉണ്ടായിരിക്കും. മുനിസിപ്പാലിററികളിൽ ഭക്ഷ്യസാധനങ്ങളുടെ വില്പനയുടെ നിയന്ത്രണത്തിന്നു് പ്രത്യേകമായി ഫുഡ്ഡ് ഇൻസ്പെക്ടർമാരും, ഗർഭിണികളെ സന്ദർശിച്ചു് ഉപദേശംകൊടുപ്പാൻ വനിതാ-ഹെൽത്തു് വിസിററർമാരും നഗരശുചീകരണത്തിന്റെ മേൽനോട്ടം വഹിക്കുവാൻ സാനിട്ടറി ഇൻസ്പെക്ടർമാരും ഉണ്ടു്.

ഹെൽത്ത് ഇൻസ്പെക്ടർമാക്കും, വാക്സിനേററർമാക്കും, ഹെൽത്ത് വിസിററർമാക്കും പരിശീലനം നൽകുവാൻ സ്ക്കൂളുകളും ഈ വകുപ്പിൽനിന്ന് നടത്തപ്പെടുന്നുണ്ട്.

രോഗം പിടിപെട്ടവരെ ഔഷധംകൊണ്ടോ ശസ്ത്രക്രിയകൊണ്ടോ ചികിത്സിക്കുകയാണ് 'വൈദ്യസഹായ' വകുപ്പിന്റെ കത്തവ്യം. സക്കാർ ആസ്പത്രികളും, ഡോക്ടർമാരുടെ പരിശീലനത്തിന്നുള്ള വൈദ്യകോളേജുകളും സ്ക്കൂളുകളും കൊണ്ടുനടത്തുന്നതും ഈ വകുപ്പിന്റെ ചുമതലയാണ് സംസ്ഥാനത്തിലെ വൈദ്യസഹായവകുപ്പിന്റെ അദ്ധ്യക്ഷന്ന് 'ഡയരക്ടർ-ഓഫ്-മെഡിക്കൽ സർവീസസ്' എന്നാണ് സ്ഥാനപ്പേർ സംസ്ഥാനത്തിലെ എല്ലാ മെഡിക്കൽ സ്ഥാപനങ്ങളുടേയും; മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടേയും മേലധികാരവും വൈദ്യവിഷയത്തിൽ സ്റ്റേയിററ് ഗവമ്മെണ്ടിന്ന് വിദഗ്ദ്ധോപദേശം കൊടുപ്പാന്നുള്ള ബാദ്ധ്യതയും ഇദ്ദേഹത്തിന്നാണ്. ഇദ്ദേഹത്തിന്റെ കീഴിൽ ഓരൊ ജില്ലയ്ക്കും ഓരൊ ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ ഉണ്ട്. ജില്ലാ തലസ്ഥാന ആസ്പത്രിയിലെ പ്രധാന ഡോക്ടരും, ജില്ലയിലെ മെഡിക്കൽ ഭരണത്തിന്റെ ഉത്തരവാദിയും ഇദ്ദേഹമാണ്. ഇദ്ദേഹത്തിന്റെ കീഴിൽ താലൂക്ക് തലസ്ഥാനംതോറും ഓരൊ സക്കാർ ആസ്പത്രിയും അതിന്റെ ചുമതല വഹിപ്പാൻ ഒരു സിവിൽ അസിസ്റ്റണ്ട് സജ്ജനും, അദ്ദേഹത്തെ സഹായിപ്പാൻ ഒന്നൊ രണ്ടൊ സബ്ബ് അസിസ്റ്റണ്ട് സർജ്ജന്മാരും, ഏതാനും ഓണററി സർജ്ജന്മാരും, രോഗികളെ ശുശ്രൂഷിക്കുവാൻ നേർസുമാരും, പ്രസവശുശ്രൂഷക്ക് മിഡ്വൈഫുമാരും ഉണ്ടായിരിക്കും.

**ഗവമ്മെണ്ടാസ്പത്രികഠം:—**സ്റ്റെയിററിൻെറ തലസ്ഥാനത്തുള്ള ആസ്പത്രിക്ക് 'ജനറൽ ആസ്പത്രി' എന്നാണു് പേർ. ഓരൊ ജില്ലയിലേയും പ്രധാന ആസ്പത്രിക്ക് 'ജില്ലാ തലസ്ഥാന ആസ്പത്രി' എന്നും താലൂക്കകളിൽ ഉള്ളതിന്നു് 'താലൂക്ക് തലസ്ഥാന ആസ്പത്രികഠം എന്നും പറയും. താലൂക്കകളിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം തദ്ദേശഭരണസ്ഥാപനങ്ങഠം നടത്തുന്ന ലോക്കൽഫണ്ടു് ആസ്പത്രികളും, പ്രധാന ഗ്രാമങ്ങളിലെല്ലാം ഡിസ്ത്രിക്റ്റ് ബോർഡിൽനിന്നു് ഗ്രാണ്ടു് നൽകുന്ന 'റൂറൽ ഡിസ്പെൻസറികളും' ഉണ്ടു്. ലോക്കൽഫണ്ടു് ആസ്പത്രികളുടേയും, റൂറൽ ഡിസ്പെൻസറികളുടേയും, അവയിൽ പ്രവൃത്തിയെടുക്കുന്ന ഡോക്ടർമാരുടേയും, സ്റ്റാഫിൻെറയും നിയന്ത്രണാധികാരം ഡിസ്ത്രിക്റ്റ് മെഡിക്കൽ ഓഫിസൎക്കാകുന്നു. ഓരൊ ജില്ലയിലും ചിത്തരോഗങ്ങഠംക്കും, സ്ത്രീരോഗങ്ങഠംക്കും വെവ്വേറെ ആസ്പത്രികളും ഉണ്ടു്.

**വൈദ്യവിദ്യാഭ്യാസം:—**വലിയ സ്റ്റെയിററുകളിലെല്ലാം രോഗചികിത്സയും ശസ്ത്രക്രിയയും പഠിപ്പിക്കുന്ന കോളേജുകഠം ഉണ്ടു്. വൈദ്യകോളേജുകഠം ഏതെങ്കിലും ഒരു നല്ല ആസ്പത്രിയോടു് അനുബന്ധിച്ചിരിക്കും. വൈദ്യവിദ്യാഭ്യാസത്തിൻെറ മേൽനോട്ടം വഹിക്കുവാൻ ഓരൊ സംസ്ഥാനത്തിലും ഓരൊ 'സംസ്ഥാന മെഡിക്കൽ കൌൺസിൽ' ഉണ്ടു്. ഡോക്ടർമാരുടെ പേരിൽ അച്ചടക്കനടപടികഠം എടുപ്പാനും, വൈദ്യബിരുദങ്ങളുടെ അംഗീകരണവിഷയത്തിൽ ഗവമ്മെണ്ടിനെ ഉപദേശിപ്പാനും കൌൺസിലിന്നു് അധികാരമുണ്ടു്.

# അദ്ധ്യായം 17.

## പൊതുമരാമത്ത്.

മരാമത്ത് ഒരു സ്റ്റേയിററ് വിഷയമാണെങ്കിലും യൂനിയൻ ഗവമ്മെണ്ട്വക മരാമത്തുകളുടെ മേൽനോട്ടവും, ഇന്ത്യയിലെ നാഷനൻ ഹൈവെകളുടെ ഭരണവും, ഇന്ത്യയിലെ ലോഹഖനികളുടെയും, വിദ്യുച്ഛക്തി ഉല്പാദനത്തിൻെറയും ഭരണവും യൂനിയൻ പൊതുമരാമത്ത് വകുപ്പിൻെറ കീഴിലാകുന്നു. 'എ', 'ബി' സ്റ്റേയിററുകളിലെ പൊതുമരാമത്ത്, വിദ്യുച്ഛക്തി, ജലസേചനം എന്നീ വിഷയങ്ങളുടെ മേൽനോട്ടവും ഈ വകുപ്പിന്നുണ്ട്.

റോഡ്നിർമ്മാണം, വിപുലീകരണം മുതലായവയെ സ്സംബന്ധിച്ച് കേന്ദ്രഗവമ്മെണ്ടിന്ന് വിദഗ്ദ്ധോപദേശം കൊടുപ്പാൻ "ഇന്ത്യൻറോഡ്സ് കോൺഗ്രസ്സ്" എന്ന ഒരു അനൌദ്യോഗികസമിതിയുണ്ട്. റോഡ്നിമ്മാണവുമായി ബന്ധപ്പെട്ട പ്രധാന എൻജിനിയർമാരുടെ ഒരു സംഘമാണ് റോഡ്സ് കോൺഗ്രസ്സ്. റോഡ്നിർമ്മാണത്തിന്ന് സംസ്ഥാനഗവമ്മെണ്ടുകൾക്ക് വേതനംകൊടുപ്പാൻ ഒരു 'കേന്ദ്ര-റോഡ്-ഫണ്ടും' യൂനിയൻ മരാമത്തുവകുപ്പിൻെറ അധീനതയിലുണ്ട്.

ഒന്നിലധികം സ്റ്റേയിററുകളെ ബാധിക്കുന്ന വമ്പിച്ച ജലസേചനപദ്ധതികൾ ഈ വകുപ്പ് നേരിട്ട് ഭരിക്കുന്നു. കൂടാതെ സ്റ്റേയിററുകളിൽ ആരംഭിക്കുന്ന വലിയ ജലസേചനപദ്ധതികൾക്ക് അംഗീകാരം നൽകുവാനും, ഗ്രാണ്ട് അനുവദിപ്പാനും, നദികളിലെ ജലം സംസ്ഥാനങ്ങൾക്ക് വി

തിച്ചുകൊടുപ്പാനും ഉള്ള അധികാരവും ഈ വകുപ്പിന്നുണ്ടു്. ജലസേചന വിഷയത്തിൽ ഗവമ്മെണ്ടിനെ ഉപദേശിപ്പാനും, സ്റ്റെയിററുകളും യൂനിയനും തമ്മിൽ ബന്ധം പുലത്തുവാനുമായി ഒരു ജലസേചന-കേന്ദ്രബോർഡും, ജലസേചനം സംബന്ധിച്ച സാങ്കേതികവിവരങ്ങൾ പരസ്പരം കൈമാറുവാനായി വിവിധസ്റ്റെയിററുകളിലെയും ജലസേചനഎൻജിനീയർമാർ അടങ്ങിയ ഒരു കേന്ദ്ര-ജലസേചന-ബ്യൂറൊവും ഉണ്ടു്. നദികളിലെ ഒഴുക്കിനെപ്പററിയും പാലങ്ങളുടെ സംരക്ഷണത്തെപ്പററിയും ഗവേഷണം നടത്തുവാനും പരിക്കുവാനുമായി പൂനയ്ക്കടുത്ത് ഒരു ജലമാർഗ്ഗ-പരീക്ഷണ-സ്റ്റേഷനും നടത്തപ്പെടുന്നു.

ജലപാതങ്ങളിൽനിന്നും ജലസേചനപദ്ധതികളിൽനിന്നും വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനെസ്സംബന്ധിച്ചു് വിദഗ്ദ്ധോപദേശം കൊടുപ്പാൻ ഒരു കേന്ദ്ര-സാങ്കേതിക-വിദ്യുച്ഛക്തി-ബോർഡും, വിദ്യുച്ഛക്തി കമ്മീഷണർ എന്ന ഒരു ഉയന്ന ഉദ്യോഗസ്ഥനും ഈ വകുപ്പിനോടനുബന്ധിച്ചുണ്ടു്.

സ്റ്റെയിററുകളിൽ പൊതുമരാമത്തു് മന്ത്രിയുടെ കീഴിൽ ഈ വകുപ്പിനെ ഹൈവെയിസ്, ജലസേചനം, വിദ്യുച്ഛക്തി, മരാമത്തുകൾ എന്നിങ്ങിനെ പല ഉപവകുപ്പുകളായി ഭാഗിച്ചിരിക്കും. റോഡുകൾ, പാലങ്ങൾ, ഗതാഗതത്തിന്നു് ഉപയോഗിക്കുന്ന തോടുകൾ എന്നിവയുടെ നിമ്മാണം, സംരക്ഷണം മുതലായവയുടെ ചുമതല വഹിക്കുന്ന ഉപവകുപ്പിന്നു് 'ഹൈവെയിസ്' ഡിപ്പാട്ടുമെണ്ടു് എന്നു പറയുന്നു. അണക്കെട്ടുപദ്ധതികളുടെ ആസൂത്രണം, നിമ്മാണം, സംരക്ഷണം, ജലസേചനതോടുകൾ, ഏരികൾ എന്നിവ

യുടെ മേൽനോട്ടം വഹിക്കുന്ന ഉപവകുപ്പിന്നു് 'ജലസേചന ഡിപ്പാർട്ടുമെണ്ടു്' എന്നു പേർ. വിദ്യുച്ഛക്തി ഉൽപാദനത്തിൻെറ മേലധികാരം യൂനിയൻ ഗവർമ്മെണ്ടിന്നാണെങ്കിലും വിതരണത്തിൻെറ ചുമതല സ്റ്റേയിററുകൾക്കാകുന്നു. വിദ്യുച്ഛക്തി വിതരണത്തിൻെറ മേൽനോട്ടം വഹിക്കുന്ന ഉപവകുപ്പിന്നു് 'വിദ്യുച്ഛക്തിഡിപ്പാർട്ടുമെണ്ടു്' എന്നുപേർ. സർക്കാർകെട്ടിടങ്ങൾ, കിണറുകൾ മുതലായവയുടെ നിർമ്മാണം, സംരക്ഷണം എന്നിവയുടെ ചുമതല വഹിക്കുന്ന ഉപവകുപ്പിന്നു് 'മരാമത്ത്' എന്നും പേർ. എൻജിനീയർമാരെയും, ഓവർസിയർമാരെയും പരിശീലിപ്പിക്കുന്ന കോളേജുകൾ നടത്തുവാനുള്ള ബാദ്ധ്യതയും മരാമത്തുവകുപ്പിന്നാണു്.

**ഹൈവെയിസ്:**—ഇന്ത്യയിലൊട്ടാകെ ഏതാണ്ടു് 3 ലക്ഷം നാഴിക നിരത്തുകളുണ്ടു്. നിരത്തുകളെ (1) നാഷനൽ ഹൈവെയിസ് (2) സംസ്ഥാനഹൈവെയിസ് (3) ജില്ലാറോഡുകൾ (4) വില്ലേജ്റോഡുകൾ എന്നിങ്ങിനെ നാലായി തിരിച്ചിരിക്കുന്നു. ബോമ്പെ-ഡൽഹി, ഡൽഹി-കൽക്കത്ത, കൽക്കത്ത-മദ്രാസ്, മദ്രാസ്-ബോമ്പെ എന്നീ നാലു് വമ്പിച്ച നിരത്തുകൾ നാഷനൽ ഹൈവെകളാകുന്നു. ഇവ യൂനിയൻ മരാമത്ത് വകുപ്പിൻെറ നേരിട്ടു് കീഴിലാകുന്നു. സ്റ്റേയിററുകളിലെ ജില്ലാ തലസ്ഥാനങ്ങളെ യോജിപ്പിച്ചു കൊണ്ടു് പോകുന്ന പ്രധാന നിരത്തുകൾക്കു് സ്റ്റേയിററ്-ഹൈവെകൾ എന്നു പേർ. ഇവ സ്റ്റേയിററ് ഹൈവെ വകുപ്പിൻെറ നേരിട്ടു് ഭരണത്തിലാകുന്നു. ജില്ലയിലെ പ്രധാന നിരത്തുകൾക്കു് ജില്ലാറോഡുകൾ എന്നു പേർ. ഇവ ഡിസ്ട്രിക്ടു് ബോർഡിൻെറയും മുനിസിപ്പാലിററികളുടെയും കീ

ഴിലും, വില്ലേജ്റോഡുകൾ പഞ്ചായത്തുബോർഡുകളുടെ കീഴിലും ആകുന്നു. ആസ്സാം, ബങ്കാൾ, ബിഹാർ എന്നീ സംസ്ഥാനങ്ങളിൽ ഗതാഗതത്തിന്നു നദീമാർഗ്ഗങ്ങളാണ് പ്രധാനം. ഇന്ത്യയിലൊട്ടാകെ ഏതാണ്ട് 4000 നാഴികയോളം ഗതാഗതത്തോടുകൾ ഉണ്ട്. മദിരാശിയിലെ ബക്കിങ്ങാം തോടും, മലബാറിലെയും, തിരു-കൊച്ചി സ്റ്റെയിററിലെയും കടലോരകായലുകളും പ്രധാനപ്പെട്ട ജലമാർഗ്ഗങ്ങളാകുന്നു.

ഹൈവെയിസ് വകുപ്പിൻെറ അദ്ധ്യക്ഷന്നു 'ചീഫ് എൻജിനീയർ' എന്നാണ് സ്ഥാനപ്പേർ. ഇദ്ദേഹത്തിൻെറ കീഴിൽ സ്റ്റെയിററിനെ രണ്ടോ മൂന്നോ സക്കിളുകളായിതിരിച്ചിരിക്കും. ഓരോ സക്കിളും ഓരൊ സൂപ്പറിൻടെൻഡിങ്ങ് എൻജിനീയരുടെ കീഴിലാണ്. ഓരൊ സക്കിളിനെയും രണ്ടോ മൂന്നോ ഡിവിഷനായും ഓരോ ഡിവിഷനെയും രണ്ടോ മൂന്നോ സബ്ബ് ഡിവിഷനായും തിരിച്ചിരിക്കും. ഓരോ ഡിവിഷന്നും ഓരോ എക്സിക്യൂട്ടീവ് എൻജിനീയരും, ഓരോ സബ്ബ്ഡിവിഷന്നും ഓരോ അസിസ്റ്റണ്ട് എൻജിനീയരും ഉണ്ട്. അസിസ്റ്റണ്ട് എൻജിനിയരുടെ കീഴിൽ ഒന്നോ രണ്ടോ സൂപ്രവൈസർമാരും അവരുടെ കീഴിൽ ഓവർസിയർമാരും അവൎക്കകീഴിൽ മേസ്ത്രീമാരും ഉണ്ട്.

ജലസേചനവകുപ്പിൻെറ അദ്ധ്യക്ഷന്നു 'ജലസേചന ചീഫ് എൻജിനീയർ' എന്നും, വിദ്യുച്ഛക്തി വകുപ്പിൻെറ അദ്ധ്യക്ഷന്നു 'വിദ്യുച്ഛക്തി ചീഫ് എൻജിനീയർ' എന്നും പേർ. ഓരൊ വലിയ ജലസേചനപദ്ധതിയുടേയും മേൽനോട്ടം വഹിക്കുവാൻ ഓരോ സൂപ്പറൻടെൻഡിങ്ങ് എൻജിനീയരും അദ്ദേഹത്തിൻെറ കീഴിൽ, വാട്ടർവക്സ്സ്, എൻജി

നീയർമാരും, അസിസ്റ്റണ്ടുമാരും അവരുടെ കീഴിൽ സൂപ്രവൈസർമാരും ഓവർസിയർമാരും ഉണ്ടായിരിക്കും.

മരാമത്തുകൾ മിക്കവാറും ഡിപ്പാർട്ടുമെണ്ടു് നേരിട്ടു് നടത്തുകയല്ല ചെയ്യുന്നതു്. വ്യക്തികളെയോ, സ്ഥാപനങ്ങളെയോ കരാറേല്പിച്ചു് അവരെക്കൊണ്ടു് നടത്തിക്കുകയാണു് പതിവ്. പ്രവൃത്തികൾ ഡിപ്പാർട്ടുമെണ്ടിൽനിന്നു് നിജപ്പെടുത്തിയ തോതിന്നനുസരിച്ചു് നടക്കുന്നുണ്ടോ എന്നു് ഓരോ ഘട്ടത്തിലും പരിശോധിച്ചുകൊണ്ടിരിക്കും.

# അദ്ധ്യായം 18.

## കൃഷി—ഭക്ഷണകാര്യം.

ശാസ്ത്രീയരീതിയിൽ കൃഷിനടത്തി വിളവുവർദ്ധിപ്പിക്കുവാനും അദ്ധ്വാനം ചുരുക്കുവാനുമുള്ള വഴികളെ കൃഷിക്കാൎക്ക് നിർദ്ദേശിച്ചുകൊടുക്കലാണു് കൃഷിവകുപ്പിന്റെ ഉദ്ദേശ്യം. കൃഷി ഒരു സ്റ്റെയിററ് വിഷയമാണെങ്കിലും അഖിലേന്ത്യാ കൃഷിപ്രശ്നങ്ങളുടേയും, കൃഷി സംബന്ധിച്ച ശാസ്ത്രീയഗവേഷണങ്ങളുടെയും മേൽനോട്ടം വഹിക്കുന്നതു് യൂനിയൻ ഗവമ്മേണ്ടിന്റെ കൃഷി-ഭക്ഷണകാൎയ്യവകുപ്പാകുന്നു. കൃഷിഗവേഷണം സംബന്ധിച്ചു് താഴെ പറയുന്ന സ്ഥാപനങ്ങൾ ഈ വകുപ്പു് നേരിട്ടു് നടത്തുന്നുണ്ടു്. (1) ഡെൽഹിയിലെ കാർഷിക-ഗവേഷണ ശാല (2) മുക്തെശ്വരത്തെ മൃഗവൈദ്യഗവേഷണശാല (3) ബങ്കളൂരിലെ ഗോശാല (4) കാർനൽ എന്ന സ്ഥലത്തെ കാലിവളൎത്തുകേന്ദ്രം (5) ആനന്ദ് എന്ന സ്ഥലത്തെ ക്ഷീരവ്യവസായശാല (6) കോയമ്പത്തൂരിലെ

കാലിവളത്തുകേന്ദ്രം (7) കാൺപൂരിലെ പഞ്ചസാരബ്യൂറൊ. പലവിധ വിളകൾക്കും ആവശ്യമായ രസായനവളങ്ങൾ നിർമ്മിക്കുവാൻ സിന്ദ്രി എന്ന സ്ഥലത്തെ ഒരു വമ്പിച്ച വളനിർമ്മാണഫാക്ടറിയും ഈ വകുപ്പിൽനിന്നു് നടത്തുന്നുണ്ടു്.

സ്റ്റേറ്റുകളിലെ കൃഷിവകുപ്പിന്റെ മേൽനോട്ടം വഹിപ്പാനും, സ്റ്റെയിററുകൾ തമ്മിൽ കൃഷികാര്യങ്ങളിൽ അടുപ്പം സ്ഥാപിക്കുവാനും, കാർഷികപ്രശ്നങ്ങളെസ്സംബന്ധിച്ച് ചർച്ചകൾ നടത്തുവാനുമായി ഇന്ത്യാ കൃഷി-ഭക്ഷണക്കാര്യമന്ത്രിയുടെ കീഴിൽ ഒരു അഖിലേന്ത്യാ കൃഷിഗവേഷണകൌൺസിൽ രൂപികരിച്ചിട്ടുണ്ടു്. സ്റ്റെയിററുകളിലെ കൃഷിമന്ത്രിമാരും, ശാസ്ത്രീയ ഗവേഷണവിദഗ്ദ്ധമാരും, കച്ചവടസ്ഥാപനങ്ങളുടെ പ്രതിനിധികളും അടങ്ങിയതാണു് കൃഷിഗവേഷണകൌൺസിൽ, കൃഷിപ്രശ്നങ്ങളെസ്സംബന്ധിച്ച് അഖിലേന്ത്യാനയം രൂപീകരിക്കുവാനുള്ള ബാദ്ധ്യത ഈ കൌൺസിലിന്നാകുന്നു.

കാർഷികോല്പന്നങ്ങളെ തരംതിരിച്ച് വില്പിക്കുവാനും, ഉല്പാദകന്മാരെ സംഘടിപ്പിച്ച് മൊത്തവില്പന നടത്തിക്കുവാനും, കാർഷികോല്പന്നങ്ങൾക്ക് നിയന്ത്രിതകമ്പോളം ഏർപ്പെടുത്തുവാനും അധികാരമുള്ള കേന്ദ്ര-കാർഷിക-മാർക്കെററിങ്ങ്-ഡിപ്പാർട്ടുമെണ്ടു് എന്ന ഒരു സ്ഥാപനവും ഈ വകുപ്പിനോടനുബന്ധിച്ചുണ്ടു്. ഈ ഡിപ്പാർട്ടുമെണ്ടു് മുഖാന്തരം തരം തിരിക്കപ്പെട്ട വ്യാപാരസാധനങ്ങളിന്മേൽ 'അഗ്മാർക്ക്' എന്ന മുദ്ര കുത്തിയിരിക്കും. പരുത്തി, ചണ, കരുമ്പ്, പുകയില, നാളികേരം-അടക്ക, റബ്ബർ, ചായ, കാപ്പി

കുരുമുളകു മുതലായ ഓരോതരം ഉല്പന്നങ്ങൾക്കും ഓരോ സെൻട്രൽകമ്മിററിയുണ്ടു്. വിളവ് വർദ്ധിപ്പിക്കുവാനും, തരം മെച്ചപ്പെടുത്തുവാനുമുള്ള ഉപദേശങ്ങളും സഹായങ്ങളും നൽകുകയും, കമ്പോളസൌകര്യം ഏർപ്പെടുത്തിക്കൊടുക്കുകയുമാണു് ഇത്തരം കമ്മിററികളുടെ കർത്തവ്യം.

**ഭക്ഷ്യനിയന്ത്രണം:**—കൃഷികാര്യങ്ങൾക്കു പുറമെ ഭക്ഷണസാമഗ്രികൾ സംബന്ധിച്ച നിയന്ത്രണവും യൂനിയൻ കൃഷികാര്യമന്ത്രിയുടെ ചുമതലയിലാകുന്നു. ഭക്ഷ്യധാന്യങ്ങളുടെയും പഞ്ചസാര, ശക്കര മുതലായ മററു ഭക്ഷണപദാർത്ഥങ്ങളുടെയും വിലനിയന്ത്രണം, കമ്പോളനിയന്ത്രണം, വിദേശങ്ങളിൽനിന്നും, ഇന്ത്യയിലെ മിച്ചപ്രദേശങ്ങളിൽനിന്നും, ധാന്യങ്ങളും, ഭക്ഷണപദാർത്ഥങ്ങളും സംഭരിച്ച് കമ്മിപ്രദേശങ്ങളിലേക്കു് എത്തിച്ചു്, ഭക്ഷണസാധനങ്ങളുടെ വിതരണം, റേഷൻനയം മുതലായ കാര്യങ്ങളുടെ ബാദ്ധ്യത യൂനിയൻ കൃഷിവകുപ്പിന്നാകുന്നു. സ്റ്റെയിററുകളിലെ അധികഭക്ഷ്യോല്പാദനപദ്ധതികൾക്കു് ധനസഹായം നൽകുന്നതും ഈ വകുപ്പ് മുഖാന്തരമാകുന്നു.

ഓരോ സ്റ്റെയിററിലെയും കൃഷിവകുപ്പ് ഓരോ കൃഷിമന്ത്രിയുടെ കീഴിലാണു്. ശാസ്ത്രീയരീതിയിൽ വളം, വിത്ത് എന്നിവ ശേഖരിപ്പാനും സൂക്ഷിപ്പാനും കൃഷിക്കാരെ പഠിപ്പിക്കുക, നവീനകൃഷി ഉപകരണങ്ങൾ പ്രചരിപ്പിക്കുക, നല്ലതരം വിത്തുകൾ തിരഞ്ഞെടുത്തു് കൃഷിക്കാർക്കു് വിതരണം ചെയ്യുക, കൃഷിക്കു് നാശം വരുത്തുന്ന കൃമികീടാദികളെ നിവാരണം ചെയ്യുക, മാതൃകാകൃഷിത്തോട്ടങ്ങൾ സ്ഥാപിച്ച് നവീന കൃഷിസമ്പ്രദായങ്ങളെ പ്രദർശിപ്പിക്കുക എന്നിവയാണു് സംസ്ഥാനകൃഷിവകുപ്പിന്റെ പ്രധാന കർത്തവ്യങ്ങൾ.

കൃഷിപഠനത്തിന്ന് കോഴ്സുകൾ നടത്തുന്നതും ഈ വകുപ്പിൻെറ ചുമതലയത്രെ. സ്റ്റേയിററിലെ കൃഷിവകുപ്പിൻെറ അദ്ധ്യക്ഷന്ന് കൃഷിഡയരക്ടർ എന്നാണ് പേർ. ഇദ്ദേഹത്തിൻെറ കീഴിൽ ജില്ലാതോറും ഓരോ ജില്ലാ കൃഷി-ആപ്പീസർ ഉണ്ട്. ഒരു ജില്ലയിലെ കൃഷിവകുപ്പ് ഭരണത്തിൻെറ ഉത്തരവാദിത്വം ഇദ്ദേഹത്തിനാണ്. ഇദ്ദേഹത്തിൻെറ കീഴിൽ താലൂക്ക് തോറും ഓരൊ കൃഷിഡിമൊൺസ്റ്റ്രേട്ടരും, അദ്ദേഹത്തെ സഹായിപ്പാൻ കൃഷിമേസ്ത്രിമാരും ഉണ്ട്. ജില്ലയിലെ കൃഷിപ്രദൾനത്തോട്ടങ്ങളുടെ മേൽനോട്ടത്തിന്ന് പ്രത്യേക ഡിമൊൺസ്റ്റ്രേററർമാരും, കൃമികീടങ്ങളെപ്പററി ഗവേഷണം നടത്തുവാൻ എൻടിമൊളൊജിസ്റ്റുമാരും ഉണ്ടായിരിക്കും.

കൃഷിഡയരക്ടരുടെ കീഴിൽ ഒരു മൃഗവൈദ്യവകുപ്പും ഉണ്ട്. കന്നുകാലികൾക്കും, കുതിര, നായ, ആന, കോഴി മുതലായ വളത്തുജന്തുക്കൾക്കും രോഗം പിടിപെടുമ്പോൾ സൌജന്യമായി ചികിത്സ നടത്തികൊടുക്കുകയാണ് ഈ വകുപ്പിൻെറ കത്തവ്യം. കാലികളുടെ ഇടയിലുള്ള സാംക്രമികരോഗങ്ങളുടെ നിവാരണാത്ഥം കുത്തിവെപ്പ് മുതലായ മുൻകരുതലുകൾ എടുക്കുക, നല്ലജാതി മണിക്കാളകളെ വളത്തി കാലികളുടെ ബ്രിഡ് നന്നാക്കിത്തീക്കുക, പൂട്ടുകന്നിനെയും കറവുപശുക്കളെയും സംരക്ഷിക്കേണ്ടുന്ന ശാസ്ത്രീയരീതികളെപ്പററി കൃഷിക്കാക്ക് ഉപദേശം നൽകുക, കന്നിന്ന് ശാസ്ത്രീയരീതിയിൽ വരിയുടയ്ക്കുക. മാതൃകാ-കന്നുകാലിഫാറങ്ങൾകൊണ്ടു നടത്തുക എന്നിവയെല്ലാം ഈ വകുപ്പിൻെറ ചുമതലകളാകുന്നു. സംസ്ഥാനത്തിന്നൊട്ടാകെ ഒരു സിവിൽ വെററിനറി സർജനും, ഓരോ ജില്ലയ്ക്കും ഓരൊ

അസിസ്റ്റണ്ട് സർജ്ജനും, താലൂക്കുതോറും ഓരൊ മൃഗവൈദ്യശാലയും ഓരൊ വെററിനറി ഡോക്ടരും ഉണ്ട്. മൃഗവൈദ്യന്മാരെ പരിശീലിപ്പിക്കുവാൻ ഈ ഡിപ്പാർട്ടുമെണ്ടിൽ നിന്ന് മൃഗവൈദ്യകോളേജുകളും നടത്തുന്നു.

സ്റ്റെയിററിലെ ഭക്ഷണവകുപ്പും ഒരു പ്രത്യേകമന്ത്രിയുടെ കീഴിലായിരിക്കും. ധാന്യസംഭരണം, വിതരണം, ഭക്ഷണസാധനങ്ങളെ അങ്ങുമിങ്ങും അയക്കൽ, റേഷനിങ്ങ് മുതലായവയെല്ലാം ഈ വകുപ്പിന്റെ മേൽനോട്ടത്തിലാകുന്നു. ഭക്ഷണവകുപ്പിന്റെ സംസ്ഥാനാദ്ധ്യക്ഷന്ന് സിവിൽ-സപ്ലൈസ്-ഡയരക്ടർ എന്നുപേർ. ഇദ്ദേഹത്തിന്റെ കീഴിൽ ഓരൊ ജില്ലയിലും ഓരൊ ഡിസ്ട്രിക്ട്-സപ്ലൈ ഓഫീസരും, താലൂക്കുതോറും ഓരൊ താലൂക്ക് സപ്ലൈഓഫീസരും അദ്ദേഹത്തെ സഹായിപ്പാൻ ഓരൊ അസിസ്റ്റണ്ട്-സപ്ലൈ-ഓഫീസരും, ഫർക്കതോറും ഓരൊ ധാന്യസംഭരണ ഇൻസ്പെക്ടരും ഉണ്ട്.

# അദ്ധ്യായം 19.

## വ്യാപാര—വ്യവസായവകുപ്പ്.

വിദേശവ്യാപാരത്തിന്റെയും, സ്റ്റെയിററുകൾ തമ്മിൽ തമ്മിലുള്ള വ്യാപാരത്തിന്റെയും, വിദേശങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള വ്യാപാരപ്രതിനിധികളുടെയും, ഇന്ത്യയിലെ വ്യവസായ—വ്യാപാരപുരോഗതിയുടെയും മേൽനോട്ടം വഹിക്കുന്നതു് യൂനിയൻ വ്യാപാര-വ്യവസായവകുപ്പാകുന്നു. ഇന്ത്യാ വ്യാപാരമന്ത്രിയുടെ കീഴിൽ ഈ വകുപ്പിനെ അഞ്ചു് ശാഖകളായി തിരിച്ചിട്ടുണ്ട്.

**(1) വ്യാപാര-സ്ഥിതിവിവര-വകുപ്പ്** (കമേഷ്യൽ ഇൻടലിജൻസ് ഡിപ്പാട്ട്മെണ്ട്):—വ്യാപാരം സംബന്ധിച്ച പലവിധ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുകയാണ് ഈ വകുപ്പിൻെറ കർത്തവ്യം.

**(2) പെററൻറ് ഓഫീസ്:**—ഒരു പ്രത്യേക ആകൃതിയിലൊ സമ്പ്രദായത്തിലൊ ഉള്ള ഒരു വ്യാപാരസാമഗ്രിയുടെ കർത്തൃകാവകാശത്തിന്നാണ് പെററൻറ് എന്നു പറയുന്നതു്. ഈ വകുപ്പിൻെറ തലവന്ന് കൺട്രോളർ-ഓഫ്-പെററൻറ്സ് എന്നാകുന്നു പേർ.

**(3) വ്യവസായഗവേഷണബോർഡ്:**—ഗവേഷണങ്ങൾ നടത്തി വ്യവസായ പുരോഗതിയെ സഹായിക്കലാണ് ഈ ബോഡിൻെറ ഉദ്ദേശ്യം.

**(4) സ്റ്റോർ-വകുപ്പ്:**—ഗവമ്മെണ്ടിലെക്കും തദ്ദേശഭരണസ്ഥാപനങ്ങൾക്കും ആവശ്യമായ സാധനങ്ങൾ ഇന്ത്യയിൽനിന്നോ, വിദേശത്തുനിന്നോ വാങ്ങി ശേഖരിക്കുന്നതാണ് ഈ വകുപ്പിൻെറ പ്രവൃത്തി.

**(5) താരിപ്പ്-ബൊഡ്:**—ഇന്ത്യൻ വ്യവസായങ്ങൾക്ക് വിദേശമത്സരത്തിൽനിന്ന് സംരക്ഷണം നൽകുവാൻ ഇറക്കുമതിസ്സാധനങ്ങളിന്മേൽ ചുങ്കം ചുമത്തൽ നിർദ്ദേശിക്കുകയും, വ്യവസായ സ്ഥാപനങ്ങൾക്ക് അർഹതയ്ക്കനുസരിച്ച് ഗവമ്മെണ്ടിൽനിന്ന് സഹായധനം കൊടുപ്പിക്കുകയുമാണ് താരിപ്പ്ബൊർഡിൻെറ പ്രധാന കർത്തവ്യങ്ങൾ.

**യന്ത്രവ്യവസായങ്ങൾ:**—ഇന്ത്യയിലെ പ്രധാന മിൽവ്യവസായങ്ങൾ പരുത്തിന്നൂൽ, പരുത്തിവസ്ത്രങ്ങൾ, രോമത്തുണികൾ, ഇരുമ്പ്, ഉരുക്ക്, പഞ്ചസാര, സിമൻറ്, ചണ, കടലാസ്സ്, തോൽ, പുകയില, സോപ്പ് എന്നിവയാകുന്നു. വ്യവസായങ്ങൾ ഒട്ടുമുക്കാലും സ്വകാര്യകമ്പനികളാണ് കൊണ്ടുനടത്തുന്നത്. ചുരുക്കം വ്യവസായശാലകൾ യൂനിയൻ ഗവമ്മെണ്ടും, സ്റ്റെയിററ് ഗവമ്മെണ്ടുകളും നേരിട്ട് നടത്തുന്നതുമുണ്ട്. സ്വകാര്യവ്യവസായശാലകളുടെ നിയന്ത്രണാധികാരം യൂനിയനിലെയും, സ്റ്റെയിററുകളിലെയും വ്യവസായവകുപ്പുകൾക്കുണ്ട്. യന്ത്രവ്യവസായങ്ങളിൽ വിദ്യാത്ഥികൾക്ക് പരിശീലനം നൽകുവാൻ ഓരൊ സ്റ്റെയിററിൻെറയും നാനാകേന്ദ്രങ്ങളിലും വ്യവസായപാഠശാലകളും ഈ വകുപ്പിൻെറ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു.

**ഗ്രാമവ്യവസായങ്ങൾ:**—ഇന്ത്യയിലെ പ്രധാന ഗ്രാമവ്യവസായങ്ങൾ നൂൽനൂല്പ്, കൈത്തറിനെയ്ത്ത്, വെള്ളോട്ടുപണി, പിച്ചളപ്പാത്രനിമ്മാണം, രോമംനെയ്ത്ത്, എണ്ണയാട്ടൽ, ചൂടിപിരി, ചൂരൽപണി, കളിമൺപണി എന്നിവയാകുന്നു. ഗ്രാമവ്യവസായങ്ങളെ സംഘടിപ്പിക്കുക, അഭിവൃദ്ധിപ്പെടുത്തുക, നിമ്മിതസാമഗ്രികൾക്ക് കമ്പോളം നിദ്ദേശിക്കുക, ഗ്രാമവ്യവസായങ്ങൾക്ക് ധനസഹായംചെയ്യുക എന്നിവയും വ്യവസായവകുപ്പിൻെറ കത്തവ്യങ്ങളാകുന്നു.

സ്റ്റെയിററിലെ വ്യവസായവകുപ്പ് അദ്ധ്യക്ഷന്ന് 'വ്യവസായ–ഡയരക്ടർ' എന്നാണ് പേർ. സ്റ്റെയിററിലെ എല്ലാവിധ വ്യവസായങ്ങളുടെയും മേൽനോട്ടവും, നിയന്ത്രണാധികാരവും, സക്കാർ ഫാക്ടറികളുടെ ഭരണവും, വ്യവ

സായകാൎയ്യങ്ങളിൽ സ്റ്റേററ് ഗവൎമ്മേണ്ടിനെ ഉപദേശിപ്പാനുള്ള ബാദ്ധ്യതയും ഡയരക്ടൎക്കാകുന്നു. ഇദ്ദേഹത്തിൻെറ കീഴിൽ സംസ്ഥാനത്തിലെ ഓരൊ ഡിവിഷനിലും ഓരൊ അസിസ്റ്റണ്ട് ഡയരക്ടരും, യന്ത്രശാലകൾ പരിശോധിക്കുവാൻ ഫാക്ടറി ഇൻസ്പെക്ടർമാരും, കമ്പോളസൌകൎയ്യം ചെയ്തുകൊടുപ്പാൻ മാൎക്കററിങ്ങ് ആപ്പീസർമാരും ഉണ്ട്.

**മത്സ്യവ്യവസായം:**—മത്സ്യം പിടിത്തത്തിൻെറയും, മത്സ്യം സംബന്ധിച്ച മീനെണ്ണവാററൽ, മത്സ്യവലനിൎമ്മാണം, ഉപ്പിട്ടുണക്കൽ തുടങ്ങിയ വ്യവസായങ്ങളുടെയും മേൽനോട്ടം വഹിപ്പാൻ ഓരൊ സ്റ്റേയിററിലും ഒരു 'ഫിഷറീസ്' ഡിപ്പാൎട്ടുമെണ്ട് ഉണ്ട്. മത്സ്യവ്യവസായം സംബന്ധിച്ച ശാസ്ത്രീയഗവേഷണം നടത്തലാണ് ഈ വകുപ്പിൻെറ മുഖ്യ ഉദ്ദേശം. ഡിപ്പാൎട്ടുമെണ്ടിൻെറ സംസ്ഥാനാദ്ധ്യക്ഷന്നു് 'മത്സ്യവ്യവസായ ഡയരക്ടർ' എന്നുപേർ. ഇദ്ദേഹത്തിൻെറ കീഴിൽ പ്രധാനമീൻപിടുത്ത പ്രദേശങ്ങളിലെല്ലാം ഓരൊ അസിസ്റ്റണ്ട് ഡയരക്ടരും, അദ്ദേഹത്തിൻെറ കീഴിൽ അവിടെവിടെയായി മീൻചാപ്പകളും അവയുടെ മേൽനോട്ടം വഹിക്കുവാൻ മീൻചാപ്പ ഇൻസ്പെക്ടർമാരും, ഗവേഷണങ്ങൾ നടത്തുവാൻ 'മെറയിൻ ബയൊളജി ശാലകൾ' എന്നു പറയപ്പെടുന്ന മത്സ്യഗവേഷണസ്ഥാപനങ്ങളും ഉണ്ട്. മത്സ്യം പിടിത്തക്കാരുടെ കുട്ടികളെ അവരുടെ പ്രത്യേകപരിതസ്ഥിതിയ്ക്കനുസരിച്ച് വിദ്യാഭ്യാസം ചെയ്യിക്കുവാൻ ഫിഷറീസ് എലിമെണ്ടറി സ്കൂളുകളും ഈ വകുപ്പിൽനിന്നു് നടത്തുന്നുണ്ട്.

**കൺട്രോൾ:**—വസ്ത്രം, നൂൽ, ഇരുമ്പ്, സിമൻട് തുടങ്ങിയനിത്യോപയോഗസാമഗ്രികളുടെ യാന്ത്രികമായ നിർമ്മാണം, ഉല്പാദനം, വില, കമ്പോളം എന്നിവയെ നിയന്ത്രിക്കുന്നതുംകൂടാതെ ഉല്പാദനത്തിൽ വിവിധസ്റ്റെയിററുകൾക്കും വിഹിതംതിരിച്ചുകൊടുക്കുന്നതും, മിച്ചപ്രദേശങ്ങളിൽനിന്ന് കമ്മിപ്രദേശങ്ങളിലേക്ക് സാധനങ്ങൾ എത്തിക്കുവാൻ ഏർപ്പാടുചെയ്യുന്നതും യൂനിയൻ വ്യവസായവകുപ്പാകുന്നു. അഖിലേന്ത്യാ വസ്ത്രനിയന്ത്രണത്തിൻെറയും, സ്റ്റെയിററുകൾക്ക് കോട്ട തിരിച്ചുകൊടുക്കുന്നതിൻെറയും ചുമതല വഹിക്കുന്നത് ഈ വകുപ്പിൻെറ കീഴിൽ ബോമ്പെയിലുള്ള ടെക്സ്റ്റൈൽകൺട്രോൾ ഓഫീസറാകുന്നു. ഇദ്ദേഹത്തിൻെറ കീഴിൽ ഓരൊ സംസ്ഥാനത്തിന്നും ഓരൊ ടെക്സ്റ്റൈൽ കമ്മീഷണറും, അദ്ദേഹത്തെ സഹായിപ്പാൻ അസിസ്റ്റണ്ട് കമ്മീഷണർമാരും, ഓരെ ജില്ലക്കും ഓരൊ ജില്ലാ ടെക്സ്റ്റൈൽ-കൺട്രോൾ ഓഫീസറും, ഇദ്ദേഹത്തിൻെറ കീഴിൽ താലൂക്ക് തോറും ടെക്സ്റ്റൈൽ ഇൻസ്പെക്ടർമാരും ഉണ്ട്.

## അദ്ധ്യായം 20.

### തൊഴിൽക്കാര്യം.

ഇന്ത്യയിലെ യന്ത്രശാലകൾ, റെയിൽവെകൾ, തുറമുഖങ്ങൾ കൃഷിസ്ഥലങ്ങൾ തുടങ്ങിയ ഏതു് വിഭാഗത്തിലെയും തൊഴിലാളികളുടെ യോഗക്ഷേമത്തിൻെറ മേൽനോട്ടവും; അഖിലലോകതൊഴിലാളി സംഘടനകളുമായി ബന്ധം പുലർത്തിപ്പോരേണ്ടുന്ന ചുമതലയും ഇന്ത്യാഗവമ്മെണ്ടി

ൻെറ തൊഴിൽവകുപ്പിന്നാകുന്നു. ഓരൊ തൊഴിലിലും ഏറ്റെപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ പ്രത്യേകതാല്പയ്യങ്ങളെ മുൻനിൎത്തി കൂലി, പ്രവൃത്തിസമയം, പ്രവൃത്തി സംബന്ധിച്ച കരാറുകൾ, എന്നിവയെസ്സംബന്ധിച്ച് കേന്ദ്രഗവൎമ്മെണ്ടും, സംസ്ഥാനഗവൎമ്മെണ്ടുകളും അപ്പപ്പോഴായി പലെ നിയമങ്ങളും പാസ്സാക്കിയിട്ടുണ്ട്. ഈ നിയമങ്ങളെ മുതലാളിമാരെക്കൊണ്ടു് നിഷ്കൃഷ്ടമായി അനുസരിപ്പിക്കലാണു് തൊഴിൽക്കാൎയ്യവകുപ്പിൻെറ പ്രധാന കൎത്തവ്യം. തൊഴിലാളി മുതലാളി തൎക്കങ്ങൾ ഉത്ഭവിക്കുമ്പോൾ മദ്ധ്യസ്ഥകോടതികൾ ഏറ്റെപ്പെടുത്തി കാൎയ്യങ്ങൾ ഒത്തുതീൎപ്പിക്കുന്നതും, യന്ത്രശാലാപകടങ്ങളിൽപെട്ടു് അംഗഭംഗമൊ ജീവാപായമൊ സംഭവിയ്ക്കുന്ന തൊഴിലാളികളുടെ കുഡുംബങ്ങൾക്കു് പ്രതിഫലം കൊടുപ്പിക്കുന്നതും ഈ വകുപ്പിൻെറ ചുമതലയാകുന്നു.

**ട്രെയിഡ്യൂനിയനുകൾ:—** തൊഴിലാളി സംഘടനകൾക്കു് ട്രെയിഡ്യൂനിയനുകൾ എന്നാണു് പേർ. ഇന്ത്യയിൽ ഏതാണ്ടു് ആയിരത്തോളം ട്രെയിഡ്യൂനിയനുകളും അവയിലെല്ലാംകൂടി പത്തുലക്ഷം തൊഴിലാളികൾ അംഗങ്ങളായുമുണ്ടു്. ട്രെയിഡ്യൂനിയനുകളുടെ റജിസ്ട്രേഷൻ ചെയ്യൽ, അംഗീകരണം, മേൽനോട്ടം, നിയന്ത്രണം എന്നിവയെല്ലാം തൊഴിൽക്കാൎയ്യവകുപ്പിൻെറ അധികാരപരിധിയിൽ പെടും.

തൊഴിൽകാൎയ്യങ്ങളുടെ ഭരണത്തിന്നു് ഇന്ത്യാതൊഴിൽ മന്ത്രിയുടെ കീഴിൽ ഒരു തൊഴിൽ ഡയറക്ടരും, ഓരൊ സ്റ്റേയിററിലെയും തൊഴിൽമന്ത്രിയുടെ കീഴിൽ ഓരൊ ലേബർ കമ്മീഷണറും ഉണ്ടു്. ഓരോ സ്റ്റേയിററിലും ഏഴൊ എട്ടൊ വ്യവസായഡിസ്ട്രിക്ടുകൾ അടങ്ങിയിരിക്കും.

ഓരൊ ഡിസ്റ്റ്രിക്ടിന്നും ഓരൊ ഡിസ്റ്റ്രിക്ട്-ലേബർ ഓഫീസറും അദ്ദേഹത്തെ സഹായിപ്പാൻ ലേബർ ഇൻസ്പെക്ടർമാരും ഉണ്ടു്.

**നാഷനൽ എംപ്ലോയ്മെൻറ് സർവീസ്:**—തൊഴിലില്ലാത്തവക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുപ്പാൻ പരിശ്രമിക്കുവാനും, ജോലി ആവശ്യമുള്ളവരെയും, ജോലിക്കാരെ ആവശ്യമുള്ളവരെയും തമ്മിൽ അടുപ്പിക്കുവാനുമായി തൊഴിൽക്കാര്യവകുപ്പിൻെറ കീഴിൽ ഒരു അഖിലെന്ത്യാ-എംപ്ലോയ്മെണ്ടു്-സർവീസ് സ്ഥാപിച്ചിട്ടുണ്ടു്. ഇതിൻെറ ആഭിമുഖ്യത്തിൽ ഇന്ത്യയിലെ എല്ലാ സ്റ്റെയിററുകളിലുമായി 73 എക്സ്ചെയിഞ്ച് ആപ്പീസുകളും, പട്ടാളത്തിൽ നിന്നു് പിരിഞ്ഞുപോന്നവക്ക് സാങ്കേതികപരിശീലനം നൽകുവാൻവേണ്ടി 187 സാങ്കേതികവിദ്യാലയങ്ങളും നടത്തിവരുന്നുണ്ടു്.

**ഹരിജൻക്ഷേമം:**—മിക്കസ്റ്റെയിററുകളിലും ഹരിജനങ്ങളുടെയും വനവാസികളുടെയും ഉന്നമനത്തെ ഉദ്ദേശിച്ച് 'ക്ഷേമവകുപ്പുകൾ' ഏർപ്പെടുത്തപ്പെട്ടിട്ടുണ്ടു്. അധഃകൃതവിദ്യാഭ്യാസം, അധഃകൃതവിദ്യാൎത്ഥികൾക്ക് പ്രത്യേകഹോസ്റ്റലുകൾ, സ്കൂളുകൾ. അനാഥമന്ദിരങ്ങൾ എന്നിവ ഏർപ്പെടുത്തുക, വിദ്യാൎത്ഥിവേതനങ്ങൾ നൽകുക, അധഃകൃതകോളനികളിൽകിണർ കുഴിപ്പിച്ചുകൊടുക്കുക, താമസിപ്പാൻ ഗവൎമ്മെണ്ടു് ഭൂമികൾ സൌജന്യമായി കൊടുപ്പിക്കുക, ഗ്രാമക്ഷേമസംഘങ്ങളും, വായനശാലകളും രൂപീകരിക്കുക എന്നിവയെല്ലാം ഇത്തരം ക്ഷേമവകുപ്പുകളുടെ കൎത്തവ്യങ്ങളാകുന്നു. മദിരാശിയിലെ ഈ വകുപ്പിൻെറ സംസ്ഥാനാദ്ധ്യക്ഷന്നു് നാ

ട്ടപ്യ-ക്ഷേമ ഡൈയരക്ടർ എന്നാണ് സ്ഥാനപ്പേർ. ഇദ്ദേഹത്തിൻെറ കീഴിൽ ജില്ലതോറും ഓരോ ഡിസ്ട്രിക്ട് വെൽഫെയർ ഓഫിസറും താലൂക്ക്തോറും ഓരൊ വെൽഫെയർ ഇൻസ്പെക്ടരും ഉണ്ട്.

## അദ്ധ്യായം 21

### ഗതാഗതം.

**റെയിൽവെ:**—ഇന്ത്യയിൽ ഏതാണ്ട് 35000 നാഴികയോളം റെയിൽപാതകളുണ്ട്. പാതകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, യന്ത്രശാലകൾ, വണ്ടികൾ മുതലായവയിലായി. ഇന്ത്യാഗവമ്മെണ്ട് 700 കോടി ഉറുപ്പിക മൂലധനം ഇറക്കിയിട്ടുണ്ട്. റെയിൽവെകളുടെ ഭരണം യൂനിയൻ ഗവമ്മെണ്ടിൻെറ നേരിട്ടുകീഴിലാകുന്നു. ഇന്ത്യാഗതാഗതമന്ത്രിയുടെ കീഴിൽ റെയിൽവെബോർഡ് എന്ന ഒരു സമിതിയാണ് ഭരണത്തിൻെറ ചുമതലവഹിക്കുന്നതു്. റെയിൽവെ വകുപ്പിൻെറ ഗവമ്മെണ്ട് സിക്രട്ടെരിയും, യൂനിയൻ ധനകാര്യവകുപ്പിൻെറ പ്രതിനിധിയായി ഒരു ധനകാര്യകമ്മീഷണരും, മററ് രണ്ട് മെമ്പർമാരും അടങ്ങിയതാകുന്ന റെയിൽവെബോർഡ് റെയിൽവെകളുടെ പൊതുഭരണത്തിൻെറ ചുമതല സിക്രട്ടെരിവഹിക്കുന്നു ധനകാര്യങ്ങളുടെ പരമാധികാരവും, റെയിൽവെ ചിലവുകൾ പാസ്സാക്കുവാനുള്ള അധികാരവും ധനകാര്യകമ്മീഷണൎക്കുണ്ട്. മെമ്പർമാരിൽ ഒരാൾ ഗതാഗതകാര്യങ്ങളുടെയും, മറെറയാൾ റെയിൽവെ ജീവനക്കാരുടെയും മേലധികാരം വഹിക്കുന്നു. അതാത് വിഷയങ്ങളിൽ ബോർഡിന്നു് വിദഗ്ദ്ധോപദേശം കൊടുപ്പാൻ

സിവിൽ എൻജിനീയറിങ്ങ്, മെക്കാനിക്കൽ എൻജിനീയറിങ്ങ്, ഗതാഗതം റെയിൽവെ ഉദ്യോഗങ്ങൾ എന്നിവയ്ക്ക് ഓരോന്നിന്നും ഓരൊ ഡയരക്ടർ-ജനറൽ ഉണ്ട്.

ഭരണപരമായി റെയിൽവെകളെ ആറുമണ്ഡലങ്ങളായി തിരിച്ചിരിക്കുന്നു. ഓരൊ മണ്ഡലവും ഓരൊ ജനറൽ-മേനെജരുടെ കീഴിലാണ്. ഒരു മണ്ഡലത്തിൽ ഏതാണ്ട് ആറായിരത്തോളം നാഴിക റെയിൽവെയുണ്ട്. ഓരൊ മണ്ഡലത്തെയും രണ്ടോ മൂന്നൊ പ്രദേശങ്ങളായി ഭാഗിച്ചിട്ടുണ്ട്. ഓരൊ പ്രദേശവും ഓരൊ ചീഫ് ഓപ്പറെയിററിങ്ങ് സൂപ്രഡെണ്ടിന്റെ ചാർജ്ജിലാണ്. ഓരൊ പ്രദേശത്തിലെയും മരാമത്തുകളുടെ ചുമതല വഹിക്കുവാൻ ഒരു ചീഫ്-എൻജിനീയരും, യന്ത്രശാലകളുടെയും, യന്ത്രങ്ങളുടെയും, വാഹനങ്ങളുടെ റിപ്പെയറിന്റെയും മററും മേൽനോട്ടം വഹിക്കുവാൻ ഒരു ചീഫ്-മെക്കാനിക്കൽ എൻജിനീയറും, കമ്പി, ടെലിഫോൺ മുതലായവയുടെ മേൽനോട്ടത്തിന്ന് ഒരു വിദ്യുച്ഛക്തി എൻജിനീയരും ഉണ്ട്. ഓരൊ പ്രദേശത്തെയും ഏതാണ്ട് 100 നാഴികവീതം റയിൽവഴിയടങ്ങുന്ന ഡിസ്ട്രിക്ട് കളായി തിരിച്ചിരിക്കുന്നു. ഓരൊ ഡിസ്ട്രിക്ടും, ഒരു ഡിസ്ട്രിക്ട് ഓപ്പറെയിററിങ്ങ് സൂപ്രഡെണ്ടിന്റെ കീഴിലാണ്. ഗതാഗതവിഷയത്തിൽ ഇദ്ദേഹത്തെ സഹായിപ്പാൻ ട്രാഫിക്ക് ഇൻസ്പെക്ടർമാരും, അസിസ്റ്റണ്ട് ഇൻസ്പെക്ടർമാരും, സാമാന-ട്രാഫിക്കിന്റെ മേൽനോട്ടത്തിന്ന് ഗുഡ്സ് സൂപ്രവൈസർമാരും ഉണ്ട്. ഒരു ഡിസ്ട്രിക്ടിൽ ഇരുപതുമുതൽ മുപ്പതുവരെ തീവണ്ടിയാപ്പീസുകൾ ഉണ്ടായിരിക്കും പ്രാധാന്യം അനുസരിച്ച് തീവണ്ടിയാപ്പീസുകളെ ഒന്ന്, രണ്ട്,

മൂന്ന് എന്നീ തരങ്ങളായി തിരിച്ചിട്ടുണ്ട്. ഓരൊ ആപ്പീസും ഒരു സ്റ്റേഷൻമാസ്റ്ററുടെ ചുമതലയിലാണ്. ഇദ്ദേഹത്തെ സഹായിപ്പാൻ അസിസ്റ്റണ്ടുമാരും, ബുക്കിങ്ങ് ക്ലാൎക്കമാരും, ഗുഡ്സ്സ് ക്ലാൎക്കമാരും, വണ്ടികളുടെ ഗതാഗതം നിയന്ത്രിക്കുവാൻ പൊയൻറ്സ് മേൻമാരും ഉണ്ടായിരിക്കും.

കമ്പി, ടെലിഫോൺ മുതലായ വൈദ്യുതയന്ത്രങ്ങളുടെ സുസ്ഥിതിക്ക് ഉത്തരവാദിത്വം വഹിക്കുവാൻ ഓരൊ ഡിസ്ട്രിക്ടിലും ഓരൊ വിദ്യുച്ഛക്തി അസിസ്റ്റണ്ടും, അദ്ദേഹത്തിൻെറ കീഴിൽ ഇലക്ട്രീഷ്യൻമാരും, ലൈൻ ഇൻസ്പെക്ടർമാരും, ലൈൻമേൻമാരും ഉണ്ട്. എൻജിൻ, വണ്ടി മുതലായവയുടെ റിപ്പെയറിന്ന് ഡിസ്ട്രിക്ട്തോറും ഓരൊ വൎക്ക്ഷോപ്പ് ഉണ്ടായിരിക്കും. പാതകൾ, പാളങ്ങൾ, പാലങ്ങൾ, മററ് മരാമത്തുകൾ എന്നിവയുടെ മേൽനോട്ടത്തിന്ന് ഓരൊ ഡിസ്ട്രിക്ടിലും ഓരൊ അസിസ്റ്റണ്ട് എൻജിനീയരും, അദ്ദേഹത്തിൻെറ കീഴിൽ പെർമനൻറ് വെ (സ്ഥിരം-പാത) ഇൻസ്പെക്ടർമാരും, സബ്ബ് ഇൻസ്പെക്ടർമാരും അവരുടെ കീഴിൽ മുമ്മൂന്ന് നാഴികദൂരം വരുന്ന ഓരൊ ഗാങ്ങിന്ന് ഓരോ ഗാങ്ങ് മേസ്ത്രിയും ആയാളുടെ കീഴിൽ ഏതാനും സ്ഥിരം കൂലിക്കാരും ഉണ്ട്

**കപ്പൽമാൎഗ്ഗങ്ങൾ:**—റെയിൽവെക്കുപുറമെ കടലോരത്തും പുറങ്കടലിലുംഉള്ള കപ്പൽ ഗതാഗതവും, അതുസംബന്ധിച്ച ദീപസ്തംഭങ്ങൾ, കടൽപാലങ്ങൾ മുതലായവയും, ഇന്ത്യയിലെ വലിയ തുറമുഖങ്ങളും യൂനിയൻ ഗതാഗതവകുപ്പിൻെറ മേൽനോട്ടത്തിലാകുന്നു. കൽക്കത്ത, ബോമ്പെ, മദിരാശി മുതലായ വലിയ തുറമുഖങ്ങളുടെ ഭരണം

കൊണ്ടുനടത്തുവാൻ 'പോർട്ട്ട്രസ്റ്റ്' എന്നു പറയപ്പെടുന്ന കമ്മിററികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഗവമ്മെണ്ടിൻെറയും, തുറമുഖം സ്ഥിതിചെയ്യുന്ന നഗരത്തിലെ മുൻസിപ്പാൽ കോർപ്പറേഷ്യൻെറയും, വ്യാപാരിമണ്ഡലങ്ങളുടെയും, റെയിൽവെയുടെയും പ്രതിനിധികൾ അടങ്ങിയ ഒരു സമിതിയാണ് 'പോർട്ട്ട്രസ്റ്റ്'. തുറമുഖത്തിൻെറ പൊതുഭരണത്തിന്നു പുറമെ വരുന്നതും, പുറപ്പെടുന്നതുമായ കപ്പലുകൾക്ക് താവളസൌകയ്യം ചെയ്തുകൊടുക്കലും, ഇറക്കുന്നവയും കയററാനുള്ളവയുമായ വ്യാപാരസാധനങ്ങളെ ഗുദാമുകളിൽ സൂക്ഷിച്ചുകൊടുക്കുകയുമാണ് പോർട്ട്ട്രസ്റ്റിൻെറ കത്തവ്യങ്ങൾ. കപ്പലുകളുടെ താവളക്കൂലിയും ഗുദാമുകളുടെ വാടകയും പോർട്ട്ട്രസ്റ്റിൻെറ വരുമാനങ്ങളാകുന്നു.

**ഉൾനാട്ടുഗതാഗതം:**—റോഡുകളിലൂടെയും രാജ്യാതിത്തിക്കുള്ളിലുള്ള തോടുകൾ, കായലുകൾ, നദികൾ മുതലായ ജലമാഗ്ഗങ്ങളിലൂടെയുംഉള്ള ഗതാഗതത്തിൻെറ നിയന്ത്രണാധികാരം സ്റ്റെയിററ് ഗവമ്മെണ്ടുകൾക്കാകുന്നു സ്റ്റെയിററ് ഗതാഗതമന്ത്രിയുടെ കീഴിൽ സ്റ്റെയിററിന്നു ഒട്ടാകെ ഒരു ഗതാഗത-ഡൈരക്ടരും ഒരു സെൻടൽ ട്രാൻസ്പോർട്ട്-അതൊറിട്ടിയുംഉണ്ട്. ഓരൊ സ്റ്റെയിററിനെയും ഏതാനും റീജനുകൾ (പ്രദേശങ്ങൾ) ആയിതിരിച്ചിരിക്കുന്നു ഓരൊ റീജനും ഒരു റീജനൽ-ഗതാഗത-ആപ്പീസും ഓരൊ റീജ്യനൽ ട്രാൻസ്പോർട്ട്-അതൊറിട്ടിയും ഉണ്ട്. റീജ്യനൽ ട്രാൻസ്പോർട്ട്അതൊറിട്ടിയുടെ അദ്ധ്യക്ഷൻ കലക്ടരും, സിക്രട്ടെരി പോലീസ്സ് സൂപ്രണ്ടുമായിരിക്കും

നിരത്തുവഴിയായും, ജലമാൎഗ്ഗമായും ഓടുന്ന മോട്ടോർ വാഹനങ്ങൾക്കും മററും ലൈസൻസ് കൊടുക്കുക, പൊതു ഗതാഗത-സൎവ്വീസുകളുടെ മേൽനോട്ടം. നിയന്ത്രണം, കൂലി നിജപ്പെടുത്തൽ, സൎവ്വീസുകൾ തമ്മിൽതമ്മിലും, റെയിൽവെയും, മോട്ടോർ സൎവ്വീസുകളും തമ്മിലും മത്സരം കൂടാതെ കഴിക്കൽ എന്നിവയെല്ലാം ട്രാൻസ്പോൎട്ട് അതൊറിട്ടികളുടെ ചുമതലകളാകുന്നു.

---

# അദ്ധ്യായം 22.

## കമ്മ്യൂണിക്കേഷൻ.

**തപാൽകമ്പി വകുപ്പ്:**—തപാൽകമ്പിവകുപ്പ് യൂനിയൻ ഗവൎമ്മെണ്ടിന്റെ നേരിട്ടു കീഴിലാകുന്നു. ഏതാണ്ട് മുപ്പതിനായിരത്തോളം തപാലാപ്പീസുകളും, പത്തുലക്ഷത്തിലധികം ജോലിക്കാരും, 17½ ലക്ഷം നാഴിക തപാൽ മാൎഗ്ഗവും ഉള്ള ഒരു വമ്പിച്ച ഡിപ്പാൎട്ടുമെണ്ടാകുന്നു ഇതു്. കത്തുകൾ, ബങ്കികൾ, പുസ്തകങ്ങൾ, വൎത്തമാനക്കടലാസ്സുകൾ, പണം മുതലായവ ചുരുക്കം ചിലവിന്മേൽ അങ്ങുമിങ്ങും അയപ്പാനുള്ള സൌകൎയ്യത്തിന്നു പുറമെ, പൊതുജനങ്ങൾക്ക് കരുതൽ സമ്പ്രദായം പരിശീലിപ്പിക്കുവാൻ സേവിങ്ങ്സ് ബേങ്ക് ഏൎപ്പാടും, പൊതുജനാരോഗ്യവകുപ്പായി സഹകരിച്ചു് മലമ്പനി നിവാരണത്തിന്നുള്ള കൊയിനാവ് വിതരണവും തപാൽവകുപ്പ് ചെയ്തുതരുന്നുണ്ടു്. കമ്പിയും, ടെലഫോണും, കമ്പിയില്ലാകമ്പിയും തപാൽവകുപ്പിന്റെ കീഴിലാണു്. തപാലുകൾ വേഗത്തിൽ എത്തിച്ചുകൊടുപ്പാനുള്ള

ഉദ്ദേശത്തോടുകൂടി റെയിൽവെ-മെയിൽ-സർവീസിനോട് അനുബന്ധിച്ച് ഒരു തപാൽ-വിമാന-സർവീസും ഈ വകുപ്പിൽനിന്ന നടത്തപ്പെടുന്നുണ്ട്.

ഇന്ത്യാ കമ്മ്യൂണിക്കേഷൻ മന്ത്രിയുടെ കീഴിൽ ഒരു തപാൽ-കമ്പി ഡയരക്ടർജനറൽ ആകുന്നു ഈ വകുപ്പിന്റെ അഖിലേന്ത്യാ അദ്ധ്യക്ഷൻ. ഇദ്ദേഹത്തെ സഹായിപ്പാൻ ഡിപ്യൂട്ടി ഡയരക്ടർ ജനറൽമാരും, അസിസ്റ്റണ്ട് ഡയരക്ടർ ജനറൽമാരും, വരവുചിലവിന്റെ മേൽനോട്ടം വഹിപ്പാൻ ഒരു എക്കൌണ്ടൻഡ് ജനറലും ഉണ്ട്. ഡയരക്ടർ ജനറലുടെ കീഴിൽ ഇന്ത്യയെ എട്ടു സർക്കിളുകളായി ഭാഗിച്ചിരിക്കുന്നു. ഓരൊ സർക്കിളും ഓരൊ പോസ്റ്റ്മാസ്റ്റർ ജനറലുടെ കീഴിലാണ്. ഓരൊ സർക്കിളിലും ഏഴൊ എട്ടൊ ഡിവിഷനും ഒരു ഡിവിഷന്റെ തലവനായി ഒരു പോസ്റ്റൽ സൂപ്രണ്ടും ഉണ്ട്. ഒരു ഡിവിഷനിൽ രണ്ടൊ മൂന്നൊ സബ്ബ് ഡിവിഷനുകൾ അടങ്ങിയിരിക്കും. ഓരൊ സബ്ബ്ഡിവിഷന്റെയും ചാർജ്ജ്‌വഹിപ്പാൻ ഓരൊ പോസ്റ്റൽ ഇൻസ്പെക്ടരും ഉണ്ട്.

**തപ്പാലാപ്പീസുകൾ:**—ഒരു സർക്കിളിന്റെ തലസ്ഥാനത്തുള്ള തപ്പാലാപ്പീസിന്ന് ജനറൽ പോസ്റ്റാപ്പീസ് എന്നും, ഓരൊ സബ്ബ്ഡിവിഷന്റേയും തലസ്ഥാനത്തുള്ളതിന്ന് ഹെഡ്പോസ്റ്റാപ്പീസ് എന്നും പറയും. ഒരു സബ്ബ്ഡിവിഷനിലെ എല്ലാ തപാലാപ്പീസുകളുടേയും, സേവിങ്ങ്സ്ബേങ്കുകളുടെയും, വരവുചിലവിന്റെയും മേലധികാരം വഹിക്കുന്നതു് ഹെഡ്പോസ്റ്റ്മാസ്റ്ററാകുന്നു. ഹെഡ്പോസ്റ്റാപ്പീസിന്റെ കീഴിൽ ഓരൊ താലൂക്കിലേയും പ്രധാന കേന്ദ്രങ്ങളി

ലെല്ലാം സബ്ബ്പോസ്റ്റാപ്പീസുകളും, സബ്ബ്പോസ്റ്റാപ്പീസുകളോടനുബന്ധിച്ച് ഗ്രാമങ്ങളിൽ ബ്രാഞ്ച്പോസ്റ്റാപ്പീസുകളും ഉണ്ട്. പ്രധാനപ്പെട്ട സബ്ബ്പോസ്റ്റാപ്പീസുകളിലെല്ലാം കമ്പി ഏല്പ്പാടും ഉണ്ട്.

**വ്യോമയാനവകുപ്പ്:—** രാജ്യാതിത്തിക്കുള്ളിലും, വിദേശങ്ങളിലേക്കും യാത്രക്കാരെയും, സാമാനങ്ങളെയും, തപാലും കൊണ്ടുപോകുന്ന വിമാനസർവീസുകളുടെ മേൽനോട്ടവും കമ്മ്യൂണിക്കേഷൻ വകുപ്പിനാകുന്നു. വ്യോമയാനവകുപ്പിൻെറ അദ്ധ്യക്ഷന്ന് വിമാന-ഡയരക്ടർ-ജനറൽ എന്നാകുന്നു പേർ. ഈ ദ്ദ്യോഹത്തിൻെറ കീഴിൽ വിമാനത്താവളങ്ങളുടെയും, വ്യോമമാർഗ്ഗങ്ങളുടേയും മേലധികാരം വഹിക്കുവാൻ ഒരു ഡിപ്പ്യൂട്ടി ഡയരക്ടർ ജനറലും വിമാനങ്ങളുടെ മേൽനോട്ടം വഹിക്കുവാൻ മററൊരു ഡിപ്പ്യൂട്ടി ഡയരക്ടർ ജനറലും ഉണ്ട്. വിമാനസർവീസുകൾ നടത്തുവാൻ ലൈസൻസ് കൊടുപ്പാനും മററുമായി "ആകാശ-ഗതാഗത-ലൈസെൻസിങ്ങ്-ബോർഡു്" എന്ന ഒരു സമിതിയും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ വിമാനത്താവളങ്ങളുടെ നിമ്മാണവും, മേൽനോട്ടവും, സംരക്ഷണവും ഈ വകുപ്പിൻെറ അധികാരമാണ്. വിമാനത്താവള ഉദ്യോഗസ്ഥന്മാക്കും, റേഡിയൊ ഓപ്പറെററർമാക്കും സാങ്കേതികപരിശീലനം നൽകുവാൻ സഹരാൻപൂരിൽ ഒരു സ്കൂളും ഈ വകുപ്പിൽനിന്ന് നടത്തുന്നുണ്ട്. വിമാന പൈലട്ടുമാക്ക് പരിശീലനം കൊടുക്കുന്ന ഫ്ലൈയിങ്ങ് ക്ലബ്ബുകളുടെ മേൽനോട്ടവും അവയ്ക്ക് സഹായദായകം നൽകലും ഈ വകുപ്പിൻെറ കത്തവ്യങ്ങളാകുന്നു.

# അദ്ധ്യായം 23.

## പ്രസിദ്ധീകരണവകുപ്പ്.

ഗവമ്മെണ്ട് പൊതുജനങ്ങൾക്കവേണ്ടി ചെയ്യുന്ന കാൎയ്യങ്ങളെസ്സംബന്ധിച്ച പ്രചാരവേലയാണ് പ്രസിദ്ധീകരണവകുപ്പിൻെറ പ്രധാന ഉദ്ദേശം. യൂനിയനിലും, സ്റ്റേയിററുകളിലും പ്രസിദ്ധീകരണവകുപ്പുകൾ ഉണ്ട്. അഖിലേന്ത്യാ റേഡിയൊ, സിനിമാ-ഫിലിം-നിയന്ത്രണം, വാത്താവിതരണം, വാൎത്താനിയന്ത്രണം, വാൎത്താനിരോധം, ഗവമ്മെണ്ട് പ്രസ്സ്, ഗവമ്മെണ്ട് വക പ്രസിദ്ധീകരണങ്ങൾ എന്നിവയെല്ലാം യൂനിയൻ പ്രസിദ്ധീകരണവകുപ്പിൻെറ കീഴിലാകുന്നു.

ഇന്ത്യാ പ്രസിദ്ധീകരണമന്ത്രിയുടെ കീഴിൽ ഒരു ഡയരക്ടർ ജനറാലാണ് അഖിലേന്ത്യാ റേഡിയോവിൻേറയും പ്രക്ഷേപണങ്ങളുടേയും ഭരണം കൊണ്ടുനടത്തുന്നത്. ഡെൽഹിയുടെ കീഴിൽ 22 ട്രാൻസ്മിററുകളും 16 റേഡിയൊ പ്രക്ഷേപണകേന്ദ്രങ്ങളും ഉണ്ട്. ഓരൊ പ്രക്ഷേപണകേന്ദ്രവും ഓരൊ ഡയരക്ടരുടെ ചുമതലയിലാകുന്നു. അഖിലേന്ത്യാ റേഡിയൊ വകയായി ഇംഗ്ലീഷിൽ 'ഇന്ത്യൻ ലിസനർ' എന്നും ഉർദ്ദുവിൽ 'അവാജ്' എന്നും, ഹിന്തിയിൽ 'സാരങ്ങ്' എന്നും ബങ്കാളിയിൽ 'ബിതർ ജഗത്' എന്നും തമിഴിൽ 'വാനൊലി' എന്നും അഞ്ചു പത്രികകൾ പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

സിനിമാപടങ്ങളെ പരിശോധിച്ച് അവയിൽ സഭ്യമല്ലാത്തതൊ, പൊതുതാല്പൎയ്യങ്ങൾക്ക് യോജിക്കാത്തതൊ ആയ ഭാഗങ്ങളെ വെട്ടിക്കളയുവാൻ അധികാരമുള്ള ഫിലിം-

സെൻസർ-ബോർഡ് എന്ന ഒരു സമിതിയും ഈ വകുപ്പിന്റെ കീഴിൽ ബോംബെയിൽ പ്രവൃത്തിക്കുന്നുണ്ടു്. സെൻസർ-ബോർഡ് പാസ്സാക്കാത്ത യാതൊരു പടവും ഇന്ത്യയിൽ എവിടേയും പ്രദർശിപ്പിച്ചുകൂട.

ആഴ്ചതോറും 'ഗസററ്-ഓഫ്-ഇന്ത്യ' എന്ന ഒരു വാരിക ഈ വകുപ്പിൽനിന്നു് പ്രസിദ്ധപ്പെടുത്തുന്നു. ഗവമ്മെണ്ടു് ഡിപ്പാർട്ടുമെണ്ടുകളിലെ ഭരണവിഷയമായ പ്രസിദ്ധീകരണങ്ങളുടെ ഒരു സമാഹാരമാണു് 'ഗസററ്'. പാർലിമെണ്ടിലെ നടപടികളും, പ്രസംഗങ്ങളും അപ്പപ്പോഴം അച്ചടിച്ചു് പ്രസിദ്ധം ചെയ്യുന്നതും ഈ വകുപ്പിൽനിന്നാകുന്നു. ഗവമ്മെണ്ടു് ചെയ്യുന്ന പ്രധാന പ്രവൃത്തികളേയും ഗവമ്മെണ്ടിന്റെ നയപരിപാടികളെയും വിവരിക്കുന്ന ഇന്ത്യൻ ഇൻഫർമേഷൻ എന്ന ഒരു ആഴ്ചപ്പതിപ്പും ഈ വകുപ്പിൽനിന്നു് പ്രസിദ്ധം ചെയ്യുന്നു.

ഓരൊ സ്റ്റെയിററിലും സ്റ്റെയിററുവകയായ ഓരൊ 'ഗസററ്' ആഴ്ചതോറും പ്രസിദ്ധം ചെയ്യുന്നുണ്ടു്. സ്റ്റെയിററിന്റെ ഭരണവിഷയമായ എല്ലാ വിവരങ്ങളും ഗസററിൽ ഉൾക്കൊള്ളിച്ചിരിക്കും. ആഴ്ചയിലൊരിക്കൽ ഓരെ ജില്ലയിലും അതാതു് ജില്ലയിലെ ഭാഷയിൽ ജില്ലയെ സംബന്ധിക്കുന്ന കാര്യങ്ങളും ഗവമ്മെണ്ടു് കല്പനകളും പ്രസിദ്ധം ചെയ്യുന്ന ജില്ലാഗസററുകളും ഉണ്ടു്. മിക്ക സ്റ്റെയിററുകളും അതാതിന്റെ ഗവമ്മെണ്ടിന്റെ പ്രവൎത്തനങ്ങളെ വിവരിക്കുന്ന 'ഇൻഫർമേഷൻ' വാരികകൾ പ്രസിദ്ധപ്പെടുത്തുന്നതു് ഇപ്പോഴം ഒരു പതിവായിട്ടുണ്ടു്.

# അദ്ധ്യായം 24.

## രാജ്യരക്ഷ.

രാജ്യരക്ഷ സംബന്ധിച്ച നയപരിപാടികളുടേയും ചിലവിൻെറയും സവ്വവിധ ചുമതലകളും വഹിയ്ക്കുന്നതു് യൂനിയൻ ഗവമ്മെണ്ടിലെ രാജ്യരക്ഷാമന്ത്രിയാകുന്നു. അന്യദേശങ്ങളിൽനിന്നു് കടൽവഴിയായൊ കരവഴിയായൊ ആകാശമാൎഗ്ഗമായൊ ഉണ്ടായെക്കാവുന്ന ഏതാക്രമത്തേയും കാൎയ്യക്ഷമമായി തടുത്തുനിൎത്തുവാനും, അന്തർരാഷ്ട്രീയമായി നമുക്കുള്ള അവകാശങ്ങളെ സംരക്ഷിയ്ക്കാനും മതിയായതോതിൽ കര കടൽ ആകാശസേനകളേയും, യുദ്ധസാമഗ്രികളേയും എപ്പോഴും സജ്ജീകരിച്ചു് നിൎത്തിക്കൊണ്ടിരിക്കേണ്ടുന്ന ബാദ്ധ്യതയും രജ്യരക്ഷാ വകുപ്പിന്നുണ്ടു്. കൂടാതെ രാജ്യത്തിന്നുള്ളിൽ അഭ്യന്തരമായ സമാധാനം നിലനിൎത്തുവാൻ സിവിൽ ഭരണകൎത്താക്കളെ സഹായിക്കേണ്ടുന്ന ചുമതലയും, സമുദ്രത്തിൽ സഞ്ചരിക്കുന്ന നമ്മുടെ കച്ചവടക്കപ്പലുകൾക്കും യാത്രക്കപ്പലുകൾക്കും കടൽക്കള്ളന്മാരിൽനിന്നും മററും രക്ഷ നൽകേണ്ടുന്ന ചുമതലയും രാജ്യരക്ഷാവകുപ്പിന്നാണു്.

ഇന്ത്യയിലെ എല്ലാവിധ യുദ്ധസേനകളുടേയും അധീശനായകത്വവും, സവ്വസൈന്യാധിപന്മാരെയും, മററു പ്രധാനപ്പെട്ട പട്ടാള ഉദ്യോഗസ്ഥന്മാരെയും നിശ്ചയിപ്പാനുള്ള അധികാരവും യൂനിയൻ പ്രസിഡെണ്ടിന്നാകുന്നു. സേനയിലെ ഏതംഗവും 'പ്രസിഡെണ്ടു്മുമ്പാകെ രാജ്യത്തോടുള്ള കൂറു് പ്രതിജ്ഞചെയ്യേണ്ടതുണ്ടു്. പ്രസിഡെണ്ടിൻെറ കീഴിൽ കരസൈന്യത്തിന്നും, നാവികപ്പടക്കും, വിമാനസേനയ്ക്കും വെവ്വേറെ സർവ്വസൈന്യാധിപന്മാർ ഉണ്ടു്.

സർവ്വസൈന്യാധിപൻെറ കീഴിൽ (1) ചീഫ്-ഓഫ്-സ്റ്റാഫ് (2) അഡ്ജ്യൂട്ടൻഡ് ജനറൽ (3) കപാർട്ടർ മാസ്റ്റർ ജനറൽ (4) മാസ്റ്റർ ജനറൽ-ഓഫ്-ഓർഡിനാൻസ് എന്നിങ്ങിനെ നാലു് പ്രധാനപ്പെട്ട വകുപ്പദ്ധ്യക്ഷന്മാരും എൻജിനിയറിങ്ങ് ശാഖ, പാട്ടാളസിക്രട്ടെരിശാഖ എന്നിങ്ങിനെയുള്ള ശാഖകളും ഉണ്ടു്. പട്ടാളനയം ഇന്ത്യാരാജ്യരക്ഷയുടെ നിർവ്വഹണപരിപാടിയുടെ ആസൂത്രണം, പട്ടാളപരമായ വിവരണങ്ങളുടെ ശേഖരണം, പട്ടാള ട്രെയിനിങ്ങ്, തന്ത്രസ്ഥാപനങ്ങളുടെ നിർണ്ണയം എന്നിവയെല്ലാം ചീഫ്-ഓഫ്-സ്റ്റാഫിൻെറ ചുമതലയിൽ ആകുന്നു. പട്ടാളങ്ങളുടെ റിക്രൂട്ടിങ്ങ്, സംഘടന, സംരക്ഷണം, സമാധാനകാലങ്ങളിൽ പട്ടാളങ്ങളെ നിർത്തേണ്ടുന്ന രീതി, സൈന്യത്തിലെ അച്ചടക്കം, മാസപ്പടി, ശിക്ഷ, പെൻഷൻ, അന്തർരാഷ്ട്രീയ നിയമങ്ങൾ, സേനാ ത്രൂപീകരണം, പിരിച്ചുവിടൽ എന്നിവയെല്ലാം അഡ്ജ്യൂട്ടൻഡ് ജനറലുടെ ബാദ്ധ്യതയാകുന്നു. സൈന്യത്തിന്നാവശ്യമായ ഭക്ഷണം, ഇന്ധനം മുതലായ സാമഗ്രികളുടെ സപ്ലൈ, പട്ടാളഗതാഗതം, മൃഗചികിത്സ, പടക്കുതിരകൾ മുതലായവയുടെ മേൽനോട്ടം വഹിക്കലാണു് കപാർട്ടർമാസ്റ്റർ ജനറലുടെ കത്തവ്യം. യുദ്ധസാമഗ്രികൾ, യന്ത്രങ്ങൾ, ബോംബുകൾ, സൈന്യാവശ്യമായ വസ്ത്രം മുതലായവയുടെ നിർമ്മാണവും സപ്ലൈയും ആകുന്നു മാസ്റ്റർ-ജനറൽ-ഓഫ്-ഓർഡിനാൻസ് എന്ന ഉദ്യോഗസ്ഥൻെറ ബാദ്ധ്യത.

തന്ത്രപരമായ റയിൽവെകൾ, നിരത്തുകൾ, പാലങ്ങൾ, വിമാനത്താവളങ്ങൾ, ടഞ്ചുകൾ മുതലായവയുടെ നിർമ്മാ

ണവും സംരക്ഷണവും എൻജിനീയറിങ്ങ് ശാഖയുടെ ചുമതലയാകുന്നു. സൈന്യസംബന്ധമായ ആപ്പീസ് ജോലികളുടേയും വരവുചിലവു കണക്കുകളുടേയും ബാദ്ധ്യത പട്ടാളസിക്രട്ടേരിയുടെ ശാഖയും വഹിക്കുന്നു.

സാധാരണകാലങ്ങളിൽ ഇന്ത്യയെ പട്ടാളപരമായി പടിഞ്ഞാറൻ കമാണ്ടു്, കിഴക്കൻ കമാണ്ടു്, തെക്കൻ കമാണ്ടു് എന്നിങ്ങിനെ മൂന്നു കമാണ്ടുകളായി ഭാഗിച്ചിരിക്കും. ഓരൊ കമാണ്ടും ഓരൊ ലഫ്ടണൻ്റ് ജനറലുടെ പദവിയിലുള്ള സൈന്യാധിപൻ്റെ കീഴിലാണു്. ഓരൊ കമാണ്ടിനേയും 'ഏരിയ'കളായും ഏരിയകളെ പട്ടാളഡിസ്ട്രിക്ടുകളായും ഭാഗിച്ചിരിക്കുന്നു. ഓരൊ പട്ടാളഡിസ്ട്രിക്ടിലും തന്ത്രപരമായ സ്ഥാനങ്ങളിലെല്ലാം പട്ടാളത്താവളങ്ങളുണ്ടു്.

യുദ്ധകാലത്തു് പട്ടാളങ്ങളെ സെക്യൂരിററി സൈന്യങ്ങൾ, കവറിങ്ങ് സൈന്യങ്ങൾ, ഫീൽഡ് ആർമി എന്നിങ്ങിനെ മൂന്നായി ഭാഗിക്കും. രാജ്യത്തു് സമാധാനം പരിപാലിക്കുകയാണു് സെക്യൂരിററി സൈന്യങ്ങളുടെ കർത്തവ്യം. പ്രധാന പട്ടാളവിഭാഗത്തിന്നു് ഒരു മറവായി അതിർത്തികളിലേക്കു അയക്കുന്ന മുന്നണിവിഭാഗത്തിന്നാണു കവറിങ്ങ് സൈന്യങ്ങൾ എന്നു പറയുക. യുദ്ധസന്നദ്ധമായ പ്രധാന പട്ടാളത്തിന്നു് ഫീൽഡ് ആർമി എന്നും പറയും. യുദ്ധകാലത്തെ ഉപയോഗത്തിന്നായി ടെറിട്ടോറിയൽ ഫോർസ്, ഓക്സിലറി ഫോർസ് എന്നീ സഹായക സൈന്യങ്ങളേയും ഒരുക്കി നിർത്തുക പതിവാണു്.

# അദ്ധ്യായം 25.

## വിദേശബന്ധം.

നമ്മുടെ രാജ്യവും ലോകത്തിലെ ഇതരരാജ്യങ്ങളും തമ്മിലുള്ള പെരുമാററത്തിൻെറ സ്വഭാവം നിണ്ണയിപ്പാനുള്ള ബാദ്ധ്യത യൂനിയൻ ഗവമ്മെണ്ടിൻെറ വിദേശകായ്യവകുപ്പിന്നാകുന്നു. വിദേശങ്ങളിൽപാക്കുന്ന ഇന്ത്യക്കാരുടെ യോഗക്ഷേമവും ഈ വകുപ്പിൽ കോമൺവെൽത്ത് ബന്ധം ഇന്ത്യയിലുള്ള വിദേശിയരുടെ മേൽനോട്ടവും ഈ വകുപ്പിൻെറ ചുമതലയിലാകുന്നു. സിക്രട്ടറെയ്യിററ് എന്നും, വിദേശ സിക്രട്ടറെയിററ് എന്നും രണ്ടു് വിഭാഗങ്ങൾ ഉണ്ടു്: കോമൺവെൽത്ത് ബന്ധവിഭാഗം ബ്രിട്ടീഷ് കോമൺവെൽത്തിലെ ഇതരരാജ്യങ്ങളുമായുള്ള പെരുമാററത്തിൻെറയും വിദേശവിഭാഗം ലോകത്തിലെ മററു രാജ്യങ്ങളുമായുള്ള പെരുമാററത്തിൻെറയും ചുമതല വഹിക്കുന്നു.

ഇന്ത്യ ബ്രിട്ടീഷ് കോമൺവെൽത്തിലെ ഒരംഗമാകുന്നു. കോമൺവെൽത്തിലെ മററു രാഷ്ട്രങ്ങൾ ബ്രിട്ടൻ, കാനഡ, തെക്കെ ആഫ്രിക്ക, സിലോൺ, ഓസ്റ്റ്രേല്യ, ന്യൂസിലണ്ടു്, പാക്കിസ്ഥാൻ എന്നിവയത്രെ. കോമൺവെൽത്തിലെ തലവൻ എന്നനിലയ്ക്കു് ബ്രിട്ടീഷ്‌രാജാവിനെ ഇന്ത്യ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇന്ത്യയുടെ അഭ്യന്തരമൊ, വൈദേശികമൊ ആയ യാതൊരു കായ്യങ്ങളിലും ബ്രിട്ടീഷ്‌ഗവമ്മെണ്ടിന്നൊ, കോമൺവെൽത്തിലെ മററു രാഷ്ട്രങ്ങൾക്കൊ അധികാരമില്ല. ഇന്ത്യയ്ക്കു് എപ്പോൾ വേണമെങ്കിലും കോമൺവെൽത്തിൽനിന്നു് വിട്ടുപോരികയും ചെയ്യാം. കോമ

ൻർവെൽത്തു് രാജ്യങ്ങൾ പരസ്പരം അയയ്ക്കുന്ന തന്ത്രപ്രതിനിധികൾക്ക് ഹൈക്കമ്മീഷണർമാർ എന്നാണ് സ്ഥാനപ്പേർ.

ലോകത്തിലെ മററു രാജ്യങ്ങളിലേക്ക് നാം അയയ്ക്കുന്ന തന്ത്രപ്രതിനിധികൾക്കും, അവർ ഇങ്ങോട്ടയക്കുന്ന തന്ത്രപ്രതിനിധികൾക്കും 'അമ്പാസിഡർമാർ' എന്നാണ് സ്ഥാനപ്പേർ. അമേരിക്ക, റഷ്യ, ചൈന, യൂഗോസ്ലാവിയ, ഇററലി മുതലായ എല്ലാ പ്രധാന രാജ്യങ്ങളുമായിട്ടും നാം തന്ത്രബന്ധം സ്ഥാപിച്ചിട്ടുണ്ട്. പ്രധാന അമ്പാസിഡർമാരുടെയും ഹൈക്കമ്മീഷണർമാരുടെയും പദവി ഏതാണ്ട് മന്ത്രിമാരുടേതിനോട് തുല്യമാണ്. ഓരൊ അമ്പാസിഡർക്കും സ്ഥാനത്തിന്നനുസരിച്ചു് സിക്രട്ടെരിമാരെയും, അസിസ്റ്റാണ്ടുമാരെയും, രാഷ്ട്രീയ ഉപദേഷ്ടാക്കളേയും, പട്ടാള ഉപദേശകന്മാരെയും നിയമിച്ചുകൊടുക്കും. ഇന്ത്യയിലെ സംഭവഗതികളേയും, ഇന്ത്യാഗവമ്മെണ്ടിൻെറ വീക്ഷണങ്ങളേയും, അപ്പപ്പോൾ വിദേശങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും വിദേശങ്ങളിലെ വീക്ഷണഗതികളേയും സംഭവവികാസങ്ങളേയും ഇന്ത്യാഗവമ്മെണ്ടിനെ അറിയിച്ചുകൊണ്ടിരിക്കയുമാകുന്നു അമ്പാസിഡർമാരുടെയും ഹൈക്കമ്മീഷണർമാരുടെയും പ്രധാന കർത്തവ്യം. വിദേശഗവമ്മേണ്ടുകളുമായി ബന്ധം പുലർത്തുന്നതും കത്തിടപാടുകൾ നടത്തുന്നതും ഈ പ്രതിനിധികൾ മുഖാന്തിരമാകുന്നു.

## ഐക്യരാഷ്ട്രസഭ. (U. N. O)

ലോകത്തിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുവാനും, രാഷ്ട്രങ്ങൾതമ്മിൽ തക്കം ഉത്ഭവിക്കുമ്പോൾ യുദ്ധത്തിന്നു് ഇടവരുത്താതെ മദ്ധ്യസ്ഥം പറഞ്ഞ് കാര്യം കലാ

ശില്പിക്കുവാനും വിവിധരാഷ്ട്രങ്ങളേയും തമ്മിൽ അടുപ്പിച്ച് പരസ്പരവിശ്വാസവും, സാഹോദര്യവും വളർത്തുവാനും ഉള്ള ഉദ്ദേശത്തോടുകൂടി അമേരിക്ക, റഷ്യ, ബ്രിട്ടൻ, ചൈന, ഫ്രാൻസ് എന്നീ അഞ്ച് വൻരാഷ്ട്രങ്ങളുടെ നേതൃത്വത്തിൽ ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിലേയും പ്രതിനിധികൾ ഒത്തുചേർന്ന ഒരു സഭയാകുന്നു ഐക്യരാഷ്ട്രസഭ. ലോകസമാധാനം കാംക്ഷിക്കുന്ന ഏതു രാജ്യത്തിനും ഇതിൽ അംഗമായി ചേരാം. ഏതെങ്കിലും രാജ്യം അന്യരാജ്യത്തെ ആക്രമിക്കുന്നപക്ഷം അക്രമിക്കെതിരായി ഐക്യരാഷ്ട്രസഭയിലെ അംഗങ്ങളെല്ലാം കൂടിച്ചേർന്ന് സംഘടിതനടപടികൾ എടുക്കണമെന്നാണ് സഭയുടെ നിശ്ചയം.

ഐക്യരാഷ്ട്രസഭയുടെ പൊതുയോഗത്തിന്ന് 'ജനറൽ അസംബ്ലി' എന്നു പേർ. ഇപ്പോൾ ഈ സഭയിൽ 60 അംഗരാഷ്ട്രങ്ങളാണ് ഉള്ളത്. ഓരൊ രാജ്യത്തിനും ഓരൊ വോട്ടാണ്. അംഗരാഷ്ട്രങ്ങളുടെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നു. ഗൌരവമേറിയ കാര്യങ്ങളിൽ മൂന്നിൽ രണ്ട്ഭാഗത്തിന്റെ ഭൂരിപക്ഷം വേണം. ഓരൊ രാഷ്ട്രത്തിന്നും അയ്യഞ്ച് പ്രതിനിധികളെ അയക്കാം. ഓരൊ മാസവും ഓരൊ രാഷ്ട്രത്തിന്റെ പ്രതിനിധി ഊഴമിട്ട് സഭയുടെ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാനുള്ള ബാദ്ധ്യതയും അധികാരവും സെക്യൂരിട്ടി കൌൺസിൽ എന്നു പേരായ ഒരു സമിതിക്കാകുന്നു. സെക്യൂരിട്ടി-കൌൺസിലിൽ 11 മെമ്പർമാരാണ് ഉള്ളത്. ചൈന, ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, അമേരിക്ക എന്നീ 5 രാഷ്ട്രങ്ങൾ

ഇതിലെ സ്ഥിരം മെമ്പർമാരും ബാക്കി 6 രാഷ്ട്രങ്ങൾ കൊല്ലം തോറും ജനറൽ അസംബ്ലി തിരഞ്ഞെടുക്കുന്നവരും ആയിരിക്കും. സെക്യൂരിട്ടി കൌൺസിലിൻെറ തീൎപ്പുകളെ അഞ്ച് സ്ഥിരം മെമ്പർമാരിൽ ആൎക്കും റദ്ദുചെയ്യാം. രാഷ്ട്രങ്ങൾ തമ്മിലുള്ള തൎക്കങ്ങളിൽ മദ്ധ്യസ്ഥംവഹിച്ച് കാൎയ്യങ്ങൾ സമാധാനപരമായി തീൎപ്പിക്കുവാനും വേണ്ടിവന്നാൽ നിൎബ്ബന്ധം ഉപയോഗിപ്പാനും സെക്യൂരിട്ടി കൌൺസിലിന്ന് അധികാരമുണ്ട്.

ലോകത്തിൻെറയൊട്ടാകെ സാമ്പത്തികവും സാമൂഹ്യവും, സാംസ്കാരികവും ആയ അഭ്യുന്നതിയെ ലക്ഷ്യമാക്കി പ്രവൃത്തിക്കുവാൻവേണ്ടി ഐക്യരാഷ്ട്രസഭയ്ക്ക് അനേകം ഉപസഭകളും ഉണ്ട്. സൎവ്വരാജ്യക്കോടതി, സർവ്വരാജ്യ സാമ്പത്തിക സാമൂഹ്യകൌൺസിൽ, അടിമരാജ്യ കൌൺസിൽ, ഐക്യരാഷ്ട്ര-കൃഷി-ഭക്ഷണ-സംഘടന, സൎവ്വരാജ്യ തൊഴിൽ സംഘടന, ലോകാരോഗ്യ സംഘടന, സൎവ്വരാജ്യ ബേങ്ക് മുതലായവ ഇത്തരം ഉപസഭകളാകുന്നു.

നമ്മുടെ രാജ്യം ഐക്യരാഷ്ട്ര സഭയിലേയും, സെക്യൂരിട്ടി കൌൺസിലിലേയും, മററ് പ്രധാനപ്പെട്ട എല്ലാ ഉപസഭകളിലേയും, അംഗമാകുന്നു. ഇത്തരം സഭകളിലേയ്ക്ക് നാം അയയ്ക്കുന്ന പ്രതിനിധികൾക്ക് 'ഡെലിഗെററുമാർ' എന്നാണ് സ്ഥാനപ്പേർ. ഡെലിഗെററുമാരുടേയും, അവരുടെ സിക്രട്ടെരിമാർ, ഉപദേശകന്മാർ തുടങ്ങിയ കീഴുദ്യോഗസ്ഥന്മാരുടെയും നിയമനം, നിയന്ത്രണം, അച്ചടക്കം മുതലായവയുടെ ഉത്തരവാദിത്വം വിദേശവകുപ്പിനാകുന്നു.

# അദ്ധ്യായം 26.

## യൂനിയൻ ധനകാര്യം.

ഗവർമ്മെണ്ടിന്റെ ഏററവും പ്രധാനപ്പെട്ട വകുപ്പാകുന്നു ധനകാര്യം. എന്തെന്നാൽ മറേറതു വകുപ്പിന്റെയും പ്രവർത്തനം ധനകാര്യവകുപ്പിനെ ആശ്രയിച്ചാണല്ലൊ ഇരിക്കുന്നതു്. യൂനിയൻ ഗവർമ്മെണ്ടിന്റെ ധനപരമായ സർവ്വ കാര്യങ്ങളുടേയും, ഇന്ത്യയുടെ സാമ്പത്തിക ഭദ്രതയുടേയും ഉത്തരവാദിത്വം ഇന്ത്യാ ധനകാര്യമന്ത്രിക്കാകുന്നു. കേന്ദ്രത്തിലെ വർഷാന്ത ബഡ്ജററ്, വരവു് ചിലവു് എന്നിവയ്ക്കു പുറമെ നാണ്യം, നാണയം, വിദേശവിനിമയം, ബേങ്കുകൾ, ഇൻഷൂറൻസ്, പൊതുക്കടങ്ങൾ മുതലായ ധനപരമായ എല്ലാ കാര്യങ്ങളും യൂനിയൻ ധനകാര്യവകുപ്പിന്റെ മേൽനോട്ടത്തിലാകുന്നു. യൂനിയന്റെ ഒരു കൊല്ലത്തെ വരവുചിലവിന്റെ ഒരേകദേശരൂപം താഴെ കൊടുക്കുന്നു.

### വരവിനങ്ങൾ.

**A. നികുതികൾ:—**

(1) കടൽ ചുങ്കം.

(2) ആദായനികുതി, കമ്പനി നികുതി.

(3) സെൻട്രൽ എക്സൈസ്.

**B. മററു വരവുകൾ:—**

(1) മുദ്രക്കടലാസ്സ് വില്പന.

### ചിലവിനങ്ങൾ.

(1) രാജ്യരക്ഷ.

(2) സിവിൽ ഭരണം.

(3) മരാമത്തു്, ജലസേചനം.

(4) സംസ്ഥാനങ്ങൾക്കു് ഗ്രാണ്ടു്.

(5) ഭരണഘടനപ്രകാരമുള്ള സ്ഥിരം ചിലവിനങ്ങൾ.

(2) റെയിൽവെ അറ്റാദായം.
(3) തപാൽവകുപ്പ് അററാദായം.
(4) റിസർവ് ബേങ്കിൽനിന്ന് ആദായം.
(5) നാണ്യം അച്ചടിക്കുന്നതിൽനിന്നുള്ള മിച്ചം.

നികുതിപിരിവിൻെറ സർവ്വ ബാദ്ധ്യതകളും നികുതിപിരിവ് ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടവും വഹിക്കുവാൻ ധനകാര്യമന്ത്രിയുടെ കീഴിൽ കേന്ദ്ര-റവന്യൂ-ബോർഡ് എന്ന ഒരു സമിതിയുണ്ട്.

**കടൽച്ചുങ്കം:**—വിദേശങ്ങളിക്കേ് കയററുമതി ചെയ്യുകയും, വിദേശങ്ങളിൽനിന്ന് ഇറക്കുകയും ചെയ്യുന്ന വ്യാപാരസാമഗ്രികളിന്മേൽ അതാതിൻെറ വിലയുടെ തോതനുസരിച്ച് ചുമത്തപ്പെടുന്ന നികുതിക്കാണ് കടൽച്ചുങ്കം എന്നു പറയുന്നത്. ഇറക്കുമതികളിന്മേൽ 'നികുതിച്ചുങ്കം' എന്നും 'സംരക്ഷണച്ചുങ്കം' എന്നും രണ്ടുതരം ചുങ്കം ചുമത്താറുണ്ട്. മോട്ടോർകാർ, പട്ട്, സിഗരട്ട് മുതലായ ആഡംബരവസ്തുക്കളിന്മേൽ ചുമത്തുന്ന ചുങ്കത്തിന്ന് നികുതിച്ചുങ്കം എന്നും, തീപ്പെട്ടി, പഞ്ചസാര, വസ്ത്രം മുതലായി ഇവിടെ നിർമ്മിക്കുന്നതരം സാധനങ്ങൾ വിദേശങ്ങളിൽനിന്ന് ഇറക്കുമതിചെയ്യുമ്പോൾ വിലമത്സരംകൊണ്ട് ഇവിടുത്തെ വ്യവസായങ്ങ

ൾക്ക് ഹാനിതട്ടാതിരിപ്പാൻവേണ്ടി ചുമത്തുന്ന ചുങ്കത്തിന്ന് സംരക്ഷണച്ചുങ്കം എന്നും പേർ. ചുങ്കം പിരിവിന്നു് തുറമുഖങ്ങളോടനുബന്ധിച്ച് ചുങ്കം കലക്ടർമാരും, അവരുടെ കീഴിൽ അസിസ്റ്റണ്ടു് കലക്ടർമാരും ചുങ്കം ഇൻസ്പെക്ടർമാരും ഉണ്ടു്.

**ആദായനികുതിയും, കമ്പനിനികുതിയും:**—മാസപ്പടിയായോ, മററുവിധത്തിലൊ കൊല്ലത്തിൽ പണമായി മൂവായിരത്തിലധികം ഉറുപ്പിക വരവുള്ളവക്ക് ഉറുപ്പികയ്ക്കു് ഇത്രപൈ എന്ന തോതിൽ ഒരു നികുതി കെട്ടുന്നു. അത്തരം നികുതിയ്ക്കാണു് ആദായനികുതി എന്നു പറയുന്നതു്. വരവു് വദ്ധിക്കുന്നതിന്നനുസാരമായി നികുതിയുടെ തോതും വദ്ധിക്കും. കച്ചവടക്കമ്പനികളുടെ വാഷികാദായത്തിന്മേൽ ഉറുപ്പികയ്ക്കു് 3ണ വീതം നികുതി ചുമത്തുന്നു. അത്തരം നികുതിക്ക് കമ്പനി നികുതി എന്നു പേർ. ആദായ നികുതിയുടേയും കമ്പനി നികുതിയുടേയും പിരിവിന്റെ ബാദ്ധ്യത ആദായനികുതി ഡിപ്പാട്ടുമെണ്ടിന്നാകുന്നു. കേന്ദ്ര റവന്യൂ-ബോർഡിന്റെ കീഴിൽ ഓരൊ സ്റ്റേയിററിലും ഓരൊ ആദായനികുതി കമ്മീഷണർ ഉണ്ടു്. കമ്മീഷണരുടെ കീഴിൽ സ്റ്റേയിററിനെ മൂന്നൊ നാലൊ ഡിവിഷനായി തിരിച്ചിരിക്കും. ഓരൊ ഡിവിഷനും ഓരൊ അസിസ്റ്റണ്ടു് കമ്മീഷണരുടെ കീഴിലാണു്. ഒരു ഡിവിഷനിൽ ഏഴൊ എട്ടൊ സക്കിളുകൾ അടങ്ങിയിരിക്കും. ഓരൊ സക്കിളിന്നും ഓരൊ ആദായനികുതി ആപ്പീസരും അദ്ദേഹത്തെ സഹായിപ്പാൻ ആദായനികുതി ഇൻസ്പെക്ടർമാരും ഉണ്ടു്. വ്യക്തികളുടേയും, കമ്പനികളുടേയും കണക്കുകൾ പരിശോധിച്ചു് നികുതി ചുമ

ത്തുവാനുള്ള അധികാരം ആദായനികുതി ഓഫീസ്സർക്കാകു ന്നു. ഓഫീസരുടെ തീരുമാനത്തിന്മേൽ അസിസ്റ്റണ്ടു് കമ്മീഷണരുടെ അടുക്കലും അദ്ദേഹത്തിൻെറ വിധിയിന്മേൽ കമ്മീഷണരുടെ അടുക്കലുംഅപ്പീൽ ബോധിപ്പിക്കാം. കമ്മീഷണരുടെ തീരുമാനത്തിന്മേൽ സ്റ്റേയിററിലെ ഹൈക്കോടതിക്ക് റിവിഷൻ അധികാരവും ഉണ്ടു്.

**സെൻട്രൽ എക്സൈസ്:**—പഞ്ചസാര തീപ്പെട്ടി മണ്ണെണ്ണ, പെട്രോൾ, ചായ, കാപ്പി, പുകയില, അടക്ക സസ്യനെയ്യ്, ടയർ മുതലായവയുടെ ഉല്പാദനത്തിന്മേൽ ചുമത്തുന്ന ഡ്യൂട്ടിയ്ക്കാണു് എക്സൈസ് എന്നു പറയുന്നതു്. എക്സൈസ് ചുമത്തുവാനും പിരിക്കുവാനും റവന്യൂബോർഡിൻെറ കീഴിൽ ഓരൊ സ്റ്റേയിററിലും ഓരൊ സെൻട്രൽ-എക്സൈസ്-കമ്മീഷണരും, ഇദ്ദേഹത്തെ സഹായിപ്പാൻ ഡിപ്പ്യൂട്ടി കമ്മീഷണർമാരും, ജില്ലതോറും അസിസ്റ്റണ്ടുമാരും, അവരുടെ കീഴിൽ ഇൻസ്പെക്ടർമാരും ഉണ്ടു്.

**മററു വരവിനങ്ങൾ:**—ആധാരങ്ങളും കരാറുകളു് മററും എഴുതുന്ന മുദ്രക്കടലാസ്സിൻെറ വില കേന്ദ്രഗവമ്മെണ്ടിൻെറ വരവിനമാകുന്നു. മുദ്രക്കടലാസ്സിൻെറ വില്പന അതാതു് ജില്ലയിലെ കലക്ടർ മുഖാന്തിരം സ്റ്റാമ്പ് വേണ്ടർമാരാണു് നടത്തുന്നതു്. വേണ്ടർമാക്ക് ഉറുപ്പികക്ക് ഒരണ കണ്ടു് കമ്മീഷൻ ലഭിക്കുന്നു. തപാൽ കമ്പി വകുപ്പ് ലാഭം ഉദ്ദേശിച്ചല്ല നടത്തുന്നതെങ്കിലും അതിൽനിന്നുണ്ടാകുന്ന അസൽ ലാഭം യൂനിയനിലെ വരവിനമായി കണക്കാക്കുന്നു. റെയിൽവെകളിലെ മൂലധനം മുഴുവനും ഗവമ്മെണ്ടു് മുടക്കിയിട്ടുള്ളതാകകൊണ്ടു് റെയിൽവെ ആദായം ഗവമ്മെണ്ടിലെ

ക്കള്ളതാകുന്നു. റെയിൽവെയ്ക്കു് പ്രത്യേകമാതിതന്നെ ഒരു ബഡ്ജറ്റ് തയ്യാറാക്കാറുണ്ടു്.

**ചിലവിനങ്ങൾ:—** യൂനിയൻ ഗവമ്മെണ്ടിൻെറ പ്രധാന ചിലവിനം രാജ്യരക്ഷയാകുന്നു. ഒട്ടാകെ വരവിൽ ഏതാണ്ടു് പകുതിയോളം ഈ വിഷയത്തിലാണ് ചിലവു്. യൂനിയൻ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, പാർലിമെണ്ടു് സംബന്ധിച്ച ചിലവുകൾ മുതലായവയ്ക്കാണ് സിവിൽ ഭരണച്ചിലവുകൾ എന്നു പറയുന്നതു്. കടൽചുങ്കം, ആദായനികുതി എന്നിവയുടെ ഒരു വിഹിതവും, റോഡ്നിമ്മാണം, ജലസേചന പദ്ധതികൾ, ഭക്ഷണധാന്യ സബ്ബ്സിഡി മുതലായവയ്ക്കു് ഗ്രാണ്ടും സ്റ്റെയിററ് ഗവമ്മെണ്ടുകൾക്ക് കൊടുക്കുന്നു. ഭരണഘടനപ്രകാരം ഏതാനും ഇനങ്ങൾ യൂനിയൻെറ സ്ഥിരം ചിലവുകളായി നീക്കി വെക്കപ്പെട്ടിരിക്കുന്നു. യൂനിയൻ പ്രസിഡെണ്ടിൻെറയും അദ്ദേഹത്തിൻെറ സ്വന്തം ഉദ്ദ്യോഗസ്ഥന്മാരുടെയും ശമ്പളം, കടപ്പലിശ, ഗവണ്ണർമാരുടെയും രാജപ്രമുഖന്മാരുടെയും ശമ്പളം, സുപ്രീംകോടതിയിലെയും, ഹൈക്കോടതികളിലെയും ജഡ്ജിമാരുടെ ശമ്പളവും പെൻഷനും എന്നിവയാകുന്നു അത്തരം സ്ഥിരം ചിലവുകൾ. ഈ ചിലവുകളിന്മേൽ പാർലിമെണ്ടിന്നൊ ധനകാര്യ്യവകുപ്പിന്നൊ യാതൊരധികാരവുമില്ല. ഇവയെസ്സംബന്ധിച്ച ഒപ്പധികാരം പ്രസിഡെണ്ടിന്നു മാത്രമെയുള്ളു.

**ഓഡിററ്:—** വരവുചിലവുകണക്കുകൾ പരിശോധിക്കുവാനും, പരിശോധിപ്പിക്കുവാനും, കണക്കുവെക്കേണ്ടുന്ന സമ്പ്രദായങ്ങൾ നിർദ്ദേശിക്കുവാനും, കണക്കു പരിശോധിച്ച് നിർഭയവും സ്വാതന്ത്ര്യവും ആയ അഭിപ്രായം രേഖപ്പെടുത്തു

വാനും അധികാരമുള്ള 'ഓഡിററർ-ജനറൽ' എന്ന ഒരു ഉയന്ന ഉദ്യോഗസ്ഥനുണ്ടു്. ഇദ്ദേഹത്തിന്നു് ഒരു ഹൈക്കോട്ടു ജഡ്ജിയുടെ പദവിയുണ്ടു്. ഇദ്ദേഹത്തെ നിശ്ചയിക്കുന്നതു് പ്രസിഡെണ്ടാണെങ്കിലും, പിരിക്കുവാൻ പാർലിമെണ്ടിന്റെ അനുമതിവേണം. തന്റെ കീഴുദ്യോഗസ്ഥന്മാരെ തിരഞ്ഞെടുപ്പാനുള്ള അധികാരവും ഇദ്ദേഹത്തിന്നുണ്ടു്. ഇദ്ദേഹം പരിശോധിച്ചു് പാസ്സാക്കാത്ത യാതൊരു ചിലവും രാഷ്ട്രത്തിന്നു് ബാധകമല്ല. അങ്ങിനെ പൊതുജനങ്ങളുടെ പണം ചിലവുചെയ്യുന്ന വിഷയത്തിൽ സവ്വസ്വാതന്ത്ര്യമായ കണക്കു പരിശോധനയ്ക്കും ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

# അദ്ധ്യായം 27.

## സ്റ്റേയിററ് ധനകാര്യം.

സ്റ്റെയിററുകളിലെ ധനകാര്യം അതാതു് സ്റ്റെയിററിലെ ധനകാര്യമന്ത്രിയുടെ ചുമതലയിലാകുന്നു. ഭൂനികുതി, കൃഷിഭൂമികൾ, വിളവുകൾ മുതലായവയുടെ ഭരണത്തിന്നു വലിയ സ്റ്റെയിററുകളിൽ റവന്യൂ മന്ത്രിമാരും ഉണ്ടായിരിക്കും. സ്റ്റെയിററുകളിലെ പ്രധാന വരവുചിലവിനങ്ങൾ താഴെ പറയുന്നവയാകുന്നു.

| വരവിനങ്ങൾ. | ചിലവിനങ്ങൾ. |
|---|---|
| **A. നികുതികൾ:—** | 1. പൊതുഭരണം. |
| 1. നിലനികുതി. | 2. പോലീസ്. |
| 2. വില്പന നികുതി. | 3. കോടതികൾ. |
| 3. വിനോദനികുതി. | 4. ജയിൽ. |
| 4. മോട്ടോർവാഹന നികുതി. | 5. വിദ്യാഭ്യാസം. |
| 5 തൊഴിൽ നികുതി. | 6. വൈദ്യസഹായം |
| 6. ജലനികുതി. | 7. പൊതുജനാരോഗ്യം. |
| **B. മററു വരവിനങ്ങൾ:** | 8. കൃഷി-മൃഗവൈദ്യം. |
| 1. കോടതിമുദ്രകൾ. | 9. വ്യവസായപോഷണം. |
| 2. റവന്യൂമുദ്രകൾ. | 10. പൊതുമരാമത്ത്. |
| 3. റജിസ്ട്രേഷൻ. | 11. ജലസേചനം. |
| 4. വനവിഭവങ്ങൾ. | 12. മദ്യനിരോധം. |
| 5. യൂനിയൻ ഗവമ്മെണ്ടിൽനിന്നുള്ള സഹായദായകം. | 13. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സഹായദായകം. |

നികുതിപിരിവിൻെറയും നികുതിവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെയും മേൽനോട്ടം വഹിക്കുവാൻ ഓരോ സ്റ്റേയിററിലും ഓരോ സംസ്ഥാന-റവന്യൂബോർഡ് ഉണ്ട്.

**നിലനികുതി:**—നിലനികുതിപിരിവിൻെറ ഉത്തരവാദിത്വം ഓരോ ജില്ലയിലെയും കലക്ടർമാക്കാകുന്നു. കലക്ടരെ സഹായിപ്പാൻ ഓരോ സബ്ബ്ഡിവിഷനും ഓരോ സബ്ബ്കലക്ടരും, താലൂക്ക്തോറും തഹസിൽദാർമാരും, താലൂക്കിലെ ഓരോ ഫക്കക്കും ഓരോ റവന്യൂഇൻസ്പെക്ടരും,

അംശംതോറും അധികാരിമാരും ഉണ്ടു്. നിലം അളന്നു് സർവ്വേചെയ്തു്, തരംതിരിച്ചു് നികുതി നിജപ്പെടുത്തുവാൻ ഓരോ ജില്ലയിലും കലക്ടരുടെ കീഴിൽ ഒരു ഡിസ്ട്രിക്ട് സർവ്വേയരും, ഒരു ലാൻഡ് റിക്കാർഡ് തഹസിൽദാരും, താലൂക്ക്തോറും ഓരോ താലൂക്ക് സർവ്വേയറും, അംശങ്ങളിൽ അംശം മേനോൻമാരും ഉണ്ടു്.

വില്പനനികുതി, വിനോദനികുതി, മോട്ടോർവാഹന നികുതി എന്നിവയുടെ പിരിവിന്നു് കലക്ടരുടെ കീഴിൽ രണ്ടോ മൂന്നോ കമേഷ്യൽ ടാക്സ് ഓഫീസർമാരും, അവരുടെ കീഴിൽ താലൂക്ക്തോറും ഒന്നോ രണ്ടോ അസിസ്റ്റണ്ടു് കമേർഷ്യൽ ടാക്സ് ഓഫീസർമാരും ഉണ്ടു്. കച്ചവടക്കാരുടെയും മററും കണക്കുകൾ പരിശോധിച്ചു് നികുതി തിട്ടപ്പെടുത്തുവാനുള്ള അധികാരം ഈ ഉദ്യോഗസ്ഥന്മാൎക്കാകുന്നു.

ജലസേചനംകൊണ്ടു് ഗുണം ലഭിക്കുന്ന ഭൂമികൾക്കു് പ്രത്യേകം ചുമത്തപ്പെടുന്ന നികുതിയാകുന്നു ജലനികുതി. ഇതു് നിലനികുതിയുടെ ഒന്നിച്ചു് പിരിച്ചെടുക്കപ്പെടുന്നു.

തൊഴിൽനികുതി, ഭക്ഷണശാലാ ലൈസൻസ്ഫീസ്സ് കള്ളാപ്പ് ലൈസൻസ്ഫീസ് മുതലായവ പിരിക്കുന്നതു് തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള ടാക്സ്കലക്ടർമാരാകുന്നു.

**രജിസ്ട്രേഷൻഫീസ്സ്:**—ആധാരങ്ങളും, കരാറുകളും മററു് പലവിധം രേഖകളും രജിസ്ട്രർചെയ്തു് തരുവാനും, രജിസ്ട്രർ ചെയ്യപ്പെട്ട രേഖകളുടെ പകപ്പു് എടുത്തുതരുവാനും നാം ഗവമ്മേണ്ടിലേക്കു് അടക്കുന്ന ഫീസ്സിന്നു് രജിസ്ട്രേഷൻഫീസ് എന്നു പറയും. രജിസ്ട്രേഷൻ വകുപ്പിന്റെ സംസ്ഥാനാദ്ധ്യ

ക്ഷന്നു് റജിസ്ട്രേഷൻ-ഇൻസ്പെക്ടർ-ജനറൽ എന്നാണു് സ്ഥാനപ്പേർ. ഇദ്ദേഹത്തിൻെറ കീഴിൽ സംസ്ഥാനത്തെ അനേകം റജിസ്ട്രേഷൻ ഡിസ്ട്രിക്ട്കളായും, ഡിസ്ട്രിക്ട്കളെ സബ്ബ് ഡിസ്ട്രിക്ട്കളായും തിരിച്ചിരിക്കുന്നു. ഒരു സബ്ബ് ഡിസ്ട്രിക്ടിൽ ഏതാണ്ടു് ഇരുപതുമുതൽ മുപ്പതുവരെ വില്ലേജുകൾ അടങ്ങിയിരിക്കും. ഓരോ ഡിസ്ട്രിക്ടിന്നും ഓരോ ഡിസ്ട്രിക്ട് റജിസ്ട്രാപ്പീസും അതിൻെറ ചുമതല വഹിപ്പാൻ ഓരോ ഡിസ്ട്രിക്ട് റജിസ്ട്രാറും, അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ ഓരോ സബ്ബ് ഡിസ്ട്രിക്ടിലും ഓരോ സബ്ബ് റജിസ്ട്രാപ്പീസും, സബ്ബ് റജിസ്ട്രാറും ഉണ്ടു്.

**വനംവകുപ്പ്:**—സംസ്ഥാനഗവൎമ്മെണ്ടുകൾക്കു് ധാരാളം വരുമാനമുണ്ടാകുന്ന ഒരു വകുപ്പാകുന്നു ഇതു്. ഇന്ത്യയിലെ വനങ്ങളിൽ മുക്കാലോഹരിയും ഗവൎമ്മെണ്ടു് വനങ്ങളാകുന്നു. വൎഷം ശരിയായി ഉണ്ടാകുവാനും, മണ്ണരിച്ചുപോകുന്നതു് തടയുവാനും വനങ്ങൾ ഉണ്ടാകുന്നതു് അത്യാവശ്യമത്രെ. വനംവകുപ്പിൻെറ കൎത്തവ്യങ്ങൾ വനസംരക്ഷണവും, കാടുകൾവെട്ടി ഒഴിയുന്ന സ്ഥലങ്ങളിൽ പുതുതായി തൈകൾ വെച്ചുപിടിപ്പിക്കലും, വനവിഭവങ്ങളായ മരം, മുള, അരക്കു്, തേൻ, മെഴു, വിറകു് മുതലായവയെ ശേഖരിച്ചു് വില്പിക്കലും ആകുന്നു. വനം വകുപ്പിൻെറ സംസ്ഥാനാദ്ധ്യക്ഷന്നു് വനം-ചീഫ്-കൺസർവെററർ എന്നാണു് പേർ. ഇദ്ദേഹത്തിൻെറ കീഴിൽ സ്റ്റെയിററിലെ ഓരോ വനംപ്രദേശത്തിന്നും ഓരോ അസിസ്റ്റണ്ടു് കൺസർവെററർ ഉണ്ടു്. ഒരു വനംപ്രദേശത്തെ രണ്ടോ മൂന്നോ ഡിസ്ട്രിക്ട്കളായി തിരിച്ചിരിക്കും. ഓരോ ഡിസ്ട്രിക്ടിനും ഓരോ ഡിസ്ട്രിക്ട്-

ഫോറസ്റ്റ്-ഓഫീസറുടെ കീഴിലാകുന്നു. ഒരു ഡിസ്ത്രിക്റ്റിൽ രണ്ടോ മൂന്നോ റെയിഞ്ചുകൾ അടങ്ങിയിരിക്കും. ഓരോ റെയിഞ്ചിന്റെയും ചാർജ്ജ് വഹിപ്പാൻ ഓരോ വനം റെയിഞ്ചർ ഉണ്ട്. റെയിഞ്ചറുടെ കീഴിൽ ഫോറസ്റ്റർമാരും, അവരുടെ കീഴിൽ വനം കാവലിന്ന് ഗാർഡുമാരും, അവരുടെ കീഴിൽ വാച്ചർമാരും ഉണ്ട്. ഇന്ത്യയൊട്ടാകെയുള്ള വനം വകുപ്പുകളുടെ മേൽനോട്ടം വഹിക്കുവാൻ യൂനിയൻ ഗവൎമ്മേണ്ടിന്റെ കീഴിൽ ഒരു വനം-ഇൻസ്പെക്ടർ ജനറലും, ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ഡറാഡൂൺ എന്ന സ്ഥലത്ത് ഒരു വനം-ഗവേഷണശാലയും, വനം-കോളേജും ഉണ്ട്.

സംസ്ഥാനഗവൎമ്മേണ്ടുകളുടെ പ്രധാന ചിലവിനങ്ങൾ പൊതുഭരണം, പോലീസ്, എന്നിവയാകുന്നു. വരവുചിലവുകണക്കുകളുടെ പരമാധികാരം വഹിക്കുവാൻ ഓരൊ സംസ്ഥാനത്തിലും എക്കൌണ്ടന്റ് ജനറൽ എന്ന ഒരു വിദഗ്ദ്ധഉദ്യോഗസ്ഥനും, ഇദ്ദേഹത്തെ സഹായിപ്പാൻ ഡിപ്യൂട്ടിമാരും, എക്കൌണ്ടന്റ്മാരും ഉണ്ടായിരിക്കും.

**ഖജാനകൾ:**—ഗവൎമ്മേണ്ടിലെക്കുള്ള അടവുകൾ സ്വീകരിക്കുകയും, ഗവൎമ്മേണ്ട് കല്പനയനുസരിച്ച് പണം പുറമെക്ക് കൊടുക്കുകയും ചെയ്യാനുള്ള സ്ഥാപനത്തിന്ന് ഖജാന എന്നു പേർ. ഓരൊ താലൂക്കിന്റെ തലസ്ഥാനത്തും താസിൽദാരുടെ കീഴിൽ ഓരൊ ഉപഖജാനഉണ്ട്. ജില്ലയിലെ ഖജാനകളുടെ മേൽനോട്ടം കലക്ടർക്കാകുന്നു. ഈ വിഷയത്തിൽ കലക്ടരെ സഹായിപ്പാൻ ജില്ലാ തലസ്ഥാനത്ത് ഓരൊ ഖജാനഡിപ്യൂട്ടികലക്ടരും ഉണ്ട്. ജില്ലകളുടെ

യും, സ്റ്റെയിററുകളുടെയും തലസ്ഥാനങ്ങളിൽ ഗവൺമെണ്ടു വക പണമിടവാടുകൾ നടത്തുന്നതു് റിസർവ് ബേങ്ക് മുഖാന്തിരമൊ, റിസർവ് ബേങ്കിൻെറ ശാഖകൾ ഇല്ലാത്തിടങ്ങളിൽ ഇമ്പീരിയൽബേങ്ക് ശാഖകൾ മുഖാന്തിരമൊ ആകുന്നു.

**കണക്കു് പരിശോധന:**—സ്റ്റെയിററ് ഗവൺമെണ്ടുകളുടെ കണക്ക് പരിശോധിക്കുകയൊ പരിശോധിപ്പിക്കുകയൊ ചെയ്തു് സ്വതന്ത്രമായ അഭിപ്രായം രേഖപ്പെടുത്തുവാൻ അധികാരമുള്ള ഓഡിററർ-ഇൻ-ചീഫ് എന്ന ഒരു ഉയൎന്ന കണക്കുവിദഗ്ദ്ധനെ ഗവൎണ്ണർ നിശ്ചയിക്കുന്നു. സ്റ്റെയിററ് ഗവൺമെണ്ടിൻെറ ഏതു് വരവുചിലവുകളും ഇദ്ദേഹത്തിൻെറ നിഷ്കൃഷ്ടമായ പരിശോധനയ്ക്കും സൎവ്വസ്വതന്ത്രമായ അഭിപ്രായത്തിന്നും വിധേയമാണു്.

# അദ്ധ്യായം 28.

## ഇന്ത്യയിലെ ബേങ്കുകൾ.

**റിസർവ് ബേങ്ക്:**—ഗവൺമെണ്ടു് വകയായ എല്ലാ എടവാടുകളും നടത്തുന്നതും, ഗവൺമെണ്ടുവക സ്വൎണ്ണം സൂക്ഷിക്കുന്നതും ആയ ബേങ്കാകുന്നു റിസർവ് ബേങ്ക്. നാട്ടിലെ എല്ലാ ബേങ്കുകളുടെയും ബേങ്കായി വൎത്തിക്കുവാനുള്ള അധികാരവും റിസർവ് ബേങ്കിന്നാണു്. നോട്ടുകൾ അടിക്കുവാനും, ഇന്ത്യയിലെ നാണയക്കാൎയ്യങ്ങൾ കൊണ്ടുനടത്തുവാനുമുള്ള അധികാരവും അതിന്നുണ്ടു്. ഇന്ത്യയുടെ സാമ്പത്തികഭദ്രതയെസ്സംബന്ധിച്ചു് ആവശ്യമായ നടപടികൾ എടുപ്പാ

ന്നുള്ള ബാദ്ധ്യതയും റിസർവ് ബേങ്കിന്നുണ്ട്. റിസർവ് ബേങ്കിൻെറ ഓഹരിക്കാർ പൊതുജനങ്ങളാണെങ്കിലും ബേങ്കിൻെറ ഗവർണ്ണരെയും, ഡിപ്പ്യൂട്ടി ഗവർണ്ണരെയും, നാല് ഡയരക്ടർമാരെയും യൂനിയൻ പ്രസിഡെണ്ടാണ് നിശ്ചയിക്കുന്നതു്. ബാക്കി എട്ട് ഡയരക്ടർമാരെ ഓഹരിക്കാർ തിരഞ്ഞെടുക്കുന്നു.

ബേങ്കിൻെറ തലസ്ഥാനം ഡൽഹിയാണ്. മദിരാശി, ബോംബെ, കൽക്കത്ത എന്നിവിടങ്ങളിൽ ശാഖകളും ഉണ്ട്. മററ് പ്രധാന പട്ടണങ്ങളിലും, ജില്ലാ തലസ്ഥാനങ്ങളിലും ഇതിൻെറ ഏജൻറായി ഇംപീരിയൽ ബേങ്കിനെ അധികാരപ്പെടുത്തിയിരിക്കുന്നു.

**ഷെഡ്യൂൾഡ് ബേങ്കുകൾ:**—ഓഹരിക്കാരുടെ റജിസ്റ്റർ ചെയ്ത ബേങ്കുകൾക്ക് ഷെഡ്യൂൾഡ് ബേങ്കുകൾ എന്നുപേർ. ഇത്തരം ബേങ്കുകൾക്ക് അവയുടെ മൂലധനത്തിൻെറയും കരുതൽ ധനത്തിൻെറയും ഉറപ്പിന്മേൽ റിസർവ് ബേങ്കിൽനിന്ന് ഒരു നിശ്ചിതസംഖ്യവരെ കടം അനുവദിക്കും. ഷെഡ്യൂൾഡ് ബേങ്കുകളിൽവെച്ച് ഏററവും വലിയതു് ഇന്ത്യാ-ഇംപീരിയൽ ബേങ്കാകുന്നു. വ്യാപാര-വ്യവസായങ്ങൾക്ക് ധനസഹായം നൽകലാണ് ബേങ്കുകളുടെ കർത്തവ്യം.

**എക്സ്ചെയിഞ്ച്-ബേങ്കുകൾ:**—വിദേശവ്യാപാരത്തിന്നും വിദേശങ്ങളിൽനിന്ന് സാധനങ്ങൾ ഇറക്കുമതി ചെയ്യുന്ന വ്യാപാരസ്ഥാപനങ്ങൾക്കും ധനസഹായം നൽകലാണ് എക്സ്ചെയിഞ്ച് ബേങ്കുകളുടെ ഉദ്ദേശം. ഇന്ത്യ

യിലെ പ്രധാനപ്പെട്ട എക്സ്ചെയിഞ്ച് ബേങ്കുകൾ എല്ലാം തന്നെ യൂറോപ്യൻ മേൽനോട്ടത്തിലാണു്.

**സേവിങ്ങ്സ് ബേങ്കുകൾ:**—ഇന്ത്യാ ഗവമ്മെണ്ടിനെ ഒട്ടാകെ ഒരു വലിയ ബേങ്കറായി കണക്കാക്കാം. അതു് പോസ്റ്റാപ്പീസ് സേവിങ്ങ്സ് ബേങ്മുഖാന്തിരം ഡിപ്പോസിററുകൾ സ്വീകരിക്കുകയും ഒരു ചെറിയ പലിശ കൊടുക്കുകയും ചെയ്യുന്നു. കൃഷിക്കാക്ക് ചുരുക്കം പലിശക്ക് തക്കാവി കടങ്ങൾ കൊടുക്കുകയും ചെയ്യുന്നു.

**പരസ്പര സഹായസംഘങ്ങൾ:**—പരസ്പര സഹായസംഘങ്ങൾ ഒരുതരം ബേങ്കുകളാകുന്നു. അവ മെമ്പർമാരുടെ വക്കൽനിന്നു് ഡിപ്പോസിററുകൾ സ്വീകരിക്കയും മെമ്പർമാക്കു് കടം അനുവദിക്കുകയും ചെയ്യുന്നു. സാധാരണ ബേങ്കുകളും പരസ്പരസഹായസംഘങ്ങളുമായുള്ള വ്യത്യാസം, സംഘങ്ങൾ അതിൻെറ ഓഹരിക്കാക്കു് മാത്രമെ കടം അനുവദിക്കുകയുള്ളു എന്നുള്ളതു് മാത്രമാണു്. ചില സംസ്ഥാനങ്ങളിൽ പരസ്പരസഹായസംഘങ്ങൾക്കു് വില്ലേജ് ബേങ്കുകൾ എന്നും പേരുണ്ടു്. കൃഷിയാവശ്യങ്ങൾക്കൊ, ഗ്രാമവ്യവസായങ്ങൾക്കൊ, ഇടത്തരക്കാക്കൊ ചുരുക്കം പലിശക്കു് ആൾജാമ്യത്തിന്മേൽ കടം കിട്ടാറാക്കുകയാണു് പരസ്പരസഹായത്തിൻെറ ഉദ്ദേശ്യം. ഒരു ജില്ലയിലെ എല്ലാ പരസ്പരസഹായസംഘങ്ങൾക്കും ധനസഹായം ചെയ്യാൻ ജില്ലാതലസ്ഥാനത്തു് ഒരു കേന്ദ്ര—പരസ്പര-സഹായ ബേങ്കു് ഉണ്ടായിരിക്കും. ഈ കേന്ദ്രബേങ്കിന്നു് സെൻട്രൽ

ബേങ്ക് എന്നുപേർ. ജില്ലയിലെ ഓരൊ സംഘവും സെൻട്രൽബേങ്കിലെ ഓഹരിക്കാരായിരിക്കും. ഒരു സ്റ്റെയിററിലെ എല്ലാ സെൻട്രൽ ബേങ്കുകളുടെയും ബേങ്കായി സ്റ്റെയിററ് തലസ്ഥാനത്ത് ഒരു എപ്പെക്സ്ബേങ്കും ഉണ്ടായിരിക്കും. പൊതുജനങ്ങളുടെ ധനനിക്ഷേപവും റിസർവ്ബേങ്കിൽ നിന്ന് അനുവദിക്കപ്പെടുന്ന കടവും ആണ് എപ്പെക്സ് ബേങ്കിൻെറ പ്രവൎത്തനമൂലധനം.

പരസ്പരസഹായത്തിൻെറ മേൽനോട്ടം വഹിക്കുവാൻ ഓരൊ സ്റ്റെയിററിലും ഒരു കോ-ഓപ്പറേററീവ്-ഡിപ്പാൎട്ട്മെണ്ട് ഉണ്ട്. ഈ ഡിപ്പാൎട്ട്മെണ്ടിൻെറ സംസ്ഥാനാദ്ധ്യക്ഷന്ന് പരസ്പരസഹായറജിസ്ത്രാർ എന്നാണ് പേർ. ഇദ്ദേഹത്തിൻെറ കീഴിൽ ഓരൊ ജില്ലക്കും ഓരൊ ഡിപ്യൂട്ടി റജിസ്ത്രാർ ഉണ്ട്. ഡിപ്യൂട്ടി റജിസ്ത്രാറുടെ പ്രധാന കൎത്തവ്യങ്ങൾ. (1) സംഘങ്ങളെയും അവയുടെ കരടുനിയമങ്ങളെയും റജിസ്റ്റർചെയ്യുക. (2) കൊല്ലത്തിൽ ഒന്നൊ രണ്ടൊ തവണ സെൻട്രൽ ബേങ്കിൻെറയും മറെറല്ലാ സംഘങ്ങളുടെയും കണക്കുകൾ പരിശോധിക്കുകയൊ പരിശോധിപ്പിക്കുകയൊചെയ്ത് വേണ്ടപ്പെട്ട നിൎദ്ദേശങ്ങൾ കൊടുക്കുക. (3) സംഘംവക കേസുകളെ ഒരു മദ്ധ്യസ്ഥകോടതിയായി വിചാരണചെയ്ത് വിധികല്പിക്കുക. (4) സംഘങ്ങളിലേക്കും, സെൻട്രൽ ബേങ്കിലേക്കും കിട്ടുവാനുള്ള കടങ്ങളെ പിരിപ്പിച്ച് കൊടുക്കുക (5) പൊളിഞ്ഞ സംഘങ്ങളെ പിരിച്ചുവിടുക എന്നിവയാകുന്നു. ഡിപ്യൂട്ടി റജിസ്ത്രാരെ സഹായിപ്പാൻ ഒന്നോ രണ്ടോ പരസ്പരസഹായസബ്ബ്റജിസ്ത്രാർമാ

രും, കണക്കുപരിശോധനയ്ക്ക് രണ്ടോ മൂന്നോ സീനിയർ ഇൻസ്പെക്ടർമാരും, അവരുടെ കീഴിൽ താലൂക്ക്തോറും ഒന്നോ രണ്ടോ ഓഡിററിങ്ങ് ഇൻസ്പെക്ടർമാരും ഉണ്ടായിരിക്കും. പരസ്പരസഹായസംഘംവക കണക്കുപരിശോധനയും സംഘങ്ങളുടെ മേൽനോട്ടവും പരിശീലിപ്പിക്കുവാൻ ഡിപ്പാർട്ട്മെണ്ട് വകയായി കോ-ഓപ്പറേററീവ്-ട്രെയിനിങ്ങ് സ്ഥാപനങ്ങളും നടത്തപ്പെടുന്നുണ്ട്.

ശുഭം

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 340 Acc. No. 4507

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

340 4507

തുഞ്ചൻ കുട്ടിനായർ. പി. എം

ഉത്ത്രാഭരണം

KOTTAYAM PUBLIC LIBRARY

Call No. 340 Acc. No. 4507

Author കുഞ്ഞൻകുട്ടിനായർ. പി. ഒ

Title ഉദാഹരണം